# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 | ലക്കം - 6 | ഇടവം - 1191 | ജൂൺ 2016



## എറണാകുളം കരയോഗം
## 91-ാമത് വാർഷിക പൊതുയോഗം
## 26. 06. 2016




സേവനം ജീവിത സാഫല്യം

1191 ഇടവം

വാല്യം 9 ലക്കം 6 ജൂൺ 2016

**ഉള്ളടക്കം**

എഡിറ്റോറിയൽ ........................................................ 3
ജനറൽ സെക്രട്ടറിയുടെ പംക്തി ........................... 5
രാഗപരിചയം (ആഹരി) ........................................... 7
വാസ്തു ......................................................................... 8
ബാലലോകം ................................................................ 9
മയന്മാരും മിടുക്കൻമാരും ................................... 10
വദതു സംസ്കൃതം .................................................. 12
രാഗാർദ്രം ................................................................... 13
ആത്മദർശനം ............................................................. 14
ഉണ്ണിഗണപതി നൽകിയ രാമനാട്ടം ...................... 15
ശ്രീകൃഷ്ണൻ യഥാർത്ഥ ഗുരു ............................. 19
ന്യുമോണിയ ............................................................... 22
ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും ...................... 23
കടന്നുപോയ ഒരു ആകാശ വിശേഷം ............... 24
സാഫല്യം ................................................................... 27
ദേവഭൂവിലേക്കൊരു തീർത്ഥയാത്ര ..................... 28
സ്മൃതിപഥങ്ങളിൽ....... ............................................ 33
മരുന്നില്ലാത്ത രോഗം ............................................. 37
ശൂന്യാകാശവും മനുഷ്യനും.................................. 39
വീണ്ടും ചില കൊളസ്ട്രോൾ വിശേഷങ്ങൾ ....... 45
ഭാരതീയാചാര്യ വൈകല്യം ................................. 49
യോഗദിന ചിന്തകൾ ............................................... 52
മാസഫലം .................................................................... 55
മാട്രിമോണിയൽ ............................................... 56–66

**പത്രാധിപസമിതി**

കെ. പി. കൃഷ്ണമേനോൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ(വേണു)

കെ. ടി. മോഹനൻ

ഏ. മുരളീധരൻ

കെ. പ്രസന്നകുമാർ





(എഡിറ്റോറിയൽ)

# ജനവിധി 2016

തിരഞ്ഞെടുപ്പു കഴിഞ്ഞിരിക്കുന്നു. വ്യക്തമായ ഭൂരിപക്ഷത്തോടെയാണ് കേരളജനത ഒരു സർക്കാരിനെ അധികാരത്തിലേറ്റിയിരിക്കുന്നത്. ആകെയുള്ള 140 സിറ്റുകളിൽ 91 ഉം നേടാൻ എൽ.ഡി. എഫ് നു കഴിഞ്ഞു. യു.ഡി. എഫ് ന് 47 സീറ്റു കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. തുടക്കമെന്ന നിലയിൽ ബി.ജെ.പി. കേരളനിയമ സഭയിൽ പ്രവേശിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. എൽ.ഡി. എഫ് ന് ലഭിച്ച ഈ വൻവിജയം എൽ. ഡി. എഫ് അനുകൂല വോട്ടുകൊണ്ടല്ല, മറിച്ച് യു.ഡി. എഫ് വിരുദ്ധ വോട്ടുകൊണ്ടാണ്, അഴിമതി വിരുദ്ധവികാര പ്രതിഫലനമാണ്. അധികാര കസേരയിലേറിയാൽ പിന്നെ ജനങ്ങളെ മറന്ന് സ്വജന പക്ഷപാതം നടത്തിയാൽ, വർഗ്ഗീയ പ്രീണനം നടത്തിയാൽ, അഴിമതി നടത്തുകയും അതിന് കൂട്ട് നില്ക്കുകയും ചെയ്താൽ, ഭരണതലത്തിൽ കാര്യക്ഷമത നിലനിർത്താതിരുന്നാൽ അങ്ങനെ അങ്ങനെ ജനഹിതത്തെ മാനിക്കാതിരുന്നാൽ ഉണ്ടാകുന്ന സ്വഭാവികപതനമാണ് യു.ഡി.എഫ് നുണ്ടായത്. ജനം വളരെയേറെ പ്രതീക്ഷയോടെ അധികാരത്തിലേറ്റിയിരിക്കുന്ന

എൽ.ഡി.എഫ് സർക്കാർ മുമ്പോട്ടു വെയ്ക്കുന്ന ഓരോ ചുവടുകളും അതിസൂക്ഷ്മതയോടെ, കരുതലോടെയായിരിക്കണം. തങ്ങൾക്ക് ലഭിച്ച വലിയ ഭൂരിപക്ഷത്തിൽ അഹങ്കരിക്കാതെ അതിനെ ഉത്തരവാദിത്വമായി കാണണം. അഹങ്കാരവും, അക്രമരാഷ്ട്രീയവും, സെൽഭരണവും സർക്കാർ പ്രവർത്തനങ്ങൾക്ക് മങ്ങലേല്പിക്കുവാൻ ഇടവരുത്താതിരുന്നാൽ അത്രയും നല്ലത്.

ഇനിയും ഇപ്രാവിശ്യത്തെ വോട്ടിങ് നിലവാരം ഒന്ന് പരിശോധിച്ചാൽ ചിലയിടങ്ങളിലെങ്കിലും നടന്നിട്ടുള്ള വർഗ്ഗീയമായ ചേരിതിരിവുകൾ വ്യക്തമായി കാണാൻ കഴിയും. അഴിമതിയിൽ മുങ്ങി കുളിച്ചവർ, അപഥ സഞ്ചാരികൾ, വിശ്വാസവഞ്ചകർ, വർഗ്ഗീയ വാദികൾ തുടങ്ങി പൊതുസമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെടേണ്ടവരെന്ന് നാം വിശ്വസിക്കുന്ന ചിലരെങ്കിലും ഉണ്ട് ജയിച്ചകൂട്ടത്തിൽ. എങ്ങനെ? സാമുദായിക പിന്തുണ ഉണ്ടെങ്കിൽ, എന്തെല്ലാം കുറവുകളും, പോരായ്മകളും ഉണ്ടെങ്കിലും ജയിച്ച് കയറാമെന്നതിന്റെ തെളിവാണത്. അപ്പോഴും പറയും അവരെല്ലാം മതേതരവാദികളെന്ന്.

മറ്റൊരു തരത്തിൽ ചിന്തിച്ചാൽ ഇവിടെ അവിചാരിതമായോ, അതിശയപരമായോ ഒന്നും സംഭവിച്ചിട്ടില്ല - ബി.ജെ.പി യുടെ രംഗപ്രവേശം ഒഴിച്ച് നിർത്തിയാൽ, പതിവുപോലെ എൽ.ഡി.എഫ് ഉം യു.ഡി.എഫ് ഉം അയ്യഞ്ച് വർഷം മാറിമാറി ഭരിക്കുന്ന പതിവ് ആവർത്തിച്ചിരിക്കുന്നു. അത്രതന്നെ.

ക്രമസമാധാന പരിപാലനത്തിലും വികസനത്തിലും തുല്യനിതി ലഭ്യമാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞാൽ തീർച്ചയായും ജനപിന്തുണ ഇതിലും വർദ്ധിക്കും. മറിച്ചായാൽ മുൻ സർക്കാരിന്റെ ഗതിയായിരിക്കും അനുഭവിക്കേണ്ടി വരിക. ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്കൊത്തുയരുവാൻ പുതിയ സർക്കാരിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു. എന്തായാലും വിജയിച്ച എല്ലാ സ്ഥാനാർത്ഥികൾക്കും അഭിനന്ദനങ്ങൾ പുതിയ സർക്കാരിൽ നിന്നും, ജനങ്ങൾ സമാധാന ജീവിതം ഉറപ്പ് നല്കുന്നതും അഴിമതിരഹിതവുമായ ഭരണമാണ് പ്രതീക്ഷിക്കുന്നത്. അതുണ്ടാവട്ടെ, നാട്ടിൽ ശാന്തിയും സമാധാനവും പുലരട്ടെ.

# വിശേഷദിവസങ്ങൾ

## 2016 ജൂൺ 15 മുതൽ ജൂലൈ 14 വരെ

| | | |
|---|---|---|
| ജൂൺ | 26 | കരയോഗം വാർഷിക പൊതുയോഗം / തെരഞ്ഞെടുപ്പ് |
| ജൂലൈ | 1 | കൂർമ്മാവതാര ജയന്തി |

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം 2016 മെയ് ജൂൺ മാസങ്ങളിലെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.6.16 | കല്പകവല്ലിയമ്മ | ഡോ. സുന്ദരി.ജി. മേനോൻ | അമൂല്യമായ ഒറ്റമൂലി | 873 |
| 23.6.16 | സുമതി ശ്രീകുമാർ | ഡി. കെ. നായർ | വികസനവും പരിസ്ഥതിയും | 874 |
| 30.6.16 | | സി. രാമചന്ദ്രൻ (ISRO) | വെടിമരുന്നിന്റെ രസതന്ത്രം | 875 |
| 7.7.16 | പി.ജി.കൃഷ്ണൻ നായർ | ജി. മാധവൻ നായർ | ശിവൻ സത്യമോ മിഥ്യയോ? | 876 |

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിൻെറ 91-ാമത് വാർഷിക പൊതുയോഗം 2016 ജൂൺ മാസം 26-ാം തീയതി രാവിലെ 10.00 മണിക്ക് ടി.ഡി.എം.ഹാളിൽ കൂടുന്നതാണ്. കഴിഞ്ഞ വർഷം നവതി ആഘോഷവുമായി ബന്ധപ്പെട്ട് ഡിസംബർ 21 മുതൽ 25 വരെ അഞ്ചു ദിവസം നീണ്ടു നിന്ന വിവിധ പരിപാടികൾ വിപുലമായ രീതിയിൽ തന്നെ നടത്തപ്പെട്ടു. നവതി സ്മാരകമായി പല പദ്ധതികളും ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കുവാനുള്ള പരിപാടികളുമായി മുന്നോട്ടു പോകുകയാണ്. അതോടൊപ്പം കരയോഗത്തിൻെറ ദൈനംദിന പ്രവർത്തനങ്ങളും ജീവകാരുണ്യ സാമൂഹ്യ സേവന അദ്ധ്യാത്മിക പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകുവാൻ സാധിച്ചു. പ്രത്യക്ഷത്തിൽ 59,41,631 രൂപ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കും കൂടാതെ കരയോഗാംഗങ്ങൾക്ക് അവരുടെ ആവശ്യത്തിന് നിയമാവലി 41 (V) പ്രകാരം ഹാളുകളും മറ്റും പകുതി നിരക്കിലും നൽകിയിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഈ വർഷം ഗുരുവായൂർ ഗസ്റ്റ് ഹൗസ്, സോളാർ പദ്ധതി, തൃക്കടക്കാപ്പിള്ളി ക്ഷേത്ര നവീകരണം, കരയോഗത്തിൻെറ മറ്റു അടിയന്തിരാവശ്യങ്ങൾ എന്നിവയ്ക്കായി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 12, 94,00,000 രൂപയും റവന്യൂ ബഡ്ജറ്റിൽ ദൈനംദിന കാര്യങ്ങൾക്കായി 3,85,00,000 രൂപയും ഉൾപ്പെടെ ആകെ 16,79,00,000 രൂപയുടെ ബഡ്ജറ്റാണ് ഈ പൊതുയോഗത്തിന് മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. കരയോഗാംഗങ്ങൾ ഈ പ്രസ്ഥാനത്തിൻെറ വളർച്ചയും സമൂഹത്തിൽ ഈ സ്ഥാപനത്തിനുള്ള സൽപേരും നിലനിർത്തുന്നതിന് നൽകിയിട്ടുള്ള സഹായങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നുള്ള കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ അകമഴിഞ്ഞ സഹായസഹകരണങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിൻെറ "യോഗമെമ്മോറാണ്ടത്തിലും നിയമങ്ങളിലും" ചില പുരോഗമനപരമായ ഭേദഗതികൾ മുന്നോട്ടു വയ്ക്കുന്നു. തീർച്ചയായും വളരെ ആലോചനയോടെയും പ്രായോഗിക തലത്തിലും ഭരണസമിതി മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിലയിരുത്തുകയും പഠിക്കുകയും ചെയ്യണമെന്നും നിങ്ങളോരോരുത്തരുടേയും നിർദ്ദേശങ്ങൾ ഉണ്ടാവണമെന്നും അഭ്യർത്ഥിക്കുന്നു. മാർച്ച് മാസം 31-ാം തീയതി കൂടിയ ഭരണസമിതിയുടെയും, വിവിധ ഉപസമിതികളുടെയും തീരുമാനമനുസരിച്ച്, ഏപ്രിൽ 10-ാം തീയതി കൂടിയ ഭരണസമിതി നിയമാവലി ഭേദഗതിക്കായി അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ, ടിഎൻടി നായർ, അഡ്വ. ടി.ശിവദാസൻ നായർ, പ്രൊഫ. എ. രമാ മേനോൻ, അഡ്വ. എ.ബാലഗോപാൽ, ശ്രീവല്ലഭൻ നായർ എം, കെ.രാമചന്ദ്രൻ നായർ, കെ.വി.രാമചന്ദ്രൻ, കരയോഗം എക്സ് ഒഫീഷ്യോ അംഗങ്ങൾ എന്നിവരടങ്ങുന്ന ഉപസമിതി രൂപീകരിച്ചു. പ്രസ്തുത സമിതി വിശദമായ ചർച്ചകൾക്കു ശേഷം ഭരണസമിതിക്ക് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് 13.05.2016 ൽ കൂടിയ ഭരണസമിതി, ഉപസമിതിയുടെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ടി ഭേദഗതികളാണ് നിയമാവലി 41 (viii)പ്രകാരം അംഗങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്.

2016-2020 ലേക്ക് കരയോഗത്തിൻെറ ഭരണസമിതിയിൽ ഒഴിവു വരുന്ന ജനറൽ സെക്രട്ടറി, ഒരു സെക്രട്ടറി, ഒരു വൈസ് പ്രസിഡൻറ്, ട്രഷറർ, നാല് ഭരണസമിതി അംഗങ്ങൾ, രണ്ട് വനിതാ അംഗങ്ങൾ എന്നിവരുൾപ്പെടെ പത്ത് സ്ഥാനങ്ങളിലേക്കാണ് ഈ വർഷം ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്. പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് സമയവും കർമ്മശേഷിയും ഉള്ള സാമൂഹ്യസേവനത്തിന് തല്പരരായ അംഗങ്ങൾ ഈ രംഗത്തേയ്ക്ക് കടന്നു വരേണ്ടതുണ്ട്. പൊതുപ്രവർത്തനത്തിന് അംഗീകാരം ലഭിക്കാത്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആരോടും വിധേ

ഷമോ വിവേചനമോ സ്വജനപക്ഷപാതമോ കാണിക്കാതെ മൊത്തം സമുദായത്തെയും സമൂഹത്തെയും ഒന്നായി കണ്ടുകൊണ്ട് നമ്മുടെ പാരമ്പര്യവും സംസ്ക്കാരവും നിലനിർത്തി മതസൗഹാർദ്ദം ഉയർത്തിപ്പിടിച്ച് സമൂഹത്തിൽ നിലകൊള്ളേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയം ഒഴിവാക്കാൻ കഴിയണം. ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കുന്ന ജാതിമത പ്രീണനങ്ങളും പീഡനങ്ങളും ഒഴിവാക്കാൻ കഴിയണം. അങ്ങനെയുള്ള പ്രവർത്തകരെയാണ് എറണാകുളം കരയോഗം പോലെ ജീവകാരുണ്യ സാമൂഹ്യ സേവന മേഖലയിൽ തനതായ വ്യക്തിത്വം നിലനിർത്തുന്ന പ്രസ്ഥാനങ്ങൾക്കാവശ്യം. അതിനു കഴിയുന്നവർ മുന്നോട്ടു വരട്ടെ. അവർ കൂടെ നിന്ന് പലതും ഈ പ്രസ്ഥാനത്തിൽ നിന്ന് പഠിക്കാനുണ്ട്. അങ്ങനെ ശേഷിയും ശേമുഷിയും ഉള്ള സത്യസന്ധരായ ഒരു നേതൃത്വനിരയെ കണ്ടെത്തുകയും ചെയ്യണം.

2016-2020 ലേക്കുള്ള തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം ജൂൺ 26 ഉച്ചയ്ക്ക് 2 മണിക്ക് ടിഡിഎം ഹാളിൽ വച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും എന്നറിയിക്കുന്നു. എല്ലാവരേയും പൊതുയോഗത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ജൂൺ 28-ാം തീയതി വൈകുന്നേരം 6.15 ന് മേജർസെറ്റ് കഥകളി “ബാലിവിജയം” ടിഡിഎം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

**ജനറൽ സെക്രട്ടറി**

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 മെയ് മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. വിജയകുമാർ മേനോൻ.എൻ ,അനുരാധ, ഓൾഡ് തേവര റോഡ്, എറണാകുളം കൊച്ചി 682016 | 50,000 |
| 2. | ശ്രീ. പി. ജയരാമൻ,4 എ കാട്ടിക്കാരൻ ടവർ,പ്രൊവിഡൻസ് റോഡ്, കൊച്ചി 682018 | 10,000 |
| 3. | ഡോ.മോഹനൻ .ടി. എം, സപര്യ, ക്ലബ്ബ് റോഡ്, ഗിരിനഗർ, കൊച്ചി 682020 | 10,000 |
| 4. | ശ്രീമതി.മാലതി ആർ. മേനോൻ, കൃഷ്ണസുധ, നെടുവേലിൽ,ടാഗോർ നഗർ, പൊന്നേത്ത് ടെബിൾ റോഡ്,കടവന്ത്ര | 10,000 |
| 5. | ശ്രീ.സി. ബീനാ കുമാരി, 2502 എ , വീണ, വിനോബ നഗർ,കടവന്ത്ര, കൊച്ചി 682020 | 5000 |
| 6. | ശ്രീ.എം.ആർ.ജീ. കുറുപ്പ്, ബി 3, രത്നാലയം, ചിറ്റൂർ റോഡ്, എറണാകുളം | 5000 |
| 7. | ശ്രീ.എൻ. ആർ.കെ.മേനോൻ,വൃന്ദാവൻ,37/495, ടെബിൾ റോഡ്, കടവന്ത്ര കൊച്ചി 682020 | 5000 |
| 8. | ശ്രീ. സി.ബാലകൃഷ്ണൻ,ചെറുപറമ്പത്തു ഹൗസ്, സജ്മ, കടവന്ത്ര, കൊച്ചി | 5000 |
| 9. | ശ്രീ.കൃഷ്ണകുമാർ.വീ. പി, 9 ബി, പാത്യൻ അപ്പാർട്ട്മെൻസ്, മരോട്ടിചൊട്, ഇടപ്പള്ളി ,കൊച്ചി 682024 | 5000 |
| **എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കായി അന്നദാനത്തിനു സംഭാവന നല്കിയവർ** | | |
| 1. | അഡ്വ. എൻ. ശങ്കരമേനോൻ, സുദർശന, അമ്പാടി ലൈൻ , ചിറ്റൂർ റോഡ് ,കൊച്ചി10000 | |
| 2. | ശ്രീ. കെ.യു.രാജശേഖർ,നമ്പർ 20, ഗാന്ധിനഗർ നോർത്ത്, ഗാന്ധിനഗർ റോഡ്, കൊച്ചി 682020 | 10000 |
| 3. | കമാഡോർ.സുരേഷ്, ഐ.എൻ.എസ് വെണ്ടുരുത്തി, നേവൽ ബേസ് , കൊച്ചി 68200 | 45,000 |
| 4. | ശ്രീ. ലലിത് ആർ. മോട്ടാ, 5/1175 ,ജെയിൻ ടെബിൾ ബിൽഡിംഗ്,മട്ടാഞ്ചേരി കൊച്ചി 682002 | 5,000 |

**സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ**
**ക്രൂദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കണം**

*-എഴുത്തച്ഛൻ*

(രാഗപരിചയം)

# ആഹരി



ഡോ. ജയലക്ഷ്മി
നന്ദകുമാർ

പുരാതന സംഗീത ലക്ഷണഗ്രന്ഥങ്ങളായ ചതുർദണ്ഡി പ്രകാശിക, സംഗിത സമ്പ്രദായ പ്രദർശിനി, സംഗീത മകരന്ദം, സംഗീത സമയസാരം തുടങ്ങിയവയിൽ പരാമർശം ഉള്ള ഒരു രാഗമാണ് ആഹരി. 14-ാമത്തെ മേളകർത്താരാഗമായ വകുളാഭരണത്തിന്റെ ജന്യമായാണ് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ആഹിരി എന്നും ഈ രാഗം അറിയപ്പെടുന്നു.

ആരോഹണം : സ രി സ ഗ മ പ ധ നി സ
അവരോഹണം : സ നി ധ പ മ ഗ രി സ
സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, കൈശികി നിഷാദം

ഗാന്ധാരം തിവ്രത കുറച്ച് സാധാരണ ഗാന്ധാരം ആയി ആലപിക്കുന്നതിനാൽ ഒരു ഭാഷാംഗ രാഗമായി ആഹരി രാഗത്തെ കണക്കാക്കുന്നു. പ്രാചീന മേള രാഗപദ്ധതി അനുസരിച്ച്, ആഹരി തോടി രാഗത്തിന്റെ ജന്യരാഗമാകുന്നു. ഇതൊരു വക്രസമ്പൂർണ്ണ രാഗമാണ്. ആഹരി ഒരു ത്രിസ്ഥായി രാഗവും കർണ്ണാടക സംഗീത പ്രകൃതവും ഉള്ള രാഗമാണ്. ഒരു പ്രഭാതരാഗമായ ആഹരി രാഗത്തിൽ നിന്നും ഉളവാകുന്നത് കരുണ, ശോകം തുടങ്ങിയ ഭാവങ്ങളാണ്. തമിഴ് സംഗീതത്തിൽ ആഹരി രാഗം പഞ്ചമം എന്ന പേരിൽ അറിയപ്പെടുന്നു. വിസ്തരിച്ചുള്ള രാഗാലാപനത്തിനു സാദ്ധ്യത ഇല്ലാത്ത രാഗമാണിത്. സ്വാതി തിരുനാളിന്റെ പനിമതി മുഖിബാലേ തുടങ്ങിയ ആഹരിരാഗത്തിലുള്ള പല പദങ്ങളും മോഹിനിയാട്ടത്തിൽ ഉപയോഗിച്ചു വരുന്നു. ത്യാഗരാജസ്വാമി ഭഗവാൻ ശ്രീരാമചന്ദ്രനു വേണ്ടി നടത്തി വന്നിരുന്ന ദൈനം ദിന പൂജാദി കർമ്മങ്ങളിൽ ഭഗവാനെ പുഷ്പങ്ങളാൽ അലങ്കരിച്ച പട്ടുമെത്തയിൽ പള്ളിയുറക്കുന്നതിനായി ആലപിച്ചു വന്നിരുന്നതിൽ ഒന്ന് ആഹരി രാഗത്തിലുള്ള 'പൂല പാൻപു മീത' എന്ന കൃതിയാണ്.

ആഹരി രാഗത്തെ പറ്റി ഒരു അന്ധവിശ്വാസം സംഗീതജ്ഞർക്കിടയിൽ നിലവിലുണ്ട്. ആഹരി രാഗം പാടിയാൽ അന്നം മുടങ്ങും എന്നതാണ് ആ വിശാസം. കച്ചേരികൾക്കു തന്നെ മദ്ധ്യഭാഗത്തായിട്ടാണ് ഈ രാഗം ആലപിക്കുക. പ്രമുഖ സംഗീജ്ഞനായ ശ്രീ എസ്. ആർ. ജാനകി രാമന്റെ അഭിപ്രായത്തിൽ ആഹരി രാഗം കർണ്ണാടക സംഗീതത്തിന്റെ മഹത്വവും അഭിമാനവുമാണ്.

**ഈ രാഗത്തിലുള്ള കൃതികൾ**

| | | |
|---|---|---|
| 1. മായമ്മ യനിനേ | ആദി | ശ്യാമാശാസ്ത്രി |
| 2. ശ്രീകമലാംബാ ജയതി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 3. ആദയ ശ്രീ രഘുവര | ആദി | ത്യാഗരാജസ്വാമി |
| 4. കഥിത സമയേപി ഹരി (അഷ്ടപദി) | മിശ്രചാപ്പ് | ജയദേവൻ |
| 5. കഥയല്ല അറിവായി | (കഥകളിപ്പദം കർണ്ണശപഥം) | |
| 6. നാരദമഹാമുനേ | (കഥകളിപ്പദം ബാലി വിജയം) | |

**ചലച്ചിത്രഗാനങ്ങൾ**

| | |
|---|---|
| 1. പഴം തമിഴ് പാട്ടിഴലും | മണിച്ചിത്രത്താഴ് |
| 2. ചെമ്പകപ്പൂങ്കാട്ടിലെ | രതിനിർവ്വേദം |
| 3. ആഴിക്കങ്ങേ കരയുണ്ടോ | പടയോട്ടം |
| 4. ഒരു മുറൈ വന്ത് പാരായോ | മണിച്ചിത്രത്താഴ് |
| 5. പനിമതിമുഖി ബാലേ (സ്വാതിതിരുനാൾ പദം) | നിർമ്മാല്യം |

# വാസ്തു



**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ

## കന്നിമൂലയെ പേടിക്കണ്ട

കഴിഞ്ഞ ഒരു മാസമായി എറണാകുളത്തു പല വീടുകളിലും കണ്ട ചില പ്രധാന പ്രശ്നങ്ങൾ

1 കന്നിമൂലയിൽ ടോയ്ലറ്റ്

2.കന്നിമൂലയിൽ സെപ്റ്റിക് ടാങ്ക്

3. അടുക്കള വടക്കു പടിഞ്ഞാറ്

കന്നിമൂലയിൽ വളരെയധികം വീടുകൾക്ക് ടോയ്ലറ്റ് സർവ്വസാധാരണമാണ്. കന്നിമൂലയിൽ ടോയ്ലറ്റ് വന്നിട്ടുണ്ടെങ്കിൽ ടോയ്ലറ്റിന്റെ ഫ്ളോർ മറ്റു മുറികളുടെ തറനിരപ്പിനേക്കാൾ ആറുസെന്റീമീറ്റർ ഉയർത്തി ടോയ്ലറ്റിലേക്ക് കടക്കുന്ന വാതിലിന് അടിപ്പടി (Sill) ഉണ്ടായിരുന്നാൽ മതി.

കന്നിമൂലയിൽ സെപ്റ്റിക് ടാങ്ക് ഉണ്ടെങ്കിൽ അതിന്റെ മുകളിലെ സ്ലാബിൽ പഴുതുകളില്ലാതെ സൂര്യപ്രകാശം അകത്തു കടക്കാത്തവിധം അടച്ചാൽ മതി. അതിനു മുകളിൽ 12 സെ.മി. ഉയരത്തിൽ മണ്ണിട്ട് ഏതെങ്കിലും ചെടികളോ, പച്ചക്കറികൃഷിയോ ചെയ്യാവുന്നതാണ്.

അടുക്കള വടക്കു പടിഞ്ഞാറാണെങ്കിൽ അടുക്കളയിൽ വടക്കു കിഴക്കെ മൂലയിലായിരിക്കണം പാത്രം കഴുകുന്ന സിങ്ക്. കൂടാതെ വടക്കെ ചുമരിൽ കിഴക്കു വശത്ത് ചെറിയ ജനൽ വേണം. യാതൊരു കാരണവശാലും അടുക്കളയുടെ വടക്കു തള്ളരുത്. അതായത് കെട്ടിടത്തിന്റെ വടക്കെ ഭിത്തി കിഴക്കു നിന്ന് പടിഞ്ഞാറ്റം വരെ ഒരേ നേർവരയിലായിരിക്കണം.

വാസ്തു ശാസ്ത്രപ്രകാരം മകരം ഒന്ന് മുതൽ ഉദയം നമ്മുടെ വാസഗൃഹത്തിൻ ഓരോ മുറിയിലും എത്തണം. അതുപോലെ വൈകുന്നേരത്തെ വെയിൽ കിടപ്പു മുറിയിൽ വരണം. പോക്കു വെയിൽ കൊണ്ടാൽ പൊന്നാകും എന്ന പഴമൊഴി വാസ്തവമാണ്.

വാസ്തുശാസ്ത്രപ്രകാരം പല പ്രാവശ്യവും പറഞ്ഞിട്ടുള്ള കാര്യം പലർക്കും സംശയം തീരാത്തതുകൊണ്ടു മാത്രമാണ് വീണ്ടും എഴുതുന്നത്.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10 -ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

## നായർ സ്ത്രീസമാജത്തിന്റെ ജൂൺമാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| *21.6.2016* | പൊതുയോഗം<br>ടി.ഡി.എം.ഹാൾ കാവേരി | 3.00 pm |





ലക്ഷ്മി ദേവി നായർ

# ബാലലോകം

പ്രിയപ്പെട്ട കൂട്ടുകാരെ,

സ്കൂൾ അവധിക്കാലം കഴിയാറായല്ലോ. ഈ മധ്യവേനലവധിക്ക് നിങ്ങൾ പ്രയോജനപ്രദമായ രീതിയിൽ എന്തെല്ലാം ചെയ്തുവെന്ന് ഒരു പുസ്തകത്തിൽ കുറിച്ചു വെയ്ക്കണം. കുറെനാൾ കഴിഞ്ഞ് അതെടുത്തു വായിക്കുമ്പോൾ ചെയ്ത നല്ല പ്രവൃത്തികളിൽ നിങ്ങൾക്കാഹ്ലാദിക്കാം. ഇനി തുടർന്നും ഇതുപോലുള്ള കാര്യങ്ങൾ ചെയ്യാനും ശ്രമിക്കാമല്ലോ.?

നിങ്ങളുടെ ജീവിതത്തിന്റെ വഴിത്താരയിൽ അനുസരണം എന്ന വാക്കിന് ഏറെ പ്രസക്തിയുണ്ട് എന്നറിയാമോ? അച്ഛനമ്മമാർ  പറയുന്ന വാക്കുകളെല്ലാം അതു നല്ല രൂപത്തിലായാലും ശാസനയുടെ രൂപത്തിലായാലും അതേപടി അനുസരിക്കുന്നത് കൊച്ചു കൂട്ടുകാരെ നന്മയിലേക്ക് നയിക്കും. ഭാവിയിൽ ഈ ശീലം എല്ലാ കാര്യത്തിലും നിങ്ങളെ തുണയ്ക്കും. അച്ഛനമ്മമാരോട് ഇടഞ്ഞ് സംസാരിക്കുക, അവരെ ധിക്കരിക്കുക, അവർ ചോദിക്കുന്നതിന് ഉത്തരം പറയാതെ ഒഴിഞ്ഞു മാറുക ഇതൊന്നും നന്നല്ല കേട്ടോ. കൂട്ടുകാർക്ക് എന്തു സംശയം വന്നാലും അച്ഛനമ്മമാരുമായി പങ്കുവെക്കണം. അവർക്കു ഏതു കാര്യത്തിലും കൂട്ടുകാരെ നല്ല നിലയിലേക്ക് നയിക്കാനാവും. അഥവാ അച്ഛനമ്മമാരെ അനുസരിക്കാതെ വരുമ്പോൾ കൂട്ടുകാരുടെ മനസ്സിൽ കുറ്റബോധം തോന്നാറുണ്ടോ? പിന്നീട് അനുസരണക്കേട് കാട്ടാതിരിക്കാൻ ഈ ബോധം നിങ്ങളെ സഹായിക്കും. സ്വയം മനസ്സിലാക്കി തിരുത്താൻ അറിഞ്ഞാൽ മതി.

ഇനി ഒരു കുഞ്ഞു നാടോടിക്കഥ കേട്ടോളൂ.


**അമ്മ**

ഒരു ഗ്രാമത്തിൽ ഒരു വയസ്സായ അമ്മ ഉണ്ടായിരുന്നു. അവരുടെ മകൻ അമ്മയെ എല്ലാ കാര്യങ്ങളിലും സഹായിച്ചു വന്നു. ഒരിക്കൽ അമ്മ തീരെ സുഖമില്ലാതെ കിടപ്പിലായി. മകന് തന്റെ കൃഷിപ്പണിയിൽ ശ്രദ്ധിക്കാനാവാതെ വന്നു. അമ്മയുടെ കാര്യങ്ങൾ വേണ്ടതു പോലെ ശ്രദ്ധിച്ചു പോന്നു. അസുഖം കൂടിയപ്പോൾ അമ്മക്കു വേണ്ടി പച്ചില മരുന്നുകൾ ശേഖരിക്കാൻ അയാൾ കാട്ടിലേക്കു പോയി. അവിടെവെച്ച് അയാളെ ഒരു പുലി ആക്രമിക്കാൻ വന്നു. പുലിയോട് അയാൾ അപേക്ഷിച്ചു. എന്നെ ഇപ്പോൾ കൊല്ലരുത്, ഞാൻ എന്റെ രോഗിയായ അമ്മക്കു വേണ്ടി മരുന്നു ശേഖരിക്കാൻ വന്നതാണ്. അതു കൊടുത്ത ശേഷം എന്നെ കൊന്നു തിന്നോളൂ. അടുത്തു തന്നെ ഇതു കേട്ട് ഒരു സന്യാസി വര്യൻ നിൽക്കുന്നുണ്ടായിരുന്നു. അയാൾ സന്യാസിയുടെ അടുത്തു പോയി പറഞ്ഞു! അങ്ങ് എന്നെ സഹായിക്കണം. പുലി എന്നെ തിന്നാൻ വരുന്നു. അമ്മയ്ക്ക് മരുന്നു നൽകിയ ശേഷം ഞാൻ തിരികെ വരാമെന്നു പറയൂ. അമ്മയോടുള്ള ഈ അതിരറ്റ സ്നേഹത്തിൽ ദയവു തോന്നിയ സന്യാസി പറഞ്ഞു. ഈ പുലി എന്റേതാണ്. നീ നല്ലവനാണ്. അമ്മയുടെ അസുഖം വേഗം ഭേദമാവും. നിന്റെ കൃഷി നന്നായി വരട്ടെ. നിലം ഉഴാതെ തന്നെ നിനക്ക് ധാന്യങ്ങൾ ലഭിക്കട്ടെ. സ്വന്തം അമ്മയെ ശുശ്രൂഷിക്കുന്നവൻ ദൈവത്തിനു പ്രിയപ്പെട്ടവനാണ്. ഇതു കേട്ട പാടെ അയാൾ സന്യാസിയുടെ കാൽക്കൽ വീണു നമസ്കരിച്ചു. എഴുന്നേറ്റപ്പോൾ സന്യാസിയുമില്ല, പുലിയുമില്ല. വീട്ടിലെത്തിയപ്പോൾ അമ്മ അസുഖമെല്ലാം മാറി ആരോഗ്യവതിയായി ഇരിക്കുന്നതാണ് മകൻ കണ്ടത്. നല്ലതു ചെയ്യുമ്പോൾ നല്ലതു വരുമെന്ന് കൂട്ടുകാർക്ക് മനസ്സിലായല്ലോ? അല്ലേ?.  താഴെ കൊടുത്ത ഭാഗം ഹൃദിസ്ഥമാക്കാമോ?

ഇനിയുള്ള കാലം കലിയുഗമത്രെ
മുനി ജനങ്ങളും മറഞ്ഞുപോമല്ലോ

*(ശേഷം 18-ാം പേജിൽ)*

# മറയന്ന്മാരും മിടുക്കൻമാരും



ജി.മാധവൻ നായർ

നഗരത്തിലെ ഒരു വിവാഹശാലയിൽ വച്ചാണ് മോഹനനെ അയാൾ കാണുന്നത്. മാരുതിയുടെ ഏറ്റവും ചെറിയ കാറിൽ ഭാര്യയുമൊത്ത് വന്നിറങ്ങുമ്പോൾ അവൻ ഒരു വലിയ എസ്.യു.വി (വലിയ യാത്രാവാഹനം)ന്റെ സമിപം, ആരോടൊ വർത്തമാനം പറഞ്ഞു നില്ക്കുകയായിരുന്നു. കണ്ട ഉടൻ വിടർന്ന ചിരിയോടെ അടുത്തു വന്ന് കുശലം പറഞ്ഞു. ഏതാണ്ട് അവന്റെ അമ്മയുടെ പ്രായമുള്ള, അയാളുടെ ഭാര്യയോട്,

സീതചേച്ചി എന്നെ ഓർക്കുന്നുണ്ടോ?

എന്നു ചോദിച്ചപ്പോൾ,

ഞാനങ്ങോട്ടാണ് പറയേണ്ടത് എന്നവർ തിരിച്ചടിച്ചു.

അതിന്റെ ചമ്മൽ പുറത്തു കാട്ടാതെ,

എന്റെ കൂടെ ബീനയും മോളുമുണ്ട് എന്നു പറഞ്ഞ്, കുറച്ചകലെ നിന്നിരുന്ന അവളെ ഉറക്കെ വിളിച്ചു.

ഓടി വന്ന മോളുടെ, മുഖത്ത് പിടിച്ച് ഒന്നു ലാളിച്ച ശേഷം ഭാര്യയും, ഭർത്താവും മെല്ലെ നടന്നു വരുന്ന ബീനയെ ശ്രദ്ധിച്ചു.

സ്വതേ വീർത്തിരിക്കുന്ന മുഖം, ഒന്നു കൂടി ഉരുണ്ട് സൗന്ദര്യത്തിനു ഒരു ഉടവു വരുത്തിയിരിക്കുന്നു. ഗൗരവം ഒട്ടും വിടാതെ, വളരെ പ്രയാസപ്പെട്ട് ഒരു റേഷൻ പുഞ്ചിരി വരുത്തി തീർത്തു. സമീപ കാലത്ത് വന്നു ചേർന്ന സാമ്പത്തിക മേന്മയുടെ ഭാവം അവളിൽ നിഴലിച്ചിരുന്നു. നമുക്കിനി ഹാളിലേക്ക് കയറാം. തിരക്കു കാരണം ചിലപ്പോൾ ഇരിക്കുവാൻ പറ്റില്ല. അങ്ങനെ പറഞ്ഞു കൊണ്ടയാൾ മുന്നിൽ നടന്നു. മറ്റുള്ളവർ അനുഗമിച്ചു.

ഉന്നത ന്യായപീഠത്തിലെ ഒരു പ്രശസ്ത ന്യായാധിപന്റെ മകളുടെ മാംഗല്യമായിരുന്നു. വധുവും, വരനും അഭിഭാഷകവൃത്തി അടുത്തയിടെ ആരംഭിച്ചവരാണ്. കല്യാണ പെണ്ണിന്റെ, ദേഹം മുന്നോട്ട് ലേശം ചരിഞ്ഞിരുന്നു. കഴുത്തിലും കാതിലും കാലുകളിലും കൃശഗാത്രിയുടെ കടിഭാഗത്തും പൊന്നിന്റെ വിളയാട്ടമായതിനാലായിരിക്കും അപ്രകാരം സംഭവിച്ചത്. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ സംബന്ധിച്ച ഒരു ചടങ്ങായതിനാൽ ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു.

കല്യാണം കഴിഞ്ഞു കാണികളെല്ലാം താഴത്തെ നിലയിലുള്ള ഭോജനശാലയിലേക്കു പ്രവേശിച്ചു. വിഭവങ്ങൾകൊണ്ട് സമ്പന്നമായ ഒരു ഗംഭിരമായ സദ്യയായിരുന്നു. അയാളും ഭാര്യയും മോഹനനും കുടുംബവും വളരെ അകലെ ഇരിയ്ക്കുന്നത് കണ്ടു. ഊണു കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ യുവാവ് മന്ദസ്മിതത്തോടെ അടുത്ത് വന്ന് യാത്ര പറഞ്ഞു. പിരിയുന്നതിനു മുൻപ്, അടുത്തു തന്നെ വീട്ടിൽ വന്ന് കണ്ടു കൊള്ളാമെന്നുറപ്പു നൽകി. അതൊരു കുറുപ്പിന്റെ ഉറപ്പാണ് എന്നയാൾക്കറിയാമായിരുന്നു. അവന്റെ ധർമ്മ പത്നിയുടെ മുഖത്ത് ഒരുത്സാഹവും കണ്ടില്ല. കടന്നൽ കുത്തിയ ഒരു പ്രതീതിയാണ് കാണപ്പെട്ടത്. അതേ സമയം, കുരുന്ന്, ഹൃദ്യമായ ചിരിയോടെ റ്റാ, റ്റാ പറഞ്ഞു.

വാഹനങ്ങൾ നിറുത്തിയിടുന്ന സ്ഥലത്ത് ചെന്ന് കൂലി കൊടുത്ത് തിരക്കുള്ള നിരത്തിലൂടെ യാത്ര ചെയ്ത് അല്പസമയത്തിനുള്ളിൽ അയാൾ ഗൃഹത്തിലെത്തി. ദിനചര്യയിൽ, പതിവു സമയത്തിനു മുൻപ് തന്നെ മുഖ്യഭക്ഷണം ഉള്ളിലാക്കിയതിനാൽ ഇനി അല്പം വിശ്രമിക്കാം. അതിനു മുന്നേ വിഡ്ഢിപ്പെട്ടിയൊന്നു വച്ചു നോക്കാം. തളത്തിൽ ചെന്ന് ദൃശ്യശ്രവ്യോപകരണം പ്രവർത്തിപ്പിച്ചു. വാർത്താവിവരണങ്ങളോടൊപ്പം, ചൊവ്വാഗ്രഹത്തിലേക്കുള്ള ഉപകരണവിക്ഷേപണം ദർശിച്ചു, ശാസ്ത്രപുരോഗതി അത്യത്ഭുതം തന്നെ!

ഇനിയൊന്നു കണ്ണടയ്ക്കാം.അപ്പുറത്തെ മുറിയിലേയ്ക്ക് ധർമ്മദാരങ്ങൾ ഒരു മാസികയുമായി പോയിട്ടുണ്ട്. അത് സുഷുപ്തിയിലേയ്ക്ക്, പോകുന്നതിനുള്ള ഒരു സൂത്രമാണ്. പൂമുഖത്ത് ചെന്ന് വായു പ്രവേശനം സാധിക്കുന്ന ഇരുമ്പുമറയ്ക്ക് കുറ്റിയിട്ടു, അകത്തേയ്ക്ക് കയറി. സ്വീ

കരണമുറിയിലെ ചായ്‌വുള്ള കട്ടിലിലെ കോസടിയിൽ കിടന്നു.

അതിഥിയുടെ ആഗമനമറിയിക്കുന്ന മണി മുഴങ്ങിയപ്പോഴാണ് കണ്ണു തുറന്നത്. വാതിൽ തുറന്ന് നോക്കി. സുപരിചിതനായ തപാൽ ശിപായി പുഞ്ചിരിച്ചുകൊണ്ടു നിൽക്കുന്നു.

സാറിന് ഒരു രജിസ്റ്റർ ഉണ്ട്.

തന്നുകൊള്ളൂ

സന്ദേശവാഹകൻ നൽകിയ പേന കൊണ്ട്, നീട്ടിയ കടലാസ്സിൽ ഒപ്പിട്ടു, കത്തു വാങ്ങി. തപാൽക്കാരൻ പോയിക്കഴിഞ്ഞ് അതൊന്നു പൊട്ടിച്ചു നോക്കി. ഏതോ കമ്പനിയുടെ ഓഹരിവിപണനത്തിലാർജ്ജിച്ച പ്രതിഫലത്തുകയുടെ അധികാര പത്രമാണ്. അത് മേശയുടെ വലിപ്പു തുറന്ന് ഉള്ളിൽ വച്ചു.

വൈകുന്നേരം ചായകുടി കഴിഞ്ഞ് തൊടിയിൽ ചെടികളൊക്കെ ഒന്ന് നനച്ച ശേഷം, ഷർട്ടും മുണ്ടുമൊക്കെ ധരിച്ച് പതിവു നടപ്പിനു തയ്യാറായിരുന്നു. ചങ്ങാതിമാരായ ഗോപിനാഥനും, ദിവാകരനും ഏതു സമയത്തും എത്താം. അല്പസമയത്തിനുള്ളിൽ അവരെത്തി. ഭാര്യയോട് പൂമുഖ വാതിൽ അടയ്ക്കുവാൻ പറഞ്ഞിട്ട് എല്ലാവരുമായി പുറത്തേയ്ക്കിറങ്ങി.

നഗരത്തിലെ പ്രധാന നിരത്തുകളിലേക്കൊന്നും ഇറങ്ങാതെ, തിരക്കു കുറഞ്ഞ പാർപ്പിട മേഖലയിലെ ഭാഗത്തേയ്ക്ക് അവർ നടന്നു. ഇവിടെ പൊതുവെ ആൾ സഞ്ചാരമോ, വാഹനബാഹുല്യമോ താരതമ്യേന കുറവാണ്. പാതയും വിസ്തൃതമാണ്. യാത്രയ്ക്കിടയിൽ ഉടനീളം നാട്ടുകാര്യങ്ങളും വാർത്താമാദ്ധ്യമങ്ങളിലെ പുതിയ സംഭവങ്ങളുമെല്ലാം ചർച്ചയിൽ പൊന്തി വന്നു. ഏറ്റവും അലട്ടുന്ന പ്രശ്നം ക്ഷാമാശ്വാസവർദ്ധനവ് അനുവദിക്കാത്തതിനെപ്പറ്റിയായിരുന്നു. ഏതാണ്ട് രണ്ടു കിലോമീറ്റർ പോയിക്കഴിഞ്ഞ് തിരികെ മറ്റൊരു വഴിയിലൂടെ ഗൃഹത്തിലേക്ക് മടങ്ങി. വീടിന്റെ പടിക്കലെത്തിയപ്പോൾ സുഹൃത്തുക്കൾ പിരിഞ്ഞു.

കുറച്ചകലെ താമസിക്കുന്ന മകനും, അവന്റെ ഭാര്യയും വീട്ടിലെത്തിയിട്ടുണ്ട്. മിക്കവാറും ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും വരും. നേരത്തെ, വിവാഹഹാളിൽ വച്ചു കണ്ടു മുട്ടിയ വിദേശത്ത് ജോലി ചെയ്യുന്ന മോഹന്റെ സഹപാഠിയായിരുന്ന അവൻ, വളരെ കഷ്ടപ്പെട്ട്, പഠിച്ച് എൻജിനിയറിംഗിൽ മികച്ച നിലയിൽ ബിരുദം നേടി. അതിന്റെ മേൻമയിൽ സർക്കാർ ഉദ്യോഗം നേടി. കുറച്ചു കാലം പണിയെടുത്തശേഷം സർക്കാരിന്റെ തന്നെ നിർദ്ദേശാനുസരണം അന്യദേശത്തേയ്ക്ക് പോയത്. അവിടെ ഒരു വലിയ പദ്ധതി നടത്തിപ്പിലേക്ക് ദൗത്യനിർവ്വഹണത്തിനായി ഏതാനും പേരെ അയച്ചതിൽ മകനെയും ഉൾപ്പെടുത്തി.

പഠിക്കുന്ന കാലത്ത്, അയാളുടെ മകൻ പരീക്ഷകളിൽ എന്നും ഒന്നാമനായിട്ടാണ് ജയിക്കാറ്. എന്നാൽ മോഹൻ ഒരിക്കലും ഒരു കഠിനാദ്ധ്വാനിയായിരുന്നില്ല. അന്യരുടെ പുസ്തകങ്ങൾ കടം മേടിച്ചും, പരസ്പര വായനയിൽ നിന്നും കിട്ടിയ അറിവുകൊണ്ടുമാണ് അവൻ ജയിച്ചു വന്നത്. മറ്റൊന്ന് കുസൃതിയോ സ്വഭാവവൈകല്യമോ കാരണം, കൂട്ടുകാരുടെ ഭക്ഷണപ്പൊതി പങ്കിട്ട് ഉച്ചയാഹാരം കഴിക്കുവാൻ ഒരു ഉളുപ്പുമുണ്ടായിരുന്നില്ല ഒരിക്കൽപോലും. അങ്ങനെ ഒരു ചിന്ത അവനെ അലട്ടിയിരുന്നില്ല എന്നാണ് അത്രയ്ക്ക് അടുപ്പമില്ലാതിരുന്നവർ പോലും പറഞ്ഞിരുന്നത്.

ഒരു സാധാരണ ബിരുദം നേടി ഏറ്റവും കുറഞ്ഞ മാർക്കോടെ പുറത്തു വന്ന അവനിന്നൊരു കോടീശ്വരനാണ്. ആദ്യ കാലത്ത്, പുറം രാജ്യത്തേയ്ക്കു പോകുവാനും, ഒരു ചെറിയ ജോലി തരപ്പെടുത്തു വാനും അവന് അടുത്ത ബന്ധുക്കളുടെ സഹായം ഉണ്ടായി. പിന്നീട് സ്വതസിദ്ധമായ വാചാലതകൊണ്ടും, കൗശലപ്രയോഗത്താലും സ്ഥാനങ്ങളിൽ ഉയർന്നുകൊണ്ടിരുന്നു. അങ്ങനെ കർമ്മകുശലനെന്ന നാമധേയം വീണു കിട്ടി.

ഏറ്റവും പുതിയ വിവരമനുസരിച്ച്, ഒരു പ്രശസ്ത ഫ്രഞ്ചുകമ്പിനിയുടെ മണലാരണ്യത്തിലെ വിവിധ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ശൃംഖലയുടെ തലപ്പത്താണവൻ. അവന്റെ താമസം തന്നെ ഒരു വലിയ കൊട്ടാര(വില്ല)ത്തിലാണ്. ഒരേ ഒരു മകൾ, ഏറ്റവും കൂടുതൽ തുക വസൂലാക്കുന്ന ഒരു യൂറോപ്യൻ പാഠശാലയിൽ വിദ്യാഭ്യാസം ചെയ്യുന്നു. സ്വന്തം ബി.എം.ഡബ്ല്യു കാറിനു പുറമേ പ്രത്യേക ജോലിയൊന്നുമില്ലാത്ത പ്രിയ പത്നിക്ക് ചെറിയൊരു ബെൻസു കാറുകൂടി വാങ്ങിയിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും, നാട്ടിൽ വരുന്ന അവസരങ്ങളിൽ അടുത്ത ബന്ധുക്കളെയും സ്നേഹിതൻമാരെയുമെല്ലാം നിറചിരിയോടെ അദ്ദേഹം

നേരിടുന്നു. കൈകളിലുള്ള തടിച്ച മടിശീലയിൽ നിന്ന് ഒരു നാണയംപോലും പുറത്തെടുക്കുവാൻ, ഒട്ടും താല്പര്യമില്ല., തയ്യാറുമല്ല. പക്ഷേ കാലത്തിന്റെ സ്വച്ഛന്ദത ഇവരെപ്പോലെയുള്ളവരുടെ ഒപ്പമാണ്. എല്ലാ സൗഭാഗ്യങ്ങളും കൈക്കുമ്പിളിൽ അനായാസേന വന്നെത്തുന്നു.

അയാളുടെ മകൻ പുറം രാജ്യത്താണ് പണിയെടുക്കുന്നതെങ്കിലും അങ്ങനെ ഒരു വലിയ ശമ്പളക്കൂടുതലില്ല. ഇവിടുത്തെ വേതനത്തിനു പുറമെ അന്യരാജ്യത്തെ ജോലി ചെയ്യുന്നതിന്, വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ പ്രതിമാസം നിശ്ചിത തുക പാരിതോഷികമായി കിട്ടാറുണ്ട്. ഒരു ദ്വീപുകാരന്റെ വരുമാനത്തിനടുത്തൊന്നും എത്തുകയില്ല. എന്നാലും സമാധാനത്തോടും, സംതൃപ്തിയോടുകൂടി കഴിയാം. ഇടയ്ക്ക് കുടുംബത്തെ കൂട്ടിക്കൊണ്ടുപോകാനുള്ള അവസരവുമുണ്ട്.

രാത്രിയിൽ അത്താഴം കഴിഞ്ഞ് കിടക്കുവാൻ വട്ടം കൂട്ടുമ്പോൾ ഫോണിൽ മണിനാദം, മകനാണ്. സാധാരണ ആ സമയത്ത് വിളിക്കാറില്ല. അവിടെ പൊതു അവധിയായി. മൂന്നു നാലു ദിവസമുണ്ട്. പെരുന്നാൾ പ്രമാണിച്ചുള്ള മുടക്കമാണ്. അതുകൊണ്ട് നാട്ടിലേക്കു വരുകയാണ്. ദമ്പതികൾക്ക്, അങ്ങേയറ്റം സന്തോഷമായി. എല്ലാം ദൈവകാരുണ്യമെന്നുറപ്പിച്ചു കൊണ്ട് അവർ താമസിയാതെ നിദ്രയിലേക്ക് നീങ്ങി. ●

---

(പാഠം : 32)

# വദതു സംസ്കൃതം

## (സംസ്കൃതം പറയൂ)



## മാതാ പുത്രഃ ച അമ്മയും മകനും

ആർ. കിരൺ കുമാർ

| | | |
|---|---|---|
| മോനേ എന്താ ചെയ്യുന്നത് | - | പുത്ര! കിം കരോതി ഭവാൻ? |
| ഞാൻ പഠിക്കുകയാണമ്മേ | - | അഹം പഠാമി അംമ്പാ? |
| കടയിൽ പോയി വരാമോ | - | ആപണം ഗത്വാ ആഗഛതി കിം? |
| അമ്മേ വേഗം എഴുതിയിട്ട് പോകാം | - | അംബാ ശീഘ്രം ലിഖിത്വാ ഗഛാമി |
| എന്താ കൊണ്ടു വരേണ്ടത് | - | കിം ആനയാമി |
| മോനേ കടയിൽ പോയി അരിയും ഉപ്പും | - | വത്സ! ആപണം ഗത്വാതണ്ടുലാ |
| പഞ്ചസാരയും കൊണ്ടു വരൂ | - | ലവണം ശർക്കര ച ആനയതു |
| ചേച്ചിയോട് പറയമ്മേ | - | ഭഗിനിം വദതു അംബ! |
| അവൾ വേസ്റ്റ് കളഞ്ഞ് പാത്രം കഴുകുന്നു | - | സാ അവകരംക്ഷിപ്ത്യാ പാത്രം പ്രക്ഷലയതി |
| ബക്കറ്റിൽ വെള്ളം നിറയ്ക്കുന്നു | - | ദ്രോണ്യാം ജലം പൂരയതി |
| നിലം തുടക്കുന്നു | - | ഭൂമിം വസ്ത്രേണ മാർജയതി |
| പൂക്കൾ കൊണ്ടു വന്ന് മാല ഉണ്ടാക്കുന്നു | - | പുഷ്പാണി ആനീയ മാലാം രചയതി |
| അവൾക്ക് ഒരു പാട് ജോലി ഉണ്ടെടാ | - | തസ്യാഃ ബഹു കാര്യാണി സന്തി ഭോഃ ! |
| എനിക്കും പഠിക്കാൻ ഒരു പാടുണ്ട് | - | മമാപി ജഠനം ബഹു അസ്തി |
| പത്ത് മിനിറ്റുകൊണ്ട് കടയിൽ പോയിവാ എന്നിട്ട് പഠിച്ചോളൂ | - | ദശ നിമേഷാഭ്യന്തരേ ആപണം ഗത്വാ ആഗഛതു അനന്തരം പഠതു |
| എന്നാൽ വേഗം സഞ്ചിയും കാശും തരൂ | - | തർഹി ശീഘ്രം ധനം സ്യൂതം ച ദദാതു |
| അമ്മേ മിഠായി വാങ്ങിക്കോട്ടേ | - | അംബ!ചാകുലേഹം അപി സ്വീകരോമി വാ? |
| ഒരുപാടു വേണ്ട, ഒന്ന് വാങ്ങിക്കോളൂ | - | അധികം മാസ്തു, ഏകം സ്വീകരോതു |
| ഞാൻ സൈക്കിളിൽ ആണ് പോകുന്നത് | - | അഹം ദ്വിചക്രികയാ ഏവ ഗഛാമി |
| ശ്രദ്ധിച്ചു പോകണം | - | ശ്രദ്ധയാ ഗഛതു |
| ശരി അമ്മേ | - | അസ്തു അംബ |

# രാഗാർദ്രം



രമാ ശ്രീകുമാർ

പനിനീർ പൂവിൽ സുഗന്ധം മാത്രമല്ല സംഗീതവും ഒളിപ്പിച്ചിരിക്കുന്നു. സുഗന്ധവും സംഗീതവും ഒന്നു ചേർന്നുണ്ടായതാണീ പനിനീർപ്പൂവിൻ നിറം. ഒന്നും..... ഒന്നും വേർതിരിച്ചെടുക്കാനാവില്ല. അതെ! നമ്മിൽ നിന്ന് നമ്മെ വേർപിരിച്ചെടുക്കാനാവില്ല.

നമ്മളെത്ര സ്നേഹമായി ജീവിച്ചതാണ്. എന്നിട്ടും നീ എന്തിനാണെന്നെ മറ്റൊരാളെ ഏല്പിച്ചത്. ഞാനൊരു റാണിയെപ്പോലെ കഴിയണമെന്ന് നീ ആശിച്ചു. എന്നെങ്കിലും അത് നടക്കുമായിരുന്നല്ലോ, അതിനിടയ്ക്ക് നീ എന്തിനാണെന്നെ അകറ്റിയത്. എനിയ്ക്കറിയാം, നീ എന്നെ അകറ്റിയതല്ല. മനസ്സുകൊണ്ടെന്നെ അകറ്റാൻ നിനക്കാവില്ലല്ലോ. എനിക്കുമാവില്ല. ഞാനെന്താണ് ചെയ്യേണ്ടത്. എന്റെ കൃഷ്ണാ.... പാഞ്ചാലദേശത്ത് കഴിയുന്ന ദ്രൗപദിയുടെ ആത്മവേദന അങ്ങറിയുന്നില്ലേ. കൃഷ്ണനെപ്പോലെ എല്ലാമറിയുന്നവനാണോ അങ്ങ്. പ്രകടമാവാത്ത സ്നേഹം നിരർത്ഥകമല്ലേ? പിശുക്കനായ കുബേരന്റെ കയ്യിലെ സ്വർണ്ണനാണ്യങ്ങൾ പോലെ!എന്തൊക്കെയായാലും, ആ ചിരിയിലും കണ്ണീരിന്റെ നനവ് ഞാനറിയുന്നു. എനിക്ക് സഹിക്കാനാവുന്നില്ല. സ്നേഹവും, കണ്ണീരും പങ്കിട്ടനുഭവിച്ചവരല്ലെ നമ്മൾ. ഒരിക്കലും എന്നോടനിഷ്ടം തോന്നിയിട്ടില്ല എന്നെനിക്കറിയാം. എന്റെ ഭാവിയോർത്ത് എന്നെ സുരക്ഷിതമായ സ്ഥാനത്ത് ഏല്പിച്ചതാണോ. കുറച്ചു ദിവസം കഴിഞ്ഞ് എന്നെ കൊണ്ടു പോകാം എന്നാണല്ലോ എന്നോടു പറഞ്ഞത്. എന്റെ സമ്മതം നീ നോക്കിയില്ല. കൃഷ്ണാ, അവിടുന്ന് കൃഷ്ണയോട് കാണിച്ചതും ഇതു തന്നെയല്ലേ.

കൊട്ടാരസദൃശമായ ഈ വീടിനു മുന്നിൽ നീ എന്നെ നിറുത്തി ഓടിപ്പോയില്ലേ? നീയില്ലാതെ എനിക്കൊന്നുമറിയില്ലല്ലോ. എനിക്കൊന്നിനുമാവില്ലല്ലോ. ദേഹിയില്ലാദേഹം പോലെ തളർന്നു നിന്ന എന്നെ ആരോ വന്ന് വീടിനുള്ളിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. നീ പറഞ്ഞേല്പിച്ച മാതിരി. എനിക്ക് ചൈതന്യം നഷ്ടപ്പെട്ടിരുന്നു. ഞാനിവിടെ ഒതുങ്ങി നിന്നു. എന്റെ മുന്നിലൂടെ ആരൊക്കെയോ അങ്ങോട്ടുമിങ്ങോട്ടും പോകുന്നു, വരുന്നു. ഞാനാരെയും കണ്ടില്ല. എന്നെ എല്ലാവരും കണ്ടുവോ. നിന്നെ മാത്രം കാത്ത് ഞാൻ നിന്നു. നീ മാത്രം വന്നില്ല. ഒരു ചെറുപ്പക്കാരൻ വന്ന് എന്റെ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നുണ്ട്. വാല്യക്കാരി ആണെന്ന് തോന്നുന്നു, എന്നെ പ്രൗഢയായ ഒരമ്മയുടെ മുന്നിലെത്തിച്ചു. സ്നേഹവും, സഹതാപവും നിറഞ്ഞ നോട്ടം എന്റെ നേരെ വന്നു. എന്നോടൊന്നും ചോദിച്ചില്ല. ഓരോ നിമിഷം കൊഴിയുമ്പോഴും നിന്നെ ഞാൻ പ്രതീക്ഷിച്ചു. അവിടെല്ലാവരും എന്നെ അതിഥിയെപ്പോലെ കണ്ടു, പെരുമാറി. പകലും രാത്രിയും അവിടെ തിരിച്ചറിയാൻ വയ്യായിരുന്നു. എപ്പോഴോ നീ വന്നു. മഴ കണ്ട വേഴാമ്പലിനെപ്പോലെ എന്റെ മനം തുള്ളിച്ചാടി. നിന്റെ ചിരിയിൽ നിസ്സഹായത നിറയുന്നത് ഞാനറിഞ്ഞു. നീ ചിരിച്ചുകൊണ്ടേ ഇരുന്നു. എന്നെ സന്തോഷിപ്പിക്കാനെന്ന വണ്ണം. വീണ്ടും നീ പോയപ്പോൾ ഞാനോർത്തു നീയിതെന്തു ഭാവിച്ചാ. അവരുടെ സൗമ്യമായ പെരുമാറ്റത്താലും സ്നേഹ ത്താലും എന്റെ ഉള്ളൊന്നു തണുത്തു തുടങ്ങി.

ആ ചെറുപ്പക്കാരൻ എന്നോട് സ്നേഹത്തോടും ബഹുമാനത്തോടും പെരുമാറി. തിരിച്ചും ബഹുമാനം തോന്നി. ഒരതിഥിയെപ്പോലെ ഞാൻ കഴിഞ്ഞു. അപ്പോഴും ഞാൻ കാത്തിരുന്നു, നീ വരുമെന്നും എന്നെ കൊണ്ടു പോകുമെന്നും. നിന്നെ ഒറ്റയ്ക്കു കിട്ടിയിട്ടു വേണം നിന്നോടു വഴക്കുണ്ടാക്കാൻ. അത്രയ്ക്കുമേൽ നീ എന്റെ ക്ഷമയെ പരീക്ഷിച്ചുവല്ലോ. അറിവില്ലായ്മയുടെ ആകത്തുകയാണ് ഞാനെങ്കിലും നിന്നിലെ ആശാനിരാശകൾ ഞാനറിയുന്നുവല്ലോ.

എനിക്കറിയാം മഞ്ഞിൻ കണമേന്തി നിൽക്കും. പുൽക്കൊടിത്തുമ്പുപോലും നോവാതെ നീ വ

രും. വന്നു. എല്ലാവരോടും നീ സംസാരിച്ചു, എന്നെ നോക്കി നീ ചിരിച്ചു; പോയി. വീണ്ടും, വീണ്ടും നീ വന്നു. നിന്റെ ചിരിയും വിളറി വന്നു. ഞാനറിഞ്ഞു, എനിക്ക് മാത്രമറിയാവുന്ന നിന്റെ ഭാവങ്ങളിലെ, ചിന്തകളിലെ മാറ്റം. നിന്റെ കണ്ണുകൾ, നിന്റെ മൂക്ക്, നിന്റെ ചുണ്ടുകൾ എന്തിന് ഓരോ രോമകൂപങ്ങളിലും ഞാനായിരുന്നു. നിന്റെ കണ്ണുകളിലെ പ്രതിബിംബവും ഞാനായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനം ജ്വലിക്കുന്ന രണ്ടു ബിന്ദുക്കൾ കയ്യടക്കിയിരിക്കുന്നു. എങ്കിലും നിനക്കെന്നെ കാണാതിരിയ്ക്കാനാവില്ലെന്ന് ഞാൻ വിശ്വസിച്ചു.

അപ്പോഴേയ്ക്കും ഇവിടുത്തെ ചെറുപ്പക്കാരന് എന്നെ ഒഴിവാക്കാൻ കഴിയാതെ വരുന്നതായി ഞാൻ തിരിച്ചറിഞ്ഞുതുടങ്ങി. സുമുഖനായ ആരും ബഹുമാനിച്ചു പോകുന്ന വ്യക്തിത്വം. ഇവിടെ എല്ലാവരുമെന്നെ സ്നേഹപാശത്താൽ ബന്ധിച്ചു. ആ അമ്മയ്ക്കും ഞാനാരൊക്കെയോ ആയിപ്പോയിരുന്നു. അപ്പോഴും നീ എന്നെ കാണാൻ വന്നു. നിന്റെ കണ്ണുകളിലും ചിരിയിലും രക്തച്ഛവി കലരുന്നത് ഞാൻ കണ്ടു. ഞാൻ നിന്നോടൊപ്പം വരാൻ തയ്യാറായിട്ടും നിനക്ക് കൊണ്ടുപോകാനോ, എനിക്ക് വരാനോ കഴിഞ്ഞില്ലല്ലോ. ഞാൻ നിന്റെയാണെന്നും നീ എന്റെയാണെന്നും ആ ചെറുപ്പക്കാരനും എല്ലാവർക്കുമറിയാം. അവർ ബോധപൂർവ്വം എന്നെ ആ ചെറുപ്പക്കാരന്റെ ഭാര്യ ആക്കാൻ പോകുന്നു. നിന്നെയും അവരിഷ്ടപ്പെടുന്നു. അതിനാലവർ നിനക്കുമൊരു പെണ്ണിനെ കണ്ടെത്തുന്നു. പൊന്നും പണവും ഇല്ലാത്ത എന്നെ സ്വീകരിച്ചുകൊണ്ടും, പൊന്നും പണവും ഉള്ള പെണ്ണിനെ നിനക്ക് സ്നേഹത്തോടെ.... ആ ഉത്തരവാദിത്വവും അവർ എന്നെയാണല്ലോ ഏല്പിക്കുന്നത്. വയ്യാ... എനിക്കിനി ഒന്നിനുമാവില്ല. എന്റെ ശരീരം തളരുന്നു. ഓർമ്മകൾ മറയുന്നു. കൈകൾ കുഴയുന്നു. എനിക്ക് കണ്ണ് കാണാൻ കഴിയുന്നില്ല. ചുറ്റും അന്ധകാരം, സർവ്വത്ര അന്ധകാരം.

പെട്ടെന്ന് ഞാനൊന്നു ഞെട്ടി കണ്ണു തുറന്നു. അതെ! വിട്ടുപോകാത്തവണ്ണം എന്നെ കെട്ടിപ്പിടിച്ചു നീ ഉറങ്ങുന്നു. ഉള്ളിലൂറിയ ചിരിയോടെ ശാന്തമായി നിന്റെ നെഞ്ചിൽ മുഖം ചേർത്ത് ഞാൻ ഉണർന്നു കിടന്നു. ●

(കവിത)

# ആത്മദർശനം

**ആർ. പുരുഷോത്തമൻ നായർ**

നീ തന്നെ ഞാനെന്നറിയാത്തൊരെന്നിൽ
ഞാനെന്നഭാവം നിറഞ്ഞു നിൽക്കെ
എന്തിനെയൊക്കേയോയെത്തിപ്പിടിക്കുവാൻ
ചിന്തകളാകെയലഞ്ഞുപോകെ
അജ്ഞാനമാകുന്നൊരന്ധകാരം
അന്തമില്ലാതെ വിഴുങ്ങിനിൽക്കെ
മോഹ മൊടുങ്ങാത്തമോഹങ്ങളെന്നുള്ളിൽ
മായാവലയങ്ങൾ തീർത്തു നിൽക്കെ
ഉള്ളിലേക്കിത്തിരിനോക്കുവാനോ
ഉള്ളിലെ സത്യത്തെ തേടുവാനോ
ആയില്ലയിന്നോളമാകുലൻ ഞാൻ
ആകുമോയിനിയുള്ളനാളുപോകെ!

മാനവരാശിയെയൊന്നിച്ചുനിർത്തുന്ന
ധർമ്മത്തിനുറവിടം നീയെന്നസത്യവും
ഞങ്ങൾ തൻസന്തുഷ്ടിപൂർണ്ണമായും
നിന്നിൽകുടികൊണ്ടുനിൽക്കുന്നകാര്യവും
നിന്നിൽ ലയിക്കവേ മാത്രം ലഭിക്കുന്ന
ശാന്തി,യനശ്വരശാന്തിയാണെന്നതും
എന്തേ,യറിഞ്ഞീലയിക്കാലമത്രയും
എത്രനിരർത്ഥമായ് എന്റെയീജീവിതം!
നിന്നെദർശിക്കുവാൻ,നിന്നിലലിയുവാൻ
ഇനിയുള്ളനാളുകളെത്രതുച്ഛം!
എങ്കിലുമതുമാത്രമെന്റെലക്ഷ്യം
തേടുകനിന്നെയെന്നാത്മലക്ഷ്യം!

# ഉണ്ണിഗണപതി നൽകിയ രാമനാട്ടം



ഇന്ദിരാഭായി

രാമനാട്ടം കൊട്ടാരക്കര ഗണപതി ഭഗവാന്റെ അനുഗ്രഹത്താൽ കൊട്ടാരക്കര തമ്പുരാന്റെ തൂലികയാൽ രചിക്കപ്പെട്ട ഒരു കലാരൂപമാണ്. ദക്ഷിണകേരളത്തിലെ പല പ്രത്യേക സാഹചര്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടായ ഒരു കലാരൂപമായ രാമനാട്ടം, കലാപരവും സാഹിത്യപരവുമായ ഒരു വഴിത്തിരിവായിട്ടാണ് ആവിർഭവിച്ചത്. രാമനാട്ടത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാൻ ഭാഷയ്ക്കു പ്രാധാന്യമുള്ള മണിപ്രവാള ശൈലിയിലാണ് രാമനാട്ടം ആട്ടക്കഥ രചിച്ചിരിക്കുന്നത്. രാമനാട്ടത്തിലൂടെ ഒരു പുതിയ കലാരൂപത്തിന്റെ ആവിഷ്കാരമാണ് അദ്ദേഹം നടത്തിയത്. തനതായ വ്യക്തിത്വവും സ്വതന്ത്രമായ കാഴ്ചപ്പാടും ഉൾക്കൊള്ളുന്ന കലാരൂപമായ രാമനാട്ടത്തിന്റെ ആവിർഭാവത്തോടെ എല്ലാ വിഭാഗക്കാരുടെയും കലാവൈഭവങ്ങൾക്ക് പ്രകടനസ്വാതന്ത്ര്യം ലഭിച്ചു. കൃഷ്ണഗീതിയിൽ നിന്നും വിഭിന്നവും ലളിതവുമായ കൃതിയാണ് രാമനാട്ടം. പ്രാചീനകേരളത്തിൽ നിലനിന്നിരുന്ന മതസംബന്ധികളായ നടനകലാപ്രസ്ഥാനങ്ങളുടെയും ലൗകികങ്ങളായ ഇതര ദൃശ്യകലകളുടെയും സമുചിത സമ്മേളനത്തിൽനിന്നുമുണ്ടായ ഒരു വിശിഷ്ടകലയാണ് രാമനാട്ടം അഥവാ കഥകളി. കേരളത്തിന്റെ പരിണാമഗതിയിലുണ്ടായ ഒരു വിശേഷ വികാസമായിട്ടാണ് കഥകളി ആവിർഭവിച്ചത്. ക്ഷേത്രത്തിന്റെ മതിൽക്കെട്ടിനുള്ളിൽ നിന്ന് വെളിയിലിറങ്ങിച്ചെല്ലുവാനുള്ള സ്വാതന്ത്ര്യം കഥകളിയുടെ ആവിർഭാവത്തോടെ ക്ഷേത്രകലകൾക്കുണ്ടായി. രാമനാട്ടത്തിന്റെ വരവോടു കൂടി കലയ്ക്ക് ജനകീയ രംഗപ്രവേശം ലഭിച്ചു. സംസ്കൃത ഭാഷയിൽ രചിക്കപ്പെട്ട കൃഷ്ണനാട്ടത്തിന്റെ കൂടുതൽ ജനകീയമായ രൂപമാണ് രാമനാട്ടമെന്നും രാമനാട്ടമാണ് ഇന്നത്തെ കഥകളിയായിതീർന്നതെന്നും കരുതുന്നു. രാമായണ കഥയിലെ പ്രധാന സംഭവങ്ങളായ പുത്രകാമേഷ്ടി, സീതാ സ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം എന്നിങ്ങനെ എട്ടു ഖണ്ഡങ്ങളായിട്ടാണ് രാമനാട്ടം എന്ന നാട്യപ്രബന്ധം അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. രാമനാട്ടത്തിലെ പ്രഥമപദ്യത്തിൽ തന്നെ വിഘ്നേശ്വരനായ ഗണപതിയേയും, വാഗ്ദേവതയായ സരസ്വതിദേവിയേയും ആദികവിയായ വാല്മീകിയേയും കഥയിലെ നായികാനായകൻ മാരായ ജാനകിരാമൻമാരേയും സ്തുതിച്ചിരിക്കുന്നു.



കൊട്ടാരക്കര തമ്പുരാന്റെ ഭാവനയിൽ നിന്നുടലെടുത്ത ലളിതവും ജനകീയ സ്വഭാവമുള്ളതുമായ രാമനാട്ടം കലാരൂപത്തിൽ നൃത്താഭിനയപരവും സംഗീതപ്രധാനവുമായ ഒരു ഗീതികാവ്യത്തിന്റെയും ദൃശ്യകാവ്യത്തിന്റെയും മൗലികലക്ഷണങ്ങൾ ഒത്തിണങ്ങിയിരിക്കുന്നു. ആദ്യകാലത്ത് രാമനാട്ടത്തിൽ നടൻ തന്നെ പാടി അഭിന യിച്ചിരുന്നു എന്നും പിന്നീടാണ് പിൻപാട്ടു സമ്പ്രദായം ഏർപ്പെടുത്തിയതെന്നും കരുതുന്നു. വൈദേശിക കലകളുടെ വിദൂരസ്പർശം പോലുമില്ലാത്ത ഒരു അസുലഭ കലാരൂപമായ കഥകളി ഇന്ന് ലോകത്തുള്ളതിൽ വച്ചേറ്റവും ശക്തമായ ദൃശ്യകലയായി വളർന്നുകഴിഞ്ഞു. ഈ പൂർണ്ണത ഒരു ദിവസം കൊണ്ടുണ്ടായതല്ല. പ്രതിഭാശാലികളായ കലാകാരൻമാരുടെ ബുദ്ധിപൂർവ്വകവും രസവാസനാപ്രചോദകങ്ങളുമായ പ്രവർത്തനങ്ങളുടെ ഫലമായാണ് രാമനാട്ടം അഥവാ കഥകളി ഇന്നത്തെ നിലയിലെത്തിയത്. അനന്യസാധാരണമായ സംവിധാനമനോഹാരിതയാണ് കഥകളിയുടെ മുഖ്യ ആകർഷണം. സാഹിത്യം, അഭിനയം, ആലേഖ്യം, പ്രതിമാശില്പം തുടങ്ങി മനുഷ്യ ജീവിതത്തിലെ എല്ലാ വൈചിത്രങ്ങളേയും സ്പഷ്ടമായും തന്മയത്വത്തോടും

പ്രകാശി പ്പിക്കുവാൻ കഴിവുള്ള ഒരു പൂർണ്ണകല യാണ് കഥകളി. കഥകളിയിലെ കലാംശം കരചര ണവിന്യാസങ്ങൾ താളമേളങ്ങളോടുകൂടി യോ ജിപ്പിച്ചു കൊണ്ട് നടൻമാർ ചെയ്യുന്ന ഹസ്തവി ക്ഷേപ സമന്വിതമായ നൃത്തവിശേഷമാണ്. സാ ങ്കേതികമായി നോക്കിയാൽ കഥകളി നൃത്തവി ഭാഗത്തിലാണ് ഉൾപ്പെടുന്നത്.

കൊട്ടാരക്കരയാണ് കഥകളിയുടെ ജന്മദേശം. വേണാടു രാജവംശത്തിന്റെ ശാഖയായ ഇളയി ടത്തു സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്നു കൊ ട്ടാരക്കര. വീര കേരളവർമ്മ എന്ന കൊട്ടാരക്കര തമ്പുരാൻ കിഴക്കേ കോവിലകത്താണ് ഭൂജാത നായത്. അക്കാലത്ത് സമ്പൽസമൃദ്ധമായ നാടാ യിരുന്നു കൊട്ടാരക്കര. ഈ സമ്പൽ സമൃദ്ധി ക ലാ പോഷണത്തിന് വഴിയൊരുക്കി. കലകളിൽ തല്പരനായിരുന്ന കൊട്ടാരക്കര തമ്പുരാൻ കിഴ ക്കേ കോവിലകത്തു നടന്ന ഒരു അടിയന്തിരത്തി ന് കളിക്കാൻ കൃഷ്ണനാട്ടക്കാരെ അയച്ചു തര ണമെന്ന് കോഴീക്കോട് മാനവേദൻ സാമൂതിരി യോടഭ്യർത്ഥിച്ചു. സാമൂതിരി ഈ അഭ്യർത്ഥന നിരസിച്ച് കൃഷ്ണനാട്ടം ആസ്വദിക്കുവാൻ കഴി വുള്ളവർ തെക്കൻദേശത്തില്ലെന്നു പറഞ്ഞ് കളി യാക്കുകയും ചെയ്തു. ശക്തനായ കൊച്ചി രാ ജാവിന്റെ രാജ്യം കടന്നു തെക്കൻ നാട്ടിലേക്കു വരുവാനുള്ള ഭയം മറച്ചു വെയ്ക്കുവാൻ വേണ്ടി യാണ് ഇങ്ങനെ ഒരു ബുദ്ധി പ്രയോഗിച്ചത് എ ന്നും പറയപ്പെടുന്നു. സത്യമെന്തായാലും സാമൂ തിരിയുടെ കളിയാക്കലിൽ ദുഃഖിതനായ തമ്പു രാൻ തനിക്കും കൊട്ടാരക്കരയ്ക്കുമേറ്റ അപമാ നത്തിനു പകരം വീട്ടുവാനുള്ള മാർഗ്ഗം ചിന്തിച്ച് കൊട്ടാരക്കര മഹാഗണപതിയുടെ തിരുനടയിലെ ത്തി പ്രാർത്ഥനാനിരതനായി. ഈ സമയം ഒരു പുതിയ കലാരൂപത്തെക്കുറിച്ച് തമ്പുരാന്റെ മന സ്സിൽ തെളിയുകയും ചിറയുടെ കരയിൽ ഇരുന്ന തമ്പുരാന്റെ മുന്നിൽ കളിവേഷങ്ങളൊന്നൊന്നാ യി ചിറയിൽ തെളിഞ്ഞു വരുകയും ചെയ്തു. അങ്ങനെ കൊട്ടാരക്കര ഗണപതി ഭഗവാന്റെ അ നുഗ്രഹമായി ലഭിച്ച രാമനാട്ടം വിശ്വോത്തരകല യായ കഥകളിയായി രൂപം കൊണ്ടു. ആദ്യമായി കളിവിളക്കു തെളിയിച്ചതും കൊട്ടാരക്കര ഗണ പതിയുടെ തിരുനടയിലാണ്. ഇന്നും കൊട്ടാര ക്കര ഗണപതിക്ക് കഥകളി ഇഷ്ടവഴിപാടാണ്. പാ ളകളിലെഴുതിയ കിരീടം ധരിച്ച് അവതരിപ്പിക്ക പ്പെട്ടിരുന്ന പുരാണ കഥാവലംബിയായ പരപ്പേ റ്റം എന്ന പ്രാചീന കലാരൂപം കുലശേഖരനല്ലൂർ ക്ഷേത്രത്തിൽ പണ്ട് അരങ്ങേറിയിരുന്നു എന്നും കൊട്ടാരക്കര തമ്പുരാന് ഈ കലാരൂപം കഥക ളി രചനയ്ക്ക് പ്രോത്സാഹനം നൽകിയിട്ടുള്ളതാ യും ചരിത്രരേഖകളിൽ കാണുന്നുണ്ട്.

കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീ മഹാഗ ണപതിയുടെ തിരുസന്നിധിയിലാണ് കഥകളി എ ന്ന വിശ്വോത്തര കല പിറവിയെടുത്തത്. കഥക ളിയുടെ ജനയിതാവായ കൊട്ടാരക്കരതമ്പുരാന് അതിനുള്ള മാർഗ്ഗം കാട്ടികൊടുത്തത് മണിക ണ്ഠേശ്വരത്തെ ശ്രീ മഹാഗണപതിയാണ്. നൂറ്റാ ണ്ടുകളുടെ ചരിത്രവും, സംസ്കാരവും സമന്വ യിക്കുന്ന സംഗമഭൂമിയാണ് കൊട്ടാരക്കര മണി കണ്ഠേശ്വരം ശ്രീമഹാഗണപതിക്ഷേത്രം. ഉണ്ണി ഗണപതിയുടെ പ്രതിഷ്ഠയോടെയാണ് ഈ ക്ഷേ ത്രം പ്രസിദ്ധമായത്. പടിഞ്ഞാറ്റിൻകര മഹാദേ വക്ഷേത്രം, ശ്രീമഹാഗണപതി ക്ഷേത്രം, പനയ് ക്കൽ മഹാദേവക്ഷേത്രം എന്നീ മൂന്നു ശിവക്ഷേ ത്രങ്ങൾ അടുത്തടുത്തായി സ്ഥിതി ചെയ്യുന്നു. ഇതിൽ ശ്രീ മഹാഗണപതി ക്ഷേത്രവും ശിവ ക്ഷേത്രമാണെങ്കിലും ഉപദേവനായ ഗണപതി ക്കാണ് പ്രാധാന്യം. പടിഞ്ഞാറ്റിൻകര മഹാദേവ ക്ഷേത്രം ഇളയിടത്തുസ്വരൂപത്തിന്റെ കുലദേവ നാണ്. ഇളയിടത്തു സ്വരൂപം പണ്ട് പ്രസിദ്ധി നേ ടിയ നാട്ടുരാജ്യമായിരുന്നു. രാജകുടുംബത്തിലെ തായ്‌വഴികൾക്കു താമസിക്കുവാനായി ഏഴു കൊ ട്ടാരങ്ങൾ ഇവിടെ തലയുയർത്തി നിന്നിരുന്നു. കൊട്ടാരം നിന്ന കര കൊട്ടാരക്കരയായി അറിയ പ്പെട്ടു. ഇളയിടത്തു സ്വരൂപം വേണാട്ടരചന്റെ അ ധീനതയിലായപ്പോൾ കൊട്ടാരക്കര പ്രസിദ്ധമാ യി. കിഴക്കും പടിഞ്ഞാറും ഗ്രാമതലത്തെ വിഭ ജിച്ചു കൊണ്ട് ഇവിടെ ഒരു തോട് ഒഴുകിയിരു ന്നു. തോടിന്റെ കിഴക്കേക്കരയിൽ രൂപികരിക്ക പ്പെട്ട ആരാധനാലയമാണ് കിഴക്കേക്കര മഹാദേ വക്ഷേത്രം. ഈ ക്ഷേത്രം രണ്ടു മനക്കാരുടെ ഉ ടമസ്ഥതയിലായിരുന്നു. തൃശ്ശൂർ ഊമംപള്ളി മ ന, ആലുവ അകവൂർമന എന്നിവരായിരുന്നു ഊ രാണ്മക്കാർ. ഈ മനകളിലെ നമ്പൂതിരിമാരുടെ സമയമനുസരിച്ചു മാത്രമേ രാജാവിനു ക്ഷേത്ര ദർശനം സാധിച്ചിരുന്നുള്ളു. രാജാവ് ഇതിനു പ രിഹാരമായി മനക്കാരുമായി പിണങ്ങി പടിഞ്ഞാ റ്റിൻകരയിൽ ഒരു ക്ഷേത്രം പണികഴിപ്പിച്ച് പടി ഞ്ഞാറ് ദർശനമായി മഹാദേവപ്രതിഷ്ഠയും നട ത്തി. പടിഞ്ഞാറ്റിൻകര ക്ഷേത്രത്തിന്റെ പണി ന ടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സന്ധ്യാസമയത്ത്

ഒരു വൃദ്ധൻ തണുത്തു വിറച്ച് അവിടെയെത്തി. അവിടെയുണ്ടായിരുന്ന പണിക്കാർ തണുപ്പകറ്റാനായി തീ കായാൻ പ്ലാവിൻ തടിയുടെ വേരുകൾ അദ്ദേഹത്തിനു നൽകി. ഈ വേരിൽ അദ്ദേഹം തന്റെ കരവിരുതുകൾ കാണിക്കുന്നതു കണ്ട് അത്ഭുതപ്പെട്ട പണിക്കാർ അദ്ദേഹത്തെ രാജാവിനു പരിചയപ്പെടുത്തി. വൃദ്ധനായ മൂത്താശ്ശാരിയുടെ കഴിവു കണ്ടറിഞ്ഞ രാജാവ് ക്ഷേത്രപ്പണികളുടെ ചുമതല അദ്ദേഹത്തെ ഏല്പിച്ചു. പിന്നീടാണ് ഈ മൂത്താശ്ശാരി തച്ചുശാസ്ത്ര വിദഗ്ദ്ധനായ പെരുന്തച്ചനാണെന്നു മനസ്സിലായത്. കേതുദശയുടെ ദോഷപരിഹാരാർത്ഥം ദേശാടനം നടത്തവേയാണ് പെരുന്തച്ചൻ അവിടെയെത്തിയത്. ക്ഷേത്രപ്പണികളോടൊപ്പം തനിക്കു തീകായാൻ കിട്ടിയ പ്ലാവിൻ വേരിൽ പെരുന്തച്ചൻ ശ്രദ്ധാപൂർവ്വം ഒരു ഉണ്ണി ഗണപതി വിഗ്രഹം കൊത്തിയെടുത്തു. ക്ഷേത്രത്തിന്റെ പണി പൂർത്തിയായി പ്രതിഷ്ഠാതീയതിയും മുഹൂർത്തവും കുറിപ്പിച്ചു. തന്റെ ഉണ്ണിഗണപതിയെ കൂടി പ്രതിഷ്ഠിക്കണമെന്ന് ആഗ്രഹം പെരുന്തച്ചൻ രാജാവിനെ അറിയിക്കുകയും രാജാവ് ഈ ആഗ്രഹം നിരസിക്കുകയും ചെയ്തു. നിരാശനായ പെരുന്തച്ചൻ തന്റെ ഉണ്ണിഗണപതിയേയും കൊണ്ട് കിഴക്കേക്കര ശിവക്ഷേത്രത്തിലെത്തി. ഈ സമയം അവിടെ ചൈതന്യലോപമുണ്ടാവാതിരിക്കുന്നതിനുള്ള പൂജകൾ നടക്കുകയായിരുന്നു. പെരുന്തച്ചൻ തന്റെ ആഗ്രഹം നമ്പൂതിരിമാരെ അറിയിച്ചു. അവർ ഗണപതിയെ പ്രതിഷ്ഠിക്കുവാൻ അനുവദിച്ചു. പ്രതിഷ്ഠാസ്ഥാനം നിശ്ചയിക്കുവാൻ അദ്ദേഹത്തെ അകത്തേയ്ക്കു വിളിച്ചു.

പ്രൗഢി താൻ പണി ചെയ്ത പടിഞ്ഞാറ്റിൻകര ക്ഷേത്രത്തിലും പ്രശസ്തി കിഴക്കേകര ക്ഷേത്രത്തിലും ഇരിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് അദ്ദേഹം അകത്തേയ്ക്കു കയറി. പടിഞ്ഞാറെനട ഭഗവതിക്കും വടക്കേനട ഗംഗാദേവിയുടെ സഞ്ചാരപഥവുമാണ്. തെക്കുഭാഗത്ത് തിടപ്പള്ളിയിലേക്ക് നോക്കിയിരിക്കുന്നത് ലംബോദരനായ ദേവന് ഉത്തമ സ്ഥാനമായിരിക്കും എന്നും ഇവിടെയിരുന്നാൽ ശക്തിമംഗല്യമൂർത്തി സിദ്ധിവിനായകനായി കീർത്തിമാനാകും എന്നും നമ്പൂതിരിമാരെ അദ്ദേഹം അറിയിച്ചു. പടിഞ്ഞാറ്റിൻകര ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തിയ അതേ സമയം തന്നെ ശ്രീകോവിലിനു പുറത്ത് തെക്കോട്ടു ദർശനമായി പെരുന്തച്ചൻ താൻ നിർമ്മിച്ച ഉണ്ണിഗണപതിയുടെ ദാരുവിഗ്രഹം പ്രതിഷ്ഠിച്ചു. രണ്ടു കൊമ്പുകളോടു കൂടിയ ബാലഗണപതിയുടെ രൂപത്തിലാണ് വിഗ്രഹം. പീഠമുൾപ്പടെ മൂന്ന് അടിയോളം ഉയരം വരും. തുമ്പികൈയ്യും നാലു തൃകൈകളുമുണ്ട്. കൈകളിൽ പാശം, അങ്കുശം, മോദകം, കദളിപ്പഴം ഇവയുമുണ്ട്. പ്രതിഷ്ഠ കഴിഞ്ഞ് നിവേദ്യം സമർപ്പിക്കുവാൻ അന്നത്തെ നിവേദ്യം കഴിഞ്ഞു പോയതിനാൽ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ അന്നു നിവേദ്യത്തിനെടുക്കാത്ത ഒരു ഉണ്ണിയപ്പം പാത്രത്തിലിരിക്കുന്നത് ശ്രദ്ധയിൽ പെടുകയും ആ ഒരു ഉണ്ണിയപ്പം ഗണപതിക്കു നിവേദിക്കുകയും ചെയ്തു. അങ്ങനെ ഉണ്ണിയപ്പം കൊട്ടാരക്കര ഗണപതിയുടെ ഇഷ്ടവഴിപാടായി മാറി. ഗണപതിയെ പ്രതിഷ്ഠിച്ച അന്നുമുതൽ ഈ ശിവക്ഷേത്രത്തിൽ പെരുന്തച്ചൻ പ്രതിഷ്ഠിച്ച ഗണപതിക്കാണ് മഹാദേവനേക്കാൾ പ്രാധാന്യം. ശ്രീപാർവ്വതി, അയ്യപ്പൻ, മുരുകൻ, നാഗരാജാവ്, നാഗയക്ഷി, ഗംഗാ സങ്കല്പത്തിൽ വിശാലമായ കുളം എന്നിവയുണ്ട്. കുളത്തിന്റെ കരയിലായി മണികണ്ഠനാൽത്തറയെന്നറിയപ്പെടുന്ന ആൽതറയും കാണാം. പറയിപെറ്റ പന്തിരു കുലത്തിലെ പെരുന്തച്ചൻ രൂപകല്പന ചെയ്തു പ്രതിഷ്ഠിച്ച വിഘ്നേശ്വര വിഗ്രഹം കണ്ടു വണങ്ങുവാൻ വേണ്ടി മണികണ്ഠൻ എന്നു പേരായ ഒരാൾ ഈ ക്ഷേത്രത്തിലെത്തിയിരുന്നു. പിന്നീട് അദ്ദേഹം ക്ഷേത്രം വിട്ടുപോകാതെ ആൽത്തറയിൽ തന്നെ കഴിഞ്ഞു വന്നു. നാട്ടുകാരുടെ ഇടയിലദ്ദേഹം മണികണ്ഠസ്വാമിയായി മാറി. മണികണ്ഠസ്വാമി വസിച്ച സ്ഥലത്തിന് മണികണ്ഠനാൽത്തറയെന്നും ക്ഷേത്രത്തിന് മണികണ്ഠേശ്വരം ശ്രീ മഹാഗണപതിക്ഷേത്രം എന്നും പേരു വന്നു എന്ന് പറയപ്പെടുന്നു. പണ്ടുകാലത്ത് ഈ ക്ഷേത്രത്തിലെ ചിറയുടെ കരയിൽ ഒരു മാടൻ മൂർത്തിയുടെ അധിവാസമുണ്ടായിരുന്നു. മാടൻമൂർത്തി ജനങ്ങൾക്കു ഉപദ്രവമായി മാറിയപ്പോൾ ക്ഷേത്രത്തിലെ തന്ത്രി മാടസ്വാമിയെ ഒരു ഇരുമ്പുവളയത്തിലാവഹിച്ച് ഗണപതിയുടെ കാലിൽ തളച്ചിട്ടു. അത് ഇന്നും കാണാവുന്നതാണ്.

കൊട്ടാരക്കര ഉണ്ണിഗണപതിക്കേറ്റവും പ്രിയങ്കരനായ ഗജവീരനായിരുന്നു കൊട്ടാരക്കര കൃഷ്ണൻകുട്ടി. എഴുപതു വർഷത്തിലധികം പടിഞ്ഞാറ്റിൻകര, കിഴക്കേക്കര ക്ഷേത്ര ങ്ങളിലെ തിടമ്പേറ്റിയ ഗജവീരനെ നാട്ടുകാർക്കും ഇഷ്ടമായിരുന്നു. കൃഷ്ണൻകുട്ടി പതിവായി പോയിരുന്ന വഴികളിലെ ചില വീടുകളുടെ മുമ്പിലെത്തുമ്പോൾ പ

തിയെ നില്ക്കും. അവിടെനിന്ന് ഒരു പഴമോ ഒരുണ്ട ശർക്കരയോ, ഒരു തേങ്ങയോ കിട്ടിയാൽ സന്തോഷത്തോടെ നടന്നു നീങ്ങുകയും ചെയ്യു മായിരുന്നു. കൃഷ്ണൻകുട്ടി ശാന്തനാണെങ്കിലും ഭഗവാന്റെ തിടമ്പേറ്റി നടന്നു നീങ്ങുമ്പോൾ മുന്നിൽ കൊണ്ടു പോകുന്ന കുത്തുവിളക്കിനെ ആരും മറികടക്കാൻ പാടില്ല. മറികടന്നാൽ ശാന്ത സ്വഭാവി ഉഗ്രരൂപിയായി മാറും. എഴുപതിൽപരം വർഷങ്ങൾക്കിടെ ഒരിക്കൽ മാത്രം അങ്ങനെ സംഭവിച്ചു. ഈ സംഭവം ക്ഷേത്രപുനരുദ്ധാരണത്തിനു വഴി തെളിച്ചു. അന്നു മുതൽ ഗജരാജൻ നാട്ടുകാർക്കു കൂടുതൽ പ്രിയങ്കരനായി മാറി. 91–ാം വയസ്സിൽ തിരുവിതാംകൂർ ദേവസ്വംബോർഡും രണ്ടു ക്ഷേത്രങ്ങളിലെ ഉപദേശക സമിതിയും ചേർന്ന് കൃഷ്ണൻകുട്ടിയെ ഗജമുത്തച്ഛപട്ടം നൽകി ആദരിച്ചു. 94 -ാം വയസ്സിലായിരുന്നു കൃഷ്ണൻകുട്ടിയുടെ അന്ത്യം. രണ്ടു ക്ഷേത്രങ്ങളിലെ മേൽശാന്തിമാരാണ് ചിതയ്ക്ക് തീ കൊളുത്തിയത്. മരണശേഷം ക്ഷേത്രത്തിനു മുന്നിൽ അതേ വലുപ്പത്തിലുള്ള പ്രതിമയായി കൃഷ്ണൻകുട്ടിയെന്ന ഗജവീരൻ ഉണ്ണിഗണപതിയുടെയും ദേശവാസികളുടെയും പ്രിയങ്കരനായി നിലകൊള്ളുന്നു.

രാമനാട്ടം അഥവാ കഥകളിയെന്ന കലാരൂപത്തെ നമുക്കു സമ്മാനിച്ച കൊട്ടാരക്കര തമ്പുരാനേയും കഥകളിയെ ഒരു വിശ്വോത്തരകലയാക്കി ഇന്നത്തെ രൂപത്തിൽ നമുക്കു നൽകിയ ഗുരുവര്യൻമാരേയും കലാകാരൻമാരെയും ഒരിക്കൽകൂടി ഭക്ത്യാദരപൂർവ്വം നമിക്കുന്നു. ലോകത്തുള്ളതിൽ വച്ചേറ്റവും ശക്തമായ ഒരു കലാരൂപമായ കഥകളിയെ മലയാളിക്കു സമ്മാനിച്ച കൊട്ടാരക്കരയുടെ അധിപനായ വിഘ്ന വിനായകൻ അനുഗ്രഹിച്ചാൽ നേടാനാവത്തതായി ഒന്നുമില്ല. വിഘ്നേശ്വരാനുഗ്രഹമുണ്ടെങ്കിൽ ഏതു സംരംഭവും പൂർണ്ണമാവുകയും ചെയ്യും. കഥകളിയെ സ്നേഹിക്കുന്ന, ആസ്വദിക്കുന്ന എല്ലാവർക്കും ഒരിക്കലെങ്കിലും കഥകളിയുടെ ഈറ്റില്ലമായ കൊട്ടാരക്കരയിലെത്തി കൊട്ടാരക്കര ഗണപതി ഭഗവാനെ ദർശിച്ചനുഗ്രഹം വാങ്ങുവാൻ അവസരമുണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ

സർവ്വവിഘ്ന ഹരം ദേവം
സർവ്വവിഘ്ന വിവർജ്ജിതം
സർവ്വ സിദ്ധിപ്രദാതാരം
വന്ദേഹം ഗണനായകം

●

*(9–ാം പേജിൽ നിന്ന്)*

### *ബാലലോകം*

മഴയും പെയ്കയില്ലിനി വേണ്ടുന്നേരം
വഴിയെ ഭൂമിയും വിളകയില്ലല്ലോ
കൊടിയ കാറ്റുണ്ടായ് മരങ്ങളും വീഴും
പടുതീയും പിടിപെടും ഗൃഹം തോറും
ചതിച്ചു കൊൽകയും പൊളി പറകയും
വിധിച്ച കർമ്മങ്ങളവർ ചെയ്യായ്കയും
കലിയുഗത്തിലുള്ളവസ്ഥകളിവ
പലതുമെങ്ങനെ പറയുന്നുപാർത്താൽ

*(മഹാഭാരതത്തിലെ കലികാല വർണ്ണനയിൽ നിന്ന് )*

## കരയോഗധനസഹായ പദ്ധതി

എറണാകുളം കരയോഗം 2016 ൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന വിദ്യാഭ്യാസ ധനസഹായം, വൃക്കരോഗികൾക്ക് ഡയാലിസിനുള്ള ധനസഹായം, വാർദ്ധക്യകാല പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ നിന്നും ജൂലായ് 10–ാം തിയതി മുതൽ 16ാം തീയതി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ വിതരണം ചെയ്യുന്നതായിരിക്കും. വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷയ്ക്ക് സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം 18–ാം തീയതി മുതൽ 21–ാം തീയതി വരെ കരയോഗം ഓഫീസിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റേണ്ടതാകുന്നു. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. സ്വാശ്രയ കോഴ്സുകളിൽ/ കോളേജുകളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എന്ന്
ജനറൽ സെക്രട്ടറി

# ശ്രീകൃഷ്ണൻ യഥാർത്ഥ ഗുരു



ഡോ. രാജേശ്വരി കുഞ്ഞമ്മ

വിശ്വജനീനതയും മാനവികതയുമാണ് ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും അന്തിമസത്യം ആദ്ധ്യാത്മികതയാണ്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ നന്മയ്ക്കു വേണ്ടിയാണ് ഭാരതീയ തത്വചിന്തകൾ രൂപം കൊണ്ടിരിക്കുന്നത്. ഭാരതീയ സംസ്കാരത്തിന്റെ മുഖ്യലക്ഷണമായ സഹിഷ്ണുതയുടെയും ഔദാര്യത്തിന്റെയും അടിത്തറ ഉപനിഷത്താദി ഗ്രന്ഥങ്ങളിൽ നിന്നാണ് ലഭിച്ചത്. ഭാരതത്തിൽ യുഗപരിവർത്തനത്തിന്റെ പിന്നിൽ ഓരോ മഹാപുരുഷനും ഉണ്ടായിട്ടുണ്ട്. ഇത്തരം പുരുഷൻമാരുടെ സ്പർശം രാജ്യത്തിനു പുതുജീവൻ നൽകുന്നു. മനുഷ്യവർഗ്ഗത്തിനുള്ള ഉപദേശമാണ് ഭഗവദ് ഗീതയിലൂടെ ശ്രീകൃഷ്ണൻ നൽകുന്നത്. ശ്രീകൃഷ്ണനെപ്പോലെ ഊർജസ്വലമായ ഒരു വ്യക്തിത്വം വേറെയില്ലയെന്നു തന്നെ പറയാം. അത്ര തന്നെ ഊർജസ്വലമായിരുന്നു അദ്ദേഹത്തിന്റെ വാക്യങ്ങളും. ശ്രീകൃഷ്ണപൂജയെന്നാൽ വെറും പടം വെച്ചുള്ള പൂജയല്ല. ഭീഷ്മർ പറയുന്നു. "സയദ് ബ്രായാത്മഹാ ബാഹുസ്തത് കാര്യമവിശങ്കയാ." ആ മഹാബാഹു എന്തു പറയുന്നവോ അതു ശങ്ക കൂടാതെ ചെയ്യണം. ഭഗവദ് ഗീതയാണ് ശ്രീകൃഷ്ണ സന്ദേശം. ഗീതയുടെ അർത്ഥം മനസിലാക്കിയാൽ സകല പുരുഷാർത്ഥങ്ങളും സിദ്ധിക്കുമെന്നാണ് ശങ്കരാചാര്യർ പറയുന്നത്. ഒരു രാജ്യത്തിന്റെ സാമുദായിക രാഷ്ട്രീയ സാമ്പത്തിക രംഗത്തും ഗീതാതത്വങ്ങൾ സഹായകമാകും. നിത്യജീവിതത്തിലെ സംഘർഷങ്ങൾക്കിടയിൽ ഉത്കർഷം എങ്ങനെ നേടാമെന്നും മനസിനെ വിഷലിപ്തമാക്കുന്ന ആശയങ്ങളെ വർജ്ജിച്ച് മനസ്സ് ശുദ്ധീകരിക്കുന്നതെങ്ങനെയെന്നും ഭഗവദ്ഗിതയിലൂടെ ശ്രീകൃഷ്ണൻ അർജ്ജുനനെ പഠിപ്പിക്കുകയാണ്. കർമ്മനിരതനായ മനുഷ്യന് പ്രയോജനകരമായ വിധത്തിലാണ് ഈ വേദാന്തരഹസ്യങ്ങളെ ഈ ഗുരുശിഷ്യസംവാദത്തിലൂടെ വേദവ്യാസമഹർഷി രചിച്ചത്.

ഒരു മനുഷ്യന് തന്റെ ബോധമണ്ഡലത്തെ വികസിപ്പിച്ച് സങ്കുചിതമായ വ്യക്തിത്വത്തിൽ നിന്നും വികസിത വ്യക്തിത്വത്തിലേക്ക് മാറണമെങ്കിൽ മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. ഇത്തരം ആദ്ധ്യാത്മിക വികസനത്തെ നിലനിർത്തുന്നതിനാവശ്യമായ കരുത്തും ജ്ഞാനവും പകർന്നു തരുന്നയാളാണ് യഥാർത്ഥ ഗുരു. ഛന്ദോക്യോപനിഷത്തിൽ ആദ്ധ്യാത്മികത അന്വേഷിക്കുന്ന സാധാരണ മനുഷ്യനെ പെരുവഴിയിലെ കൊള്ളക്കാർ കയ്യും കാലും വരിഞ്ഞു കെട്ടി, കണ്ണുകളും കെട്ടിയ ഒരു മനുഷ്യനായി ഉപമിക്കുന്നു. നിസ്സഹായനായ ഇയാളെ കെട്ടഴിച്ചു പോകേ വഴി കാണിച്ചു കൊടുക്കുന്നവനാണ് യഥാർത്ഥ ഗുരു.

മനോബുദ്ധികൾ ചേർന്നു പ്രവർത്തിക്കാത്ത മനസ് ദുർബലമാണ്. ഇത്തരം ദൗർബല്യം ബാധിച്ച പാർത്ഥനെ ശരിയായ ജ്ഞാനം നൽകി സംശയ വിഭ്രാന്തികളെ ദൂരീകരിക്കുന്ന ഗുരുവിനെയാണ് നാം ഭഗവദ്ഗീതയിലുടനീളം കാണുന്നത്. മഹാഭാരത യുദ്ധത്തിൽ കൗരവർ പക്ഷിരൂപത്തിലും പാണ്ഡവർ ചക്രാകാരത്തിലും വ്യൂഹം ചമച്ചു. ശത്രുനിരയെ വ്യക്തമായി കാണത്തക്കവണ്ണം ഇരു സൈന്യങ്ങളുടെയും മദ്ധ്യത്തിൽ അർജ്ജുനന്റെ ആഗ്രഹപ്രകാരം ശ്രീകൃഷ്ണൻ തേര് നിർത്തി. തനിക്ക് യുദ്ധം ചെയ്യേണ്ടുന്ന ബന്ധുമിത്രാദികളെ കണ്ട് അർജ്ജുനന്റെ മനസ്സ് ചഞ്ചലമായി. അദ്ദേഹം പറഞ്ഞു, വിജയമോ, രാജ്യമോ ഞാനാഗ്രഹിക്കുന്നില്ല. ആത്മവിശ്വാസം നഷ്ടപ്പെട്ട അർജ്ജുനൻ വിഷാദപരവശനായി തേരിലിരുന്നു. ഭഗവാൻ പറഞ്ഞു, ഹേ! അർജ്ജുനാ, ഈ വിഷമഘട്ടത്തിൽ ശ്രേഷ്ഠൻമാർക്കുതകാത്ത ഈ മൗഢ്യം നിനക്കെവിടെ നിന്നും വന്നു ചേർന്നു? വ്യക്തിത്വം പോലെ തന്നെ ഊർജ്ജസ്വലങ്ങളായ വാക്കുകൾ. ശക്തനായ ഗുരുവിന്റെ ശക്തമായ സന്ദേശം.

ഇന്ന് നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ഇത്തരം ഗുരുക്കൻമാരെയാണ്. നമ്മുടെ ലോകം

പുറം പൊള്ളയായ അഭിവൃദ്ധിയിൽ പെട്ട് ഏതാണ്ട് അർജ്ജുനന്റെ മാനസികാവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. കഴിഞ്ഞ കുറേ നൂറ്റാണ്ടുകളിലായി ഭാവസങ്കല്പങ്ങളിലും വികാര വിക്ഷോഭങ്ങളിലും കൂടി കണ്ണുനീർ പൊഴിക്കുന്ന ദുർബല സാഹിത്യം, അകാരണങ്ങളാൽ അസഹിഷ്ണുതയും മിഥ്യാഭിമാനവും കൈമുതലായി കൊണ്ടു നടക്കുന്ന സീരിയൽ സിനിമാ നായക സങ്കൽപങ്ങൾ, നവമാദ്ധ്യമങ്ങൾ വഴി ജീവിതം ഒരു വിരൽ തുമ്പിലാണെന്നു ധരിക്കുന്ന യുവത്വം, അതിന്റെയൊക്കെ അപ്പുറത്തായി പണത്തിനു വേണ്ടി നെട്ടോട്ടമോടുന്ന മാതാപിതാക്കൾ, ഇവർക്കിടയിൽ ഞെരിഞ്ഞമരുന്ന ഒരു കൂട്ടം ചെറുപ്പക്കാർ, ഇങ്ങനെ പോകുന്നു നമ്മുടെ തലമുറ. സ്വാമി വിവേകാന്ദൻ പറഞ്ഞതോർക്കുക, ആയിരം കൊല്ലക്കാലത്തെ സാഹിത്യം പിഴിഞ്ഞാൽ കുറെ കണ്ണുനീർ ലഭിക്കും. ഇവിടെ ഗീതയിലേക്കു നോക്കു! ശ്രീകൃഷ്ണന്റെ വാക്കുകളിൽ ദൗർബല്യമില്ല, വികാരവിക്ഷോഭമില്ല. ഇവിടെ ദുർബലമായ വികാരങ്ങളിൽ നിന്നും ഒരുവനെ ഉത്തമമായ ആത്മാവിഷ്കാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് ചെയ്യുന്നത്. ഇതാണ് ഇന്നത്തെ തലമുറയ്ക്ക് ആവശ്യം. വികാര വിചാര സ്നേഹവായ്പുകളാൽ ശ്വാസം മുട്ടുന്ന സന്ദർഭങ്ങളിൽ നാം കർത്തവ്യത്തിൽ നിന്നും പിൻമാറും. ഏതു സ്വീകരിക്കണം ഏതു തള്ളണം എന്നു വിഷമിക്കുന്ന സന്ദർഭം. കർത്തവ്യത്തെക്കുറിച്ച് ദൃഢമായ ചിന്തയില്ലാതാവുകയും പരിതസ്ഥിതികൾ കുഴഞ്ഞു മറിയുകയും ചെയ്യുമ്പോൾ നാം പിന്നോക്കം വലിയുന്നു. തോൽവി സമ്മതിക്കുകയില്ല. പിന്നെയോ, നാം എന്തൊക്കെയോ വാദമുഖങ്ങൾ നിരത്തി നമ്മുടെ വാദങ്ങൾക്ക് പിൻബലം കൊടുക്കുന്നു. മനശാസ്ത്രത്തിൽ ഇത്തരം രക്ഷപ്പെടൽ (Escapism) ഒരു തരം മാനസികവിഭ്രാന്തിയുടെ ഫലമാണെന്ന് വിശദീകരിക്കപ്പെടുന്നു. ഇവിടെ ചിന്ത യഥാർത്ഥമല്ല, യുക്തിയിൽ അധിഷ്ഠിതവുമല്ല.

തത്ത്വചിന്തകരുടെ യഥാർത്ഥ പ്രതിനിധിയാണ് കൃഷ്ണൻ. തത്ത്വചിന്തയുടെ യഥാർത്ഥ ലക്ഷ്യം മറ്റുള്ളവരിൽ ധൈര്യവും വിശ്വാസവും വളർത്തുകയെന്നതാണ്. ശ്രീകൃഷ്ണൻ പറയുന്നത് ഇങ്ങനെയാണ്. പൗരുഷമില്ലായ്മക്ക് കീഴടങ്ങാതെ, ഹൃദയ ദൗർബല്യം ഉപേക്ഷിച്ച് എഴുന്നേൽക്കൂ. വേറൊരു ഗുരുവിനെയും ശിഷ്യനേയും നമുക്കിതുപോലെ കാണാൻ കഴിയുന്നത് ശ്രീരാമകൃഷ്ണനേയും ശ്രീ വിവേകാനന്ദസ്വാമികളേയുമാണ്. ഹിന്ദുശാസ്ത്രങ്ങളിലെ അനുശാസനങ്ങളെ പലതിനേയും പരിഹസിച്ച് ഹൈന്ദവദൈവങ്ങളിൽ പല സങ്കൽപങ്ങളേയും പരിഹസിച്ച് സംശയാലുവായ നരേന്ദ്രൻ ഗുരുവിന്റെ സമീപത്തെത്തി ചോദിച്ചു. മഹാശയ, അങ്ങ് ഇശ്വരനെ കണ്ടിട്ടുണ്ടോ? ഉവ്വ്, ഞാൻ നിന്നെ ഇപ്പോൾ കാണുന്നപോലെ അദ്ദേഹത്തെയും കാണുന്നു. ഇവിടെ തുടങ്ങി നരേന്ദ്രന്റെ ആദ്ധ്യാത്മിക വികാസം. ഈ ഗുരുശിഷ്യ ബന്ധം വൈദിക സനാതന ധർമ്മത്തിന്റെ പുനരുദ്ധാരണത്തിന് വഴി തെളിയിച്ചു. ഗുരുവിന്റെ സ്വാധീനം ഭാരതത്തിന്റെ നവോത്ഥാനത്തിനു തന്നെ വഴി തെളിയിച്ചു.

ഇത്തരം ഗുരുക്കൻമാർ ഇന്നു വിരളമാണ്. ഉറങ്ങിക്കൊണ്ടിരിക്കുന്നതോ ഉറക്കം നടിക്കുന്നതോ ആയ മനസിനെ ഉണർത്തുവാനും, ജീവിതയുദ്ധത്തെ സധൈര്യം നേരിടുവാനും നമുക്ക് മറ്റൊരാളുടെ സഹായം ആവശ്യമാണ്. ഒരു വ്യക്തിയിലുള്ള കഴിവിനെ ഉണർത്തുവാൻ ഒരു ഗുരുവിനു കഴിയണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തന്നെ ഒരു വ്യക്തിയെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുക എന്നുള്ളതാണ്. മനശാസ്ത്രപരമായി പറഞ്ഞാൽ സ്വാശ്രയ ബോധവും ആത്മാഭിമാനവും ഉണർത്തുകയെന്ന ശ്രീകൃഷ്ണന്റെ രീതിയാണ് ഉത്തമം. സംശയാലുവായ, പരിഭ്രാന്തനായ, വിഷാദ രോഗിയായി തീർന്ന അർജ്ജുനന് ശുദ്ധ ചൈതന്യമായ മനുഷ്യന്റെ ശരിയായ രൂപമാണ് കൃഷ്ണൻ വരച്ചു നൽകുന്നത്. ഞാൻ എന്റെ എന്ന തോന്നൽ താൻ ദേഹം(ശരീരം) എന്നു തെറ്റിദ്ധരിച്ചതു കൊണ്ടാണല്ലോ സ്വജനങ്ങളെ കണ്ടപ്പോൾ പരിഭ്രാന്തനായത്. കൃഷ്ണൻ പറഞ്ഞു, നീ യുദ്ധം ചെയ്തില്ലെങ്കിൽ ജനങ്ങൾ നിന്നെപ്പറ്റി ദുഷ്കീർത്തി പറഞ്ഞു പരത്തും. ബഹുമാനിതന് അപകീർത്തി മരണത്തേക്കാൾ ഭയാനകമാണ്. സാമൂഹ്യപരമായ നന്മതിന്മകൾ ശിശുക്കളെ മൃഗതുല്യരാക്കുന്ന ഈ കാലഘട്ടത്തിൽ യുവതലമുറയ്ക്ക് സ്വാഭിമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീകൃഷ്ണന്റെ ചരിതം എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു നോക്കാം.

പരിഭ്രാന്തനായി എന്തോ പുലമ്പുന്ന അർജ്ജുനന്റെ മുമ്പിൽ പുഞ്ചിരിക്കുന്ന മുഖവുമായി ശ്രദ്ധയോടു കൂടി എല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന ഒരു കേൾവിക്കാരനായി കൃഷ്ണനെ കാണാം. ഇത്തരം ഒരു മഹാത്മാവിന്റെ മുൻപിൽ

സർവതും സമർപ്പിക്കാൻ കഴിഞ്ഞാൽ നാം രക്ഷപ്പെടും. അല്ലാതെ ദുഃഖങ്ങൾ പറയാൻ ചെന്ന വ്യക്തിയോട് ഞാനായിരുന്നാൽ ഇത്രയും സഹിക്കില്ലായിരുന്നു എന്നു പറയുന്ന ആധുനിക ഉപദേശകനെയല്ല നമുക്കു വേണ്ടത്. ജ്ഞാനത്തിന്റെ മൂർത്തിമദ്ഭാവമായ ഗുരു

ആശ്ചര്യോവക്താ കുശലേ സ്യലബ്ധാ
ആശ്ചര്യോ ജ്ഞാന കുശലാനരിഷ്ടാ

അത്ഭുതകരമായ ശിഷ്യനും അത്ഭുതകരമായ ഗുരുവും ചേരുമ്പോൾ ജ്ഞാനമാകുന്നു. ശങ്കരാചാര്യർ പറയുന്നു, വേദജ്ഞാനമുള്ളവനും പാപരഹിതനും കാമത്താൽ ആക്രമിക്കപ്പെടാത്തവനും ഉത്തമനായ ബ്രഹ്മജ്ഞാനിയും ശാന്തനും ഇന്ധനം കത്തിതീർന്ന അഗ്നിയേപ്പോലുള്ളവനും പ്രത്യേകം ഹേതുവില്ലാതെ തന്നെ ദയാസമുദ്രമായിരിക്കുന്നവനും പ്രണമിക്കുന്ന സജ്ജനങ്ങളുടെ ബന്ധുവുമാണ് യഥാർത്ഥ ഗുരു. ഇത്തരത്തിലുള്ള ഒരു ഗുരുവിനെ ലഭിക്കുമെങ്കിൽ അദ്ദേഹത്തെ ആശ്രയിക്കുവാനാണ് ശ്രീ ശങ്കരൻ പറയുന്നത്. ഇന്ന് ഗുരുക്കൻമാരെ ധാരാളം കാണുവാനുണ്ട്. ധാരാളം ഗുരുക്കൻമാരുള്ള ഈ രാജ്യത്ത് ആത്മസമർപ്പണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതായുണ്ട്. യഥാർത്ഥ ഗുരു ഒരു സുഹൃത്തു കൂടിയാണ്. ബന്ധുവാണ്.

ശ്രീകൃഷ്ണൻ പറയുന്നു, ഏറ്റവും സൂക്ഷ്മമായ ജ്ഞാനം നിനക്കു തരുന്നു. നീ അതിനെ പരിശോധിച്ച് യുക്തമെന്നു തോന്നുന്നതു ചെയ്യുക. കഠോപനിഷത്തിൽ പറയുന്നത് എല്ലാ വീക്ഷണകോണുകളിൽ നിന്നും പരിശോധിക്കുക എന്നും ശ്രീരാമകൃഷ്ണൻ പറയുന്നു. പണം മാറിക്കൊടുക്കുന്നവൻ നാണയം പരിശോധിക്കുന്നതു പോലെ എന്നെ പരീക്ഷിക്കുവിൻ. ഇത്തരം ഗുരുക്കൻമാർ ഇന്നുണ്ടോ? യഥാർത്ഥ ഗുരു പ്രശ്നപരിഹാരം നിർദ്ദേശിക്കുകയല്ല ചെയ്യുന്നത്. സ്വയം പ്രശ്നങ്ങളെ നേരിടാനും പ്രശ്നത്തെ സുശക്തമാക്കാനുള്ള മാർഗ്ഗം ഉപദേശിക്കുകയാണ് ചെയ്യുന്നത്.

ഗീതയുടെ പത്താം അദ്ധ്യായം ആകുമ്പോഴേക്കും അതീന്ദ്രിയാനുഭൂതിയിൽ സ്വയം മറന്ന അർജ്ജുനനെ നമുക്കു കാണാം. ഗുരുവിന് തന്റെ ശിഷ്യനെ ശരിക്കറിയാം. മിഥ്യാബോധത്തെ നീക്കി പരമാത്മബോധത്തെ മനസ്സിലാക്കി കൊടുക്കാൻ ഗുരുവിനു കഴിഞ്ഞു. യഥാർത്ഥ ശിഷ്യനായ അർജ്ജുനൻ പറയുന്നു, ഭഗവാനെ, അങ്ങയുടെ രൂപം കാണാൻ യോഗ്യനാണെന്നു തോന്നുന്നുവെങ്കിൽ ദിവ്യമായ ആത്മസ്വരൂപത്തെ എനിക്കു കാണിച്ചു തന്നാലും. ഇങ്ങനെ ശിഷ്യനെ വിനയാന്വിതനാക്കാൻ ഗുരുവിനു കഴിഞ്ഞു. സാർവജനീനനായ ഗുരുവിന് സാർവജനീനായ ശിഷ്യൻ. ശ്രീരാമകൃഷ്ണൻ പറഞ്ഞ കഥ ഇവിടെ പ്രസക്തമാണ്. ഒരിക്കൽ ഒരു തവളയെ ഒരു നീർക്കോലി പിടിച്ചു. വിഴുങ്ങാനും വയ്യ, വിടാനും വയ്യ. എന്നാൽ പെരുമ്പാമ്പായിരുന്നെങ്കിലോ? സംഗതി ശരിയാവും. ജ്ഞാനിയല്ല ഗുരുവെങ്കിൽ ഗുരുവും ശിഷ്യനും കഷ്ടപ്പെടും. കൃഷ്ണൻ പറയുന്നു, ഞാൻ ഭക്തൻമാരുടെ ഹൃദയത്തിൽ ബുദ്ധി പ്രകാശം തരുന്നു. ശരിയായ ഗുരു പറയും, ഞാനിതാ നിന്റെ കയ്യിൽ ഒരു വിളക്കു തരുന്നു, നീ നിന്റെ വഴി കണ്ടു പിടിക്കൂ. ആ വിളക്കാണ് ഭഗവദ്ഗീത. ഗുരു കൃഷ്ണനും. ●

# അഭിനന്ദനങ്ങൾ



കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) വൈസ് ചാൻസലറായി ഡോ.എ.രാമചന്ദ്രൻ നിയമിതനായി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗം പ്രൊഫസറും, ഫാക്കൽറ്റി ഓഫ് എൻവയൺമെൻറൽ സയൻസസ് ഡീനുമാണ് അദ്ദേഹം. 2004 മുതൽ 2013 വരെ കുസാറ്റിൽ രജിസ്ട്രാറായിരുന്നു. കൺട്രോളർ ഓഫ് എക്സാമിനേഷൻസ് പദവിയും വഹിച്ചിട്ടുണ്ട്. മുൻ ഫിഷറീസ് ഇൻഡസ്ട്രി അഡ്വൈസർ (മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ & ഫിഷറീസ്, ഒമാൻ), മെമ്പർ (സയൻറിഫിക് പാനൽ ഓഫ് ഫിഷ്&ഫിഷറീസ് പ്രോഡക്റ്റ്സ്) എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. സീഫുഡ് പ്രൊഡക്ഷനിൽ കുസാറ്റിൽ നിന്നു ഡോക്ടറേറ്റു നേടിയ ഇദ്ദേഹം നെതർലൻഡ്സിൽ ഡെൽഫി യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ നിന്നു പോസ്റ്റ് ഡോക്ടറൽ ഗവേഷണവും പൂർത്തിയാക്കിയിട്ടുണ്ട്.

കൊച്ചി കോർപ്പറേഷൻ മുൻമേയറും, എറണാകുളം കരയോഗം മുൻപ്രസിഡൻറുമായിരുന്ന കെ എസ്എൻ മേനോൻെറയും അംബുജാക്ഷിയമ്മയുടെയും മകനാണ്. ഭാര്യ തനൂജ ഇടപ്പള്ളി ക്യാംപിയൻ സ്കൂൾ അദ്ധ്യാപികയും, മകൻ രാഹുൽ മറൈൻ എഞ്ചിനീയറുമാണ്. കരയോഗം വൈസ് പ്രസിഡൻറ് ആലപ്പാട്ട് മുരളീധരൻ ജ്യേഷ്ഠ സഹോദരനാണ്.എറണാകുളം കരയോഗം മുൻ സെക്രട്ടറിയായ ഡോ.ആലപ്പാട്ട് രാമചന്ദ്രന് എറണാകുളം കരയോഗത്തിൻെറ ആശംസകൾ.

# ന്യുമോണിയ
# (Pneumonia)



ഡോ. സരിതാ രമേഷ്

ശ്വാസകോശത്തിൽ അങ്ങിങ്ങായോ ഒരു പ്രത്യേക ദളത്തിലോ(Lobe) ഒരു സെഗ്മെന്റിലോ ഉണ്ടാകുന്ന കഫക്കെട്ടാണ് ന്യുമോണിയ. ന്യുമോണിയ രണ്ടു തരത്തിലുണ്ട്.

ഒരു പ്രത്യേക ദളത്തിൽ ഉണ്ടാകുന്ന ന്യുമോണിയയെ ലോബാർ ന്യുമോണിയ (Lobar Pneumonia) എന്നും ശ്വാസകോശത്തിന്റെ രണ്ടു വശത്തും പല ഭാഗത്തായി ഉണ്ടാകുന്ന കഫക്കെട്ടിനെ ബ്രോങ്കോ ന്യുമോണിയ (Broncho Pneumonia) എന്നും പറയുന്നു.

**കാരണങ്ങൾ**

ന്യൂമോകോക്കൈ, സ്റ്റഫയിലോ കോക്കൈ, ഹീമോഫിലസ്, ക്ലെബ്സിയെല്ല മുതലായ ബാക്ടീരിയകൾ, വൈറസുകൾ പലതരം പൂപ്പലുകൾ, ട്രോക്റ്റോ പ്ലാസ്മ, അമീബ മുതലായ ഏകകോശ ജീവികൾ എന്നിവയാണ് ന്യുമോണിയ ഉണ്ടാക്കുന്നത്. അലർജി രോഗങ്ങൾ, സൾഫർ ഡയോക്സൈഡ്, ക്ലോറിൻ, നൈട്രജൻ ഓക്സൈഡ്, മണ്ണെണ്ണ മുതലായ രാസവസ്തുക്കൾ ശ്വാസകോശങ്ങളിലേക്കു കടക്കുന്നത് മൂലവും ന്യുമോണിയ ഉണ്ടാകാം.

കലശലായ പനി, ചുമ, കഫം, വിമ്മിഷ്ടം, നെഞ്ചുവേദന എന്നിവയാണ് പുറമെ കാണുന്ന ലക്ഷണങ്ങൾ.

മദ്യപാനം, പ്രമേഹം, കാൻസർ, കോർട്ടിസോൺ ഇനത്തിലുള്ള മരുന്നുകൾ എന്നിവ ന്യുമോണിയയെ ഉത്തേജിപ്പിക്കുന്നു.

വെള്ളം, പഴുപ്പ് മുതലായവ കെട്ടുക, പ്ലൂറയിൽ ശ്വാസകോശവ്രണം, മെനിൻ ജൈറ്റിസ്, ഹൃദ്രോഗങ്ങൾ മുതലായവയാണ് ന്യൂമോണിയ മൂലമുള്ള പ്രത്യാഘാതങ്ങൾ.

**ന്യുമോകോക്കൽ ന്യുമോണിയ**

പെട്ടെന്നുണ്ടാകുന്ന തീക്ഷ്ണമായ രോഗമാണിത്. 50 മുതൽ 80% വരെയുള്ള ന്യുമോണിയ ഇതു മൂലമുണ്ടാകുന്നു. സാധാരണയായി ശ്വാസകോശത്തിലെ ഒരു ദളത്തിലോ ഒരു സെഗ്മെന്റിലോ ആണ് ഇതുണ്ടാകുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ രോഗം നിശ്ശേഷം മാറും. രക്തത്തിലെ ശ്വേതരക്താണുക്കളുടെ സംഖ്യ അമിതമായി വർദ്ധിച്ചിരിക്കും. കഫം ഗ്രംസ്റ്റെയിൻ ചെയ്യുക, കൾച്ചർ ചെയ്യുക, നെഞ്ചിന്റെ എക്സറേ എന്നിവയിൽ നിന്നും രോഗ നിർണ്ണയം നടത്താം.

**അക്യൂട്ട് ബ്രോങ്കൈറ്റിസ്**

ദളത്തിലോ ഒരു സെഗ്മെന്റിലോ ആണ് ഇതുണ്ടാകുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ രോഗം നിശ്ശേഷം മാറും. രക്തത്തിലെ ശ്വേതരക്താണുക്കളുടെ സംഖ്യ അമിതമായി വർദ്ധിച്ചിരിക്കും. കഫം ഗ്രംസ്റ്റെയിൻ ചെയ്യുക, കൾച്ചർ ചെയ്യുക, നെഞ്ചിന്റെ എക്സറേ എന്നിവയിൽ നിന്നും രോഗ നിർണ്ണയം നടത്താം.

**അക്യൂട്ട് ബ്രോങ്കൈറ്റിസ്**


ബ്രോങ്കൈറ്റിസ് എന്നും ഇതറിയപ്പെടുന്നു. ഉപരിതല ശ്വസനേന്ദ്രിയത്തിൽ ഏതെങ്കിലും രോഗസംക്രമം ഉണ്ടായാൽ ഇതുണ്ടാകുന്നു. ഇൻഫ്ളുവൻസ, സ്റ്റഫയിലോ കോക്കസ് മുതലായ രോഗാണുക്കളുടെ ആക്രമണം മൂലവും ഉണ്ടാകാം.

തുടക്കത്തിൽ ചുമയും ജലദോഷവും ഉണ്ടാകുന്നു. ക്രമേണ ചുമയോടുകൂടി കഫവും ഉണ്ടാകുന്നു. തുടക്കത്തിൽ കഫം വെളുത്ത നിറവും പിന്നീട് മഞ്ഞനിറവുമാണ്. ഇതോടൊപ്പം ചുരുക്കമായി രക്തവും തുപ്പുന്നു. നെഞ്ചിൽ ഒരു വിമ്മിഷ്ടം, തൊണ്ട വേദന, ശ്വാസം മുട്ടൽ, പനി, മുതലായവയാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ.

> **മാനസതാപം കൊണ്ടും ബലവും ശരീരവും**
> **ജ്ഞാനവും ക്ഷയിച്ചുപോകും വ്യാധിയും വർദ്ധിച്ചീടും**
>
> *-എഴുത്തച്ഛൻ*

(തുടർച്ച)

# ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും



ഡോ.എൻ. ഗോപിനാഥൻ നായർ

**വഴിപാടുകൾ**

വഴിപാടുകൾ കഴിക്കുന്നത് ക്ഷേത്രാരാധനയുടെ ഭാഗമാണ്. ത്യാഗപൂർണമായി അർപ്പണബോധത്തോടെ ദേവനായി നടത്തുന്ന വഴിപാട് ഒരുവനെ മോക്ഷപ്രാപ്തിക്ക് അർഹനാക്കുന്നു. ഉദ്ദിഷ്ടകാര്യസാധ്യത്തിനാണെങ്കിൽ പോലും യജ്ഞസങ്കൽപ്പത്തിന്നനുസൃതമായ, ത്യാഗപൂർണമായ അർപ്പണബോധത്തോടെ ഒരു അനുഷ്ഠാനമായി വഴിപാടിനെ കാണേണ്ടതാണ്. ചുരുക്കത്തിൽ വഴിപാട് എന്ന ചടങ്ങ് സ്വാർത്ഥതാല്പര്യമായും സങ്കുചിതമനസ്ഥിതിയോടുകൂടിയും ആയിരിക്കരുത്.

ക്ഷേത്രത്തിലെ ദൈനംദിന അനുഷ്ഠാന കർമ്മങ്ങൾക്കും അവിടെ സേവനം നടത്തുന്ന വർക്കുള്ള പ്രതിഫലത്തിനും ആവശ്യമായ ധനസമാഹരണം ഭക്തൻമാരുടെ സമർപ്പണമായ വഴിപാടിലൂടെ സാധിക്കുന്നു. ക്ഷേത്രത്തിൽ ഒത്തുച്ചേരുന്ന ഭക്തജനങ്ങൾക്ക് സമാജബോധം, ആദർശനിഷ്ഠ, വിശാലഹൃദയത്വം, സർവോപരി ധർമ്മാചരണം എന്നീ കാര്യങ്ങളിൽ സാമാന്യജ്ഞാനം ലഭിക്കാനുള്ള സാഹചര്യം കൂടി ഉണ്ടായിരിക്കണം. അപ്പോഴാണ് ഹിന്ദു സമൂഹത്തിന് കാലാനുസൃതമായ ശക്തിയും പുരോഗതിയും നേടാനാവുക. ക്ഷേത്രത്തിന് സംഭാവന (ഉദാഃ ഉത്സവ ങ്ങൾ) കൊടുക്കുന്നത് വഴിപാടായി കണക്കാക്കാൻപാടില്ല. എന്നാൽ കാണിയ്ക്കവഞ്ചിയിൽ നാണയം നിക്ഷേപിക്കുന്നത് വഴിപാടാണ്. സാധാരണ നടത്തുന്ന വഴിപാടുകൾക്ക് പുറമെ പ്രസിദ്ധപ്പെട്ട പലക്ഷേത്രങ്ങളിലും പ്രത്യേക വഴിപാടുകൾ നിലവിലുണ്ട്.

**പ്രസാദം**

ക്ഷേത്രദർശനം നടത്തുമ്പോഴും വഴിപാടുകൾ കഴിക്കുമ്പോഴും ഭക്തന് ലഭിക്കുന്ന ദ്രവ്യമാണ് പ്രസാദം. അഭിഷേകത്തിനുപയോഗിച്ച തീർത്ഥവും അതിൽ ഉൾപ്പടുന്നു. പൂജാപുഷ്പങ്ങൾ, തുളസിക്കതിർ, ചന്ദനം, ഭസ്മം, കുങ്കുമം തുടങ്ങിയവയാണ് സാധാരണയായി ലഭിക്കുന്നത്. ക്ഷേത്രത്തിലെ മൂർത്തികൾക്ക് സമർപ്പിച്ച ഭോജ്യവസ്തുക്കളും പ്രസാദമായി ഭക്തർക്ക് നൽകുന്നു. പ്രസാദം സ്വീകരിക്കുന്നതും അവ വിധികളനുസരിച്ച് ഉപയോഗപ്പെടുത്തുന്നതും ഈശ്വര പ്രീതിയായി സങ്കൽപ്പിക്കപ്പെടുന്നു.

**കുറിതൊടൽ (തിലകം ചാർത്തൽ)**

അതിപ്രാചീനമായ ഈ ആചാരത്തിന്റെ ആത്മീയവശം അറിഞ്ഞിരിക്കേണ്ടതാണ്.

ശരീരത്തിന്റെ 12 ഭാഗങ്ങളായ നെറ്റിത്തടം, കഴുത്ത്, രണ്ട് തോളുകൾ, രണ്ട് കൈമുട്ടുകൾ, നെഞ്ച്, വയർ, പുറകിലുള്ള വശങ്ങൾ, രണ്ട് കണങ്കാലുകൾ എന്നീ ഭാഗങ്ങളിലാണ് ഭസ്മം തൊടേണ്ടത്. നെറ്റിയിലെ കുറി ലലാടതിലകമാണ്. നെറ്റിയാണ് പ്രധാനം. ശിരസ്സ് പരമാത്മാവിനേയും നെറ്റി ആകാശത്തേയും പുരികം വായുവിനേയും കണ്ണ് അഗ്നിയേയും നാക്ക് ജലത്തെയും മൂക്ക് ഭൂമിയേയും പ്രതിനിധീകരിക്കുന്നു. തിലകം ജ്ഞാനത്തിന്റെ പ്രതീകമാണ്. സ്നാനത്തിന് ശേഷമാണ് തിലകം അണിയേണ്ടത്. ശുദ്ധമായ ശരീരവും ശുദ്ധമായ മനസ്സും ബന്ധിപ്പിക്കലാണ് തിലകം അണിയുന്നതിലൂടെ സാധിക്കുന്നത്.

ഭസ്മം, ചന്ദനം, കുങ്കുമം എന്നീ മൂന്ന് വസ്തുക്കളാണ് സാധാരണയായി കുറി തൊടാൻ ഉപയോഗിക്കുന്നത്. ഇവ മൂന്നും ജ്ഞാനദർശനങ്ങളെ സൂചിപ്പിക്കുന്നു. മൂന്ന് ആത്മീയ ശക്തികളാണ് നമ്മുടെ തത്വസങ്കൽപ്പത്തിലുള്ളത് - ശിവൻ, വിഷ്ണു, ശക്തി. ഭസ്മം, ശൈവവും ചന്ദനം വൈഷ്ണവവും, കുങ്കുമം ശാക്തേയവുമാണ്. അതായത് കുങ്കുമം ദേവീസ്വരൂപമാകുന്നു. കുറി തൊടുന്നത് ശീലമാക്കിയാൽ നാഡീകോശങ്ങളുടെ ഉത്തേജനത്തിനും, രോഗനിവാരണത്തിനും പുറമേ ഭക്തി വർദ്ധിപ്പിക്കുവാനും ജ്ഞാനശക്തിയുടെ കേന്ദ്രമായ ആജ്ഞാചക്രം ഉണർത്തുവാനും സഹായിക്കുന്നു.

*(ശേഷം 26-ാം പേജിൽ)*

# കടന്നുപോയ ഒരു ആകാശ വിശേഷം



സി. രാമചന്ദ്രൻ

ഇക്കഴിഞ്ഞ മേയ് 9 വൈകുന്നേരം വലിയ കോലാഹലങ്ങളൊന്നുമുണ്ടാക്കാതെ ഒരു ആകാശവിസ്മയം കടന്നുപോയി - ബുധസംതരണം (Transit of Mercury). ഭൂഗോളത്തിന്റെ ഒരു ഭാഗത്തു നിന്നുമാത്രം കാണാൻ കഴിയുമായിരുന്ന ഇത് ഇന്ത്യയിൽ 4.42 മുതൽ സൂര്യൻ അസ്തമിക്കുന്ന 6.40 വരെ ദൃശ്യമായിരുന്നു. യഥാർത്ഥത്തിൽ ഏഴരമണിക്കൂർ നീണ്ടുനില്ക്കുന്ന ഇത് തുടർന്ന് ഗൾഫിൽ നിന്നും യൂറോപ്പിൽനിന്നും മാത്രമേ കാണുവാനാവുമായിരുന്നുള്ളു. സൂര്യഗ്രഹണം ചന്ദ്രഗ്രഹണം എന്നിവപോലെ നാടകീയത നിറഞ്ഞ ഒരു പ്രതിഭാസമല്ല ബുധസംതരണവും ശുക്രസംതരണവും. പ്രത്യേക സംവിധാനങ്ങളുണ്ടെങ്കിലേ ഇതു കാണാനാവൂ. അതുകൊണ്ട് ടെലസ്കോപ്പിന്റെ കണ്ടുപിടിത്തത്തിനു ശേഷമേ ഇത് കാണുകയും വർത്തമാനമാകുകയും ചെയ്തിട്ടുള്ളു.

ചന്ദ്രന്റെയും ഭൂമിയുടെയും സഞ്ചാരഗതികൾക്കിടയിൽ ചന്ദ്രൻ ഭൂമിക്കും സൂര്യനുമിടയിലൂടെ സഞ്ചരിക്കുമ്പോൾ സൂര്യഗ്രഹണമുണ്ടാകുന്നതുപോലെ ചില സന്ദർഭങ്ങളിൽ ബുധനും ശുക്രനും സൂര്യബിംബത്തിനു മുന്നിലൂടെ കടന്നുപോകുമ്പോൾ സമാനമായ ഒരു പ്രതിഭാസമുണ്ടാകും. ഇതു ഗണിച്ചെടുക്കുകയും പ്രവചിക്കുകയും ചെയ്തത് ജൊഹന്നസ് കെപ്ലറാണ്. ബുധനായാലും ശുക്രനായാലും ചന്ദ്രനുമായി താരതമ്യപ്പെടുത്തുമ്പോൾ അത്യന്തം വിദൂരതയിലാകയാൽ അതൊരു കുഞ്ഞുപൊട്ടുപോലെ സൂര്യബിംബത്തിനു കുറകേ കടന്നുപോകുമ്പോൾ ഉഗ്രപ്രകാശം മൂലം ഇതു കാണാനാവില്ല. അതുകൊണ്ട് ടെലസ്കോപ്പിന്റെ കണ്ടുപിടിത്തത്തിനുമുൻപ് ഇത് ആരെങ്കിലും കാണുകയുമുണ്ടായിട്ടില്ല. അതുകാരണം, പൗരാണിക ജ്യോതിഷികൾക്ക് ഇതേക്കുറിച്ച് ഒരു വിവരവുമില്ലായിരുന്നു. ശുക്രൻ, ബുധനേക്കാൾ വലുതും അടുത്തുമായതുകൊണ്ട് ശുക്രസംതരണം കുറച്ചുകൂടി വ്യക്തമാണ്. എന്നിരുന്നാലും സൂര്യപ്രകാശത്തെ ലഘൂകരിക്കുവാൻ തക്ക അരിപ്പകൾ ഘടിപ്പിച്ച ടെലസ്കോപ്പുകളുപയോഗിച്ചുമാത്രമേ ഇതു നിരീക്ഷിക്കുവാനാകൂ. പ്രതിബിംബത്തെ വെള്ളിത്തിരയിൽ പ്രതിഫലിപ്പിച്ചും ഇതു കാണാനാകും. ഇന്ന് ഇന്റർനെറ്റിൽ ഇതുകാണാനുള്ള സൗകര്യമുണ്ടെന്നത് സാങ്കേതിക വിദ്യയുടെ പുതിയ നേട്ടമാണ്.

സൗരയൂഥത്തിലെ എട്ടുഗ്രഹങ്ങളിൽ ഭൂമിയുടേയും സൂര്യന്റെയും ഇടയിൽവരുന്ന രണ്ടു ഗ്രഹങ്ങളാണ് ബുധനും ശുക്രനും. അതുകൊണ്ട് ഈ രണ്ടുഗ്രഹങ്ങൾ മാത്രമേ ഭൂമിയിൽ നിന്നു നോക്കുമ്പോൾ സൂര്യബിംബത്തിന്റെ മുന്നിലൂടെ കടന്നുപോകൂ. ചൊവ്വയിൽ മനുഷ്യനുണ്ടെന്നു സങ്കല്പിച്ചാൽ അയാൾക്ക് മൂന്നുതരം സംതരണങ്ങൾ കാണാം- ബുധൻ, ശുക്രൻ എന്നിവയ്ക്കുപുറമേ ഭൂമി സംതരണവും കാണാം.

ഇതിനു മുൻപ് ഇവിടെ ബുധസംതരണം ദൃശ്യമായത് 2003 മേയ് ഏഴിനായിരുന്നു. ഇനി ഇത് ആവർത്തിക്കുന്നത് 2032 നവംബർ പതിമൂന്നിനാണ്. 2019 നവംബർ പതിനൊന്നിന് ഇതു സംഭവിക്കുമെങ്കിലും ഭുമിയുടെ മറുഭാഗത്ത് ആഫ്രിക്കയിലും അമേരിക്കയിലും മറ്റുമേ ഇതു ദൃശ്യമാകൂ. ബുധൻ വർഷത്തിൽ പലതവണ സൂര്യനെ ചുറ്റുന്നുവെങ്കിലും ഭൂമിയിൽ നിന്നു നോക്കുമ്പോൾ സൂര്യനു കുറുകെ പോകുക എന്നത് അപൂർവ്വമാണ്. ഇവയുടെ ഭ്രമണപഥങ്ങൾ വ്യത്യസ്ഥതലത്തിലാണെന്നതാണതിനു കാരണം. എന്നാൽ ഈ പഥങ്ങൾ സൂര്യന്റെ പശ്ചാത്തലത്തിൽ ഖണ്ഡിക്കുന്ന ചില സന്ദർഭങ്ങളിലാണ് സംതരണം ദൃശ്യമാകുന്നത്. ഇത് ശുക്രനും ബാധകമാണ്.

വസ്തുക്കളെ അൻപതിരട്ടിയെങ്കിലും വലുതാക്കിക്കാണിക്കുന്ന ടെലസ്കോപ്പിലൂടെയേ ഈ പ്രതിഭാസം കാണാൻ കഴിയൂ. വെറുതേപോലും സൂര്യനെ നോക്കുന്നത് കണ്ണിനപകടമാണ്. ടെലസ്കോപ്പിലൂടെയായാൽ പറയുകയും വേണ്ട; അത് പ്രകാശതീവ്രതയേയും അനേകമടങ്ങ് വർദ്ധിപ്പിക്കും. ടെലസ്കോപ്പിൽ സൂര്യനെ അ

ഭിമുഖീകരിക്കുന്ന ഭാഗത്ത് പ്രത്യേകതരം ഫിൽറ്ററുകൾ സ്ഥാപിച്ചോ, ടെലസ്കോപ്പിൽ നിന്നുവരുന്ന പ്രതിബിംബം ഒരു സ്ക്രീനിൽ പതിപ്പിച്ചോ നിരീക്ഷണം നടത്താവുന്നതാണ്; അതും വിദഗ്ദ്ധരുടെ സഹായത്തോടെ. ഇത്തവണ കേരളത്തിലെ പ്ലാനറ്റോറിയങ്ങളും അസ്ട്രോണമി ക്ലബ്ബുകളും ഇതു കാണാനുള്ള അവസരമൊരുക്കിയിരുന്നു. എറണാകുളത്ത് ചിൽഡ്രൻസ് പാർക്കിൽ മെച്ചപ്പെട്ട ടെലസ്കോപ്പിലൂടെ ഇതു നിരീക്ഷിക്കുവാൻ ശാസ്ത്രസാഹിത്യപരിഷത്ത് സൗകര്യമേർപ്പെടുത്തിയിരുന്നു. കളക്ടർ ശ്രീ. രാജമാണിക്യം ഉൾപ്പെടെയുള്ളവർ ഇതിലൂടെ വാനനിരീക്ഷണം നടത്തി. ലോകത്ത് ആദ്യമായി ബുധസംതരണം നിരീക്ഷിച്ചത് പിയറെ ഗസൻഡി എന്ന ഫ്രഞ്ച് ജ്യോതിശാസ്ത്രജ്ഞനാണ്. 1631 നവംബർ 7ന് ഇംഗ്ലണ്ടിൽ നിന്നാണ് അദ്ദേഹമതു കണ്ടത്. കെപ്ലറുടെ പ്രവചനമനുസരിച്ചുതന്നെയായിരുന്നു നിരീക്ഷണം. പിന്നീട് 1657 നവംബർ 3ന് ജർമി ഷാക്കർലി എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഗുജറാത്തിലെ സൂറത്തിൽ നിന്നാണതു നിരീക്ഷിച്ചത്. യൂറോപ്പിൽ അത് അന്നു ദൃശ്യമല്ലാത്തതിനാലാണ് അദ്ദേഹത്തിന് ഇന്ത്യയിൽ വരേണ്ടിവന്നത്. ഇന്ത്യൻ മണ്ണിൽനിന്ന് ആദ്യമായി ടെലസ്കോപ്പുപയോഗിച്ച് ഗൗരവമുള്ള വാനനിരീക്ഷണം നടക്കുന്നതപ്പോഴാണ്. അന്ന് അവിടെ സാഹസപ്പെട്ട് ഒരുക്കങ്ങൾ ചെയ്തുവെങ്കിലും അല്പസമയംമാത്രമേ അതു കാണാൻ കഴിഞ്ഞുള്ളൂ. മേഘപടലം സൂര്യനെ മറച്ചുകളഞ്ഞു.

സംതരണസമയത്ത് ഗ്രഹത്തിന്റെ ചലനവേഗതയും കോണളവും കണക്കാക്കി ഭൂമിയുടെ പലഭാഗത്തുനിന്നും ഒരേസമയം നിരീക്ഷിച്ച് സൂര്യനിലേയ്ക്ക് ഭൂമിയിൽ നിന്നുള്ള യഥാർത്ഥ ദൂരം കണക്കാക്കുന്ന ഒരു പദ്ധതി ശാസ്ത്രജ്ഞന്മാർക്കുണ്ടായിരുന്നു. ദൃക് ഭ്രംശം (Parallax) എന്ന കാഴ്ചയുടെ പ്രത്യേകത പ്രയോജനപ്പെടുത്തിയാണ് ഈ നിരീക്ഷണവും പരീക്ഷണവും നടത്തുന്നത്. ഹാലീസ് കോമറ്റ് പ്രവചിച്ച എഡ്മണ്ട് ഹാലിയായിരുന്നു ഇതിന്റെ നായകൻ. 1677 നവംബർ 7നുണ്ടായ ബുധസംതരണമാണ് അദ്ദേഹം അതിനു തിരഞ്ഞെടുത്തത്. എന്നാൽ പല കാരണങ്ങൾകൊണ്ടും പദ്ധതി അലസിപ്പോയി.

1761 ജൂൺ 6നുണ്ടാകാനിരിക്കുന്ന ശുക്രസംതരണസമയത്ത് കൂടുതൽ പരിഷ്കരിക്കപ്പെട്ട ഉപകരണങ്ങളുടെ സഹായത്തോടെയും സന്നാഹങ്ങളോടെയും അളവിനു കൃത്യതവരുത്താമെന്ന് ഹാലികരുതി. എന്നാൽ അദ്ദേഹത്തിനതു സാധ്യമാകണമെങ്കിൽ 105 വയസ്സുവരെയെങ്കിലും ജീവിച്ചിരിക്കണം. അദ്ദേഹം ജനിച്ചത് 1656ലാണ്. അതുകൊണ്ട് യുവശാസ്ത്രജ്ഞന്മാരുടെ ഒരു യോഗം വിളിച്ച് കർമ്മപദ്ധതികൾ രൂപീകരിച്ചു. ഹാലി 1742ൽ അന്തരിച്ചു. 1761 ലും 1769 ജൂൺ 3 ലുമുണ്ടായ ശുക്രസംതരണ സമയത്ത് ജ്യോതിശാസ്ത്രജ്ഞന്മാർ പല സംഘങ്ങളായി പിരിഞ്ഞ് ലോകത്തിന്റെ പലഭാഗത്തുനിന്നും നിരീക്ഷണം നടത്തി ഭൂമിയിൽ നിന്ന് സൂര്യനിലേയ്ക്കുള്ള ദൂരം കൃത്യമായി കണക്കാക്കി - 15.3 കോടി കിലോമീറ്റർ.

ഒരു ആകാശഗോളം മറ്റൊരു ആകാശഗോളത്തെ മറയ്ക്കുന്ന സന്ദർഭങ്ങളുമുണ്ട്. ഒരു ഗ്രഹമോ ഉപഗ്രഹമോ, ഒരു നക്ഷത്രത്തെയോ മറ്റൊരു ഗ്രഹത്തെയോ മറയ്ക്കുന്ന സന്ദർഭങ്ങൾ. ഇതിനെ പൊതുവേ ഗോപനം (Occultation) എന്നാണ് പറയുക. ഒട്ടുംതന്നെ പ്രകടമല്ലാത്തതിനാൽ ഇതെല്ലാം ശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണങ്ങളിലും ചർച്ചകളിലുമൊതുങ്ങും. ജനങ്ങളിലേക്കെത്തില്ല.

ബുധൻ, ശുക്രൻ എന്നീ ഗ്രഹങ്ങൾക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അത് മറ്റു ഗ്രഹങ്ങളെപ്പോലെ; രാത്രിയുടെ മധ്യകാലങ്ങളിൽ അതുരണ്ടും കാണുകയില്ല. ഒന്നുകിൽ ഉദിക്കുംമുൻപ് അല്ലെങ്കിൽ അസ്തമനശേഷം കുറച്ചുനേരത്തേക്കു മാത്രമേ അതിനെ കാണാൻ കഴിയൂ. ഇതിന്റെ കാരണമന്വേഷിച്ച് തലപുണ്ണാക്കിയപ്പോഴാണ് കോപ്പർ നിക്കസ്സിന് സൂര്യനാണ് പ്രപഞ്ചകേന്ദ്രത്തിൽ എന്ന ആശയമുണ്ടായത്. സൂര്യൻ കേന്ദ്രസ്ഥാനത്തിരിക്കെ ഭൂമിക്കും സൂര്യനുമിടയിൽ ഒരുഗോളം സൂര്യനെചുറ്റിക്കൊണ്ടു നിലനില്ക്കുന്ന അവസ്ഥയിലേ ഇത്തരമൊരു പ്രതിഭാസത്തിനു സാധ്യതയുള്ളൂ. എന്നാൽ ഇതു പ്രഖ്യാപിച്ചാൽ ഉണ്ടാകാനിടയുള്ള പുകിലുകളോർത്ത് കോപ്പർ നിക്കസ് തല്ക്കാലം മിണ്ടിയില്ല. പൗരാണിക വിജ്ഞാനികളെഴുതിയ ഇതിഹാസങ്ങളിൽ പ്രതിപാദിക്കുന്ന വിധത്തിൽ ഭൂമി പരന്നു നിശ്ചലവും പ്രപഞ്ചകേന്ദ്രവും സൂര്യൻ അതിനെ പ്രദക്ഷിണം ചെയ്യുകയും ചെയ്യുന്ന ഒരു ഗ്രഹവും അല്ല, മറിച്ച് ഭൂമി സൂര്യനെ വലംവയ്ക്കുന്ന ഒരു ഗോളമാണെന്നുവന്നാൽ അത് ആശയരംഗത്ത്

ഒരു ഭൂകമ്പമുണ്ടാക്കുമെന്നു ഉറപ്പായിരുന്നു. ഇതിഹാസപുരാണങ്ങളിൽ പിശകുണ്ടെന്നറിയുന്നത് ആർക്കും ഹിതകരമാവില്ല. മാത്രമല്ല പ്രസ്തുത ആശയം ദഹിക്കത്തക്കവിധമുള്ള വിജ്ഞാനപശ്ചാത്തലം സാമാന്യജനം ആർജ്ജിച്ചിട്ടുമില്ലല്ലോ. ഏതാണ്ട് ജീവിതത്തിന്റെ അന്ത്യത്തിലാണ് കോപ്പർ നിക്കസ് തന്റെ 'ചുറ്റിത്തിരിയുന്ന ആകാശഗോളങ്ങളെക്കുറിച്ച്' എന്ന പ്രബന്ധം പ്രസിദ്ധീകരിച്ചത്. പ്രസ്തുത പ്രബന്ധത്തിലെ ആശയങ്ങൾ പ്രചരിക്കുന്നതിനുമുൻപുതന്നെ അദ്ദേഹം അന്തരിച്ചു. ജിയോർഡാനോ ബ്രൂണോ എന്ന കലാശാല അധ്യാപകനാണ് യൂറോപ്പിലുടനീളം കോപ്പർ നിക്കസ്സിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. അതിന് അദ്ദേഹത്തിന് സ്വന്തം ജീവൻ ബലി നൽകേണ്ടതായും വന്നു.

ബഹിരാകാശ വിഷയങ്ങളെക്കുറിച്ച് ഇന്ന് സാമാന്യജനങ്ങൾ കൂടുതൽ ജാഗരൂകരാണ്; ബോധവാന്മാരാണ്. എന്നിരുന്നാൽത്തന്നെ മനസ്സിൽ രൂഢമൂലമായിപ്പോയ അബദ്ധധാരണകൾ പിഴുതെറിയുക എന്നത് അത്ര ലളിതമായ കാര്യമല്ല. തലച്ചോറിൽ ആഴത്തിൽ കോറിയിട്ട ചില ചിത്രങ്ങൾ മായ്ച്ച്, പുതിയത് വരയ്ക്കുന്നതിന് പരിണാമത്തിന്റെ അടുത്തഘട്ടത്തിലേയ്ക്കുതന്നെ കടക്കേണ്ടിവന്നേക്കും. ●

---

*(23-ാം പേജിൽ നിന്നും തുടർച്ച)*

# ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും

**നിലവിളക്കിന്റെ മഹത്വവും**
**തിരി കൊളുത്തേണ്ട വിധവും**

നിലവിളക്കുകളില്ലാത്ത ഒരു ഹൈന്ദവ ഭവനം കാണുകയില്ല. അത്രയേറെ മംഗളപ്രദവും ഐശ്വര്യ സൂചകവുമാണ് അത്. സർവ പൂജാദികളിലും പ്രാർത്ഥനാവേളകളിലും നിലവിളക്ക് ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ്. രണ്ടു തട്ടുള്ളതും ഓടിൽ നിർമ്മിച്ചതുമായ സാധരണ വിളക്കാണ് ഏറ്റവും ഉത്തമം. അധികം ഉയരമില്ലാത്ത പീഠത്തിലോ തളികയിലോ വച്ച് ഭവനങ്ങളിൽ നിലവിളക്ക് കൊളുത്താം. ഒരു തിരിയായി വിളക്ക് കൊളുത്തരുത്. തൊഴുതുപിടിക്കുന്നതുപോലെ രണ്ടു തിരികൾ കൂട്ടിയോജിപ്പിച്ച് ഒരു ദിക്കിലേക്ക് ദീപം തെളിയിക്കാം. പ്രഭാതത്തിൽ ഒരു ദീപം കിഴക്കോട്ട്, സന്ധ്യക്ക് രണ്ട് ദീപങ്ങൾ, ഒന്ന് കിഴക്കോട്ടും മറ്റൊന്ന് പടിഞ്ഞാറോട്ടും ആയിരിക്കണം. മൂന്ന്, അഞ്ച് എന്ന എണ്ണത്തിലും ഗൃഹത്തിൽ ദീപം കൊളുത്താം. മൂന്നാണെങ്കിൽ തെക്ക് ദിശ ഒഴിവാക്കണം. അഞ്ചാണെങ്കിൽ നാലുദിക്കിലേക്കും അഞ്ചാമത് വടക്ക് കിഴക്ക് ദിശയിലേക്കും ആയിരിക്കണം. കൂടുതൽ തിരികൾ ഉപയോഗിക്കുമ്പോൾ തിരികൾ കൊളുത്തുന്നത് വടക്ക് നിന്നാംരംഭിച്ച് അവസാന തിരി കത്തിച്ച് പ്രദിക്ഷിണം പൂർത്തിയാക്കി തിരിച്ചുവരണം. കത്തിക്കാൻ ഉപയോഗിച്ച വിളക്ക് ആവശ്യം കഴിയുമ്പോൾ കെടുത്തിവെയ്ക്കണം. നെയ്‌വിളക്കിനാണ് ഏറ്റവും മഹത്വമുള്ളത്.

**ഇനി ഒരു ക്ഷേത്രത്തെക്കുറിച്ച് : അങ്കോർവത് (ഹൈന്ദവക്ഷേത്രം)**

കംബോഡിയയിലെ അങ്കോർതോം നഗരിക്കടുത്ത് സ്ഥിതിചെയ്യുന്ന ഹൈന്ദവക്ഷേത്രം. ക്ഷേത്രം പണികഴിപ്പിച്ചത് സൂര്യവർമൻ രണ്ടാമൻ (1113 1150). ചിത്രശിലാപൂർണമാണ് ഈ ക്ഷേത്രം ദക്ഷിണ പൂർവേഷ്യയിലെ ഏറ്റവും മനോഹരമായ ദേവാലയമത്രേ ഇത്. പിരമിഡിന്റെ ആകൃതിയാണിതിന്. ക്ഷേത്രത്തിനു ചുറ്റും കിടങ്ങുകളും മിനുസമുള്ള ചെങ്കല്ലുപാകിയ നടപ്പാതയുമുണ്ട്. 1800 അടി നീളമാണ് ഇതിന്.

ദക്ഷിണേന്ത്യൻ ശില്പകലയുടെ സ്വാധീനം ഈ ക്ഷേത്രത്തിൽ പ്രകടമാണ്. ക്ഷേത്രമദ്ധ്യത്തിലുള്ള വിഷ്ണുപ്രതിഷ്ഠയിലേക്കുള്ള സോപാനത്തിൽ 2 അടി വീതം ഉയരമുള്ള 38 പടികൾ നിർമ്മിച്ചിരിക്കുന്നു. ചുറ്റമ്പലത്തിന്റെ നാലുമൂലകളിലും ചെറിയ ഗോപുരങ്ങൾ ഓരോന്ന് വീതമുണ്ട്. മധ്യഭാഗത്തുള്ള ഗോപുരത്തിന് 200 അടി ഉയരമാണുള്ളത്. ഈ ക്ഷേത്രത്തിലെ മണ്ഡപങ്ങളുടേയും ശിലകളുടേയും ചുവരുകളിൽ നൃത്തംവയ്ക്കുന്ന അപ്സരസ്സുകളുടെ ശില്പങ്ങൾ നിറഞ്ഞുനിൽക്കുന്നു. രാമരാവണ യുദ്ധവും പാലാഴി മഥനവും മറ്റുമാണ് പ്രതിമാശില്പ പരമ്പരയിലൂടെ ആവിഷ്കൃതമായിരിക്കുന്നത്. ചോള കലാവിദ്യ ഈ ക്ഷേത്രനിർമ്മാണത്തിൽ ദൃശ്യമാണ്.

വനത്തിൽ മറഞ്ഞു കിടന്ന ഈ ക്ഷേത്രത്തെ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് ഫ്രഞ്ചു പ്രകൃതി ശാസ്ത്രജ്ഞനായ എ.എച്ച്. മൗഹൊയാണ്.

**(ഹിന്ദു എൻസൈക്ലോപീഡിയ)** ●

# സാഫല്യം



ടി. എൻ. രാജലക്ഷ്മി

''എന്റെ എല്ലാ നേട്ടങ്ങൾക്കും കാരണം എന്റെ അമ്മയാണ്''. മകന്റെ വാക്കുകൾ ഉച്ചഭാഷണിയിലൂടെ മുഴങ്ങികേട്ടപ്പോൾ മീരയുടെ മനസ്സ് ഇരുപത്തി രണ്ടു വർഷങ്ങൾ പുറകോട്ടു പോയി. എല്ലാം ഇന്നലെ നടന്നപോലെ തോന്നുന്നു. അന്നത്തെ സംഭവങ്ങൾ ഒരു ചലച്ചിത്രത്തിലെന്നപോലെ മനസ്സിലേയ്ക്ക് കടന്നുവന്നു. പ്രശസ്തമായ ആ ക്ഷേത്രത്തിൽ തൊഴാനായി ഭർത്തവൊന്നിച്ചു പോയ ആ ദിവസം തന്റെ ജീവിതത്തിനൊരു വഴിത്തിരിവാകുകയായിരുന്നു.

അമ്പലനടയിലേക്കുള്ള നടപ്പാതയിലെ അഭൂതപൂർവ്വമായ തിരക്കിൽ, ഒഴുക്കിൽപ്പെട്ട കരിയിലപോലെ നീങ്ങവേ പെട്ടെന്നാരോ സാരിയിൽ പിടിച്ചു വലിക്കുന്നതുപോലെ തോന്നി. തിരിഞ്ഞു നോക്കിയത് വിടർന്ന മിഴികളോടെ തന്നെ ഉറ്റുനോക്കുന്ന ഒരു രണ്ടു വയസ്സുകാരന്റെ ഓമനമുഖത്തേക്കാണ്. പുറകെ വരുന്നവർ അവനെ തള്ളിയിടുമെന്ന് തോന്നിയപ്പോൾ പെട്ടെന്നേതോ ഉൾപ്രേരണയാൽ കുട്ടിയെ എടുത്ത് ഒരരികിലേയ്ക്ക് ഒതുങ്ങി നിന്നു. കുഞ്ഞ് തന്റെ മുഖത്തു നോക്കി അമ്മ അമ്മ എന്നു പറയുന്നു. അമ്പലത്തിരക്കിലെവിടേയോ അവനെ അന്വേഷിച്ച് അവന്റെ അമ്മ അലയുന്നുണ്ടാവാം. തന്റെ മുഖഛായ ആയിരിക്കാം അവന്റെ അമ്മയ്ക്ക്.

തന്റെ കൈയിൽ കുഞ്ഞിനെക്കണ്ട് അത്ഭുതസ്തബ്ധനായ ഭർത്താവിനോട് വിവരങ്ങൾ പറഞ്ഞു. രണ്ടും പേരും ചേർന്ന് പോലീസ് കൺട്രോൾ റൂമിൽ ചെന്ന് വിവരങ്ങൾ ധരിപ്പിച്ചു. പോലീസുകാർ പലവട്ടം മൈക്കിലൂടെ അനൗൺസ്മെന്റ് നടത്തി. മണിക്കൂറുകളോളം പോലീസുകാരൊടൊപ്പം കാത്തിരുന്നിട്ടും ആരും അവനെ അന്വേഷിച്ചു വന്നില്ല. ഇതിനിടെ പോലീസുകാർ കുഞ്ഞിനെ കയ്യിൽ വാങ്ങാൻ പലവുരു ശ്രമം നടത്തി. അവൻ കൂടുതൽ കൂടുതൽ തന്നെ മുറുകെ പിടിക്കുകയായിരുന്നു. അവസാനം പോലീസുകാരുടെ അനുമതിയോടെ, എപ്പോൾ വേണമെങ്കിലും സ്റ്റേഷനിൽ ഹാജരാക്കാമെന്ന നിബന്ധനയിൽ കുഞ്ഞിനേയും കൊണ്ട് വീട്ടിലേക്ക് മടങ്ങി.

അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം കുഞ്ഞിനെ പോലീസ് സ്റ്റേഷനിലോ അനാഥാലയത്തിലോ ഏൽപ്പിക്കാൻ ഉപദേശിച്ചെങ്കിലും അതൊന്നും ചെവിക്കൊണ്ടില്ല. അവനെ ഉപേക്ഷിക്കാൻ മനസ്സുവന്നില്ല. ഭഗവാൻ തന്ന കുഞ്ഞിന് കണ്ണൻ എന്നു പേരു വിളിച്ചു. കണ്ണനെ അവകാശപ്പെടാൻ ആരും എത്തിയില്ല. നിയമപരമായി തന്നെ അവനെ ദത്തെടുത്തു. വർഷങ്ങളായി ഒരു കുഞ്ഞിനു വേണ്ടിയുള്ള പ്രാർത്ഥന ഭഗവാൻ കേട്ടതാവാം.

പിന്നെയുള്ള ജീവിതം കണ്ണനുവേണ്ടി മാത്രമുള്ളതായിരുന്നു. അവന്റെ കളികൾ, ചിരികൾ, കുസൃതികൾ എല്ലാം നിറഞ്ഞ ദിവസങ്ങൾ. അടുത്ത വർഷം കണ്ണനെ അടുത്തു തന്നെയുള്ള സ്കൂളിൽ ചേർത്തു. ടീച്ചർമാർക്ക് അവൻ കണ്ണിലുണ്ണിയായി. എന്തും ഒരു പ്രാവശ്യം പറഞ്ഞു കൊടുത്താൽ മതി. അവൻ പഠിച്ചെടുക്കും. പിന്നീടുള്ള വർഷങ്ങൾ അവന്റെ വിജയഗാഥയുടേതായിരുന്നു. എല്ലാ ക്ലാസ്സിലും ഒന്നാമനായ അവൻ പ്രശസ്തമായനിലയിൽ തന്നെ പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും ജയിച്ചു.

ഇതിനിടെ ഭർത്താവ് രോഗബാധിതനായതോടെ വീട്ടിലെ സാമ്പത്തിക നില തകരാറിലായി. ഇതുവരെ വെറും വീട്ടമ്മയായിരുന്ന താൻ ട്യൂഷനെടുത്തും തയ്യൽവേല ചെയ്തും പണം സ്വരൂപിച്ചു. കണ്ണന്റെ പഠനത്തിനൊരു മുടക്കവും വരുത്തിയില്ല. പതിവുപോലെ അഭ്യുദയകാംക്ഷികൾ തങ്ങൾ ചെയ്യുന്ന മണ്ടത്തരത്തെ ചൂണ്ടിക്കാട്ടി ഒരു അനാഥക്കുട്ടിക്കുവേണ്ടി ഇത്രയും കഷ്ടപ്പെടുന്നതിനെ കുറ്റപ്പെടുത്തി. ഇത്രയൊക്കെ പഠിപ്പിച്ചതു തന്നെ അധികമാണെന്നതായിരുന്നു അവരുടെ പക്ഷം.

*(ശേഷം 51–ാം പേജിൽ)*

# ദേവഭൂവിലേക്കൊരു തീർത്ഥയാത്ര

**സി. ജയറാം**

ഉത്തരാഖണ്ഡ് എന്ന സംസ്ഥാനത്തെ ദേവഭൂമിയെന്ന പേരിലും അറിയപ്പെടുന്നു. ചാർധാം എന്ന യാത്രാപരമ്പര, ബധരീനാഥ് ധാം, കേദാർനാഥ്ധാം, ഗംഗോത്രിധാം, യമുനോ ത്രിധാം എന്നീ പ്രധാന പുണ്യസ്ഥലങ്ങളെ ആസ്പദമാക്കിയിട്ടുള്ളതാണ്. ഈ നാലു പുണ്യസ്ഥലങ്ങളും സ്ഥിതിചെയ്യുന്നത് നമ്മുടെ ഹിമവാൻ കൊടുമുടികളിലാണ്. അതുകൊണ്ട് അങ്ങോട്ടുള്ള യാത്ര വളരെ ബുദ്ധിമുട്ടുള്ളതും ക്ലേശകരവും ആണെങ്കിലും പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹിക്കപ്പെട്ടിട്ടുള്ളതുമായ ആ പ്രദേശത്തു കൂടിയുള്ള യാത്ര വളരെയേറെ ആസ്വാദ്യകരമായിരുന്നു.

ചാർധാമിന്റെ ചുരുക്കവിവരണമാണിത്. ഞങ്ങളുടെ ചാർധാം യാത്ര സെപ്തംബർ 12-ാം തീയതി ശനിയാഴ്ച ഡൽഹിയിൽ നിന്നും ആരംഭിച്ചു. ഞങ്ങൾ ഡൽഹിയിൽ നിന്ന്12-ാം തീയതി ഉച്ചക്ക് 3 മണിയോടു കൂടി ഒരു ബസ്സിൽ യാത്ര ആരംഭിച്ചു. സപ്തഗിരി ട്രാവൽസിന്റെ സാരഥിയും പുണ്യപുരാണ സ്ഥലങ്ങളിൽ ടൂർ ലീഡറായി അനവധി പ്രാവശ്യം യാത്രകൾ നടത്തിയിട്ടുള്ളതുമായ ശ്രീ ശിവരാമൻ മേനോന്റെ നേതൃത്വത്തിൽ ആയിരുന്നു ഞങ്ങൾ 16 അംഗങ്ങളുടെ തീർത്ഥയാത്ര. ഡൽഹിയിൽ നിന്നും നേരെ ഞങ്ങൾ ഹരിദ്വാറിലേക്കാണ് പോയത്. രാത്രി 10.30 മണിയോടു കൂടി ഞങ്ങൾ ഹരിദ്വാറിൽ എത്തിച്ചേർന്നു. അവിടെ ധർമ്മശാലയിൽ താമസിച്ചു.

**ഹരിദ്വാർ** ഃ ഹരിദ്വാറിൽ 13-ാം തീയതി ഞായറാഴ്ച രാവിലെ ഞങ്ങൾ റോപ്പ്‌വേ വഴി മലമുകളിലുള്ള ചണ്ഡീദേവി അമ്പലത്തിൽ ദർശനം നേടി. അതുകഴിഞ്ഞ് ദക്ഷേശ്വർ മഹാദേവ അമ്പലവും, ഹരിഹർ അമ്പലവും, പിന്നീട് ഒരു വലിയ രുദ്രാക്ഷവൃക്ഷത്തിന്റെ ചുറ്റുമുള്ള 19 ശിവലിംഗങ്ങളും കണ്ട് തൊഴുത്, ഗംഗാനദയിൽ കൈകാൽ മുഖം കഴുകി പുണ്യം നേടി, മാനസദേവി അമ്പലവും സന്ദർശിച്ച് അനുഗ്രഹം വാങ്ങി, ഗംഗാനദീതീരത്തുള്ള ബ്രഹ്മകുണ്ഡ് എന്ന പുണ്യസ്ഥലത്തെത്തി. ഇവിടെ പ്രസിദ്ധമായ ഗംഗാ ദീപാരാധന എന്നും സന്ധ്യക്ക് നടത്താറുണ്ട്. രാത്രി 8 മണിയോടെ തിരിച്ച് ധർമ്മശാലയിൽ എത്തി വിശ്രമിച്ചു.

**യമുനോത്രിഃ** മൂന്നാം ദിവസമായ 14-ാം തീയതി തിങ്കളാഴ്ച രാവിലെ 7 മണിക്ക് ഞങ്ങൾ ഹരിദ്വാറിൽ നിന്നും ബർക്കോട്ട് എന്ന സ്ഥലത്തേക്ക് യാത്രതിരിച്ചു. അവിടെ നിന്നുമാണ് യമുനോത്രിയിലേക്കുള്ള പുണ്യയാത്ര തുടരേണ്ടത്. ബേർക്കോട്ടിലേക്കുള്ള യാത്രയിൽ ഞങ്ങൾ ഋഷികേശ്, ഡറാഡൂൺ, മസ്സൂരി എന്ന പട്ടണങ്ങളിലൂടെ മലകൾ കയറി യാത്ര ചെയ്തു. പോകുന്ന വഴിയിൽ കെംപ്ടി എന്ന മനോഹരമായ വെള്ളചാട്ടവും ഞങ്ങളുടെ യാത്രക്ക് കുളിർമയും ആനന്ദവും ഏറെ നൽകി. മസൂരി പട്ടണം സമുദ്രനിരപ്പിൽ നിന്നും 6200 അടി മുകളിലായതിനാൽ നല്ല ശീതള കാലാവസ്ഥയായിരുന്നു. വൈകിട്ട് 5.30 മണിയോട് കൂടി ഞങ്ങൾ ബാർകോട്ടിൽ എത്തിചേർന്നു. പവൻ ഹാൻസ് എന്ന ഹോട്ടലിൽ താമസിച്ചു കൂട്ടത്തിൽ പരിസരത്തുള്ള ശിവഭഗവാന്റെയും ദേവിയുടേയും അമ്പലങ്ങൾ സന്ദർശിച്ച് അനുഗ്രഹം വാങ്ങി.

**4-ാം ദിവസംഃ** 15-ാം തീയതി ചൊവ്വഴ്ച രാവിലെ 6 മണിക്ക് ഞങ്ങൾ ബർക്കൊട്ടിൽ നിന്നും പുറപ്പെട്ടു, യമുനോത്രിയിലേയ്ക്ക് 8.15 മണിയോടു കൂടി യമുനോത്രിയുടെ താഴ്‌വാരത്തിലെത്തിച്ചേർന്നു. അവിടെവരെ മാത്രമേ ബസ് പോകുകയുള്ളൂ. പിന്നീടുള്ള യാത്ര 5 മണിക്കൂർ 11,500 അടി ഉയരമുള്ള പർവ്വതത്തിലൂടെ കയറണം. 9 മണിയോടു കൂടി ഞങ്ങൾ മലകയറാൻ തുടങ്ങി. ഞങ്ങളിൽ ചിലർ കുതിരപ്പുറത്തും, ബാക്കിയുള്ളവർ നടന്നും കയറി. ഈ പർവ്വതത്തിലൂടെ നടന്നുകയറുവാൻ വലിയ പ്രയാസമാണ്. വളരെ ഇടുങ്ങിയ, ഒരു നാലഞ്ചടി വീതിയുള്ള മലയോ

രത്തിലുള്ള നടപ്പാതയിലൂടെയാണ് കയറേണ്ടത്. ഒരു വശത്ത് തലമുട്ടുന്ന പാറക്കൂട്ടങ്ങളും മറുവശത്ത് നോക്കിയാൽ നോട്ടമെത്താത്ത കൊക്കയും ഏറ്റവും ദൂരെ താഴെയായി യമുനാനദി ഒരു ചരടുപോലെ ഇരമ്പി ഒഴുകുന്നതും കാണാം. ഈ അപകടംപിടിച്ച കയറ്റത്തിൽ, ഇടക്കിടെ സവാരി കയറ്റിയുള്ള കുതിരകളും നമ്മുടെ നടപ്പിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. എല്ലാം സഹിച്ച്, ഈശ്വരനെ മനസ്സിൽ ധ്യാനിച്ച് ഞങ്ങൾ കയറി. ഉച്ചയ്ക്ക് ഒരു മണിയോടുകൂടി ഞങ്ങൾ യമുനോത്രി അമ്പലത്തിൽ എത്തിച്ചേർന്നു. യമുനാനദിയുടെ ഉത്ഭവസ്ഥാനവും പിന്നെ അവിടെ അമ്പലത്തിന്റെ പരിസരത്ത് ആവിപറക്കുന്ന ചൂടുള്ള വെള്ളത്തിന്റെ ഉത്ഭവവും (Hot Spring) കാണാനുള്ള ഭാഗ്യവും ഞങ്ങൾക്ക് ലഭിച്ചു. ഐസിനുതുല്യമായ യമുനാനദിയിലും കൈകാൽ കഴുകി പുണ്യം നേടി. 1.30 മണിയോടെ ഞങ്ങൾ മലയിറങ്ങി. താഴ്വരയിൽ ഞങ്ങൾ വൈകിട്ട് 4 മണിയോടെ തിരിച്ചെത്തി. വൈകിട്ട് 7 മണിയോടെ ബരക്കോട് ഹോട്ടലിൽ എത്തിച്ചേർന്നു.

**ഉത്തരകാശി:** 5-ാംദിവസം 16-ാംതീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് ഞങ്ങൾ ബർക്കോടിൽ നിന്നും ഉത്തരകാശിയിലേക്ക് യാത്രതിരിച്ചു. ഭാഗീരഥിനദി ഉത്തരകാശിയിലൂടെ ഒഴുകി പിന്നീട് ഗംഗാനദിയായി പരിണമിക്കുന്നു. പോകുന്ന വഴിയിൽ മനോഹരങ്ങളായ ഹിമാലയൻ പൈൻമരങ്ങളും, താഴ്വരകളും കണ്ണിനും മനസ്സിനും ദൃശ്യവിരുന്നൊരുക്കി. പിന്നീട് വളരെ പ്രശസ്തിയാർന്ന ശിവഗുഹ അതായത് പ്രാകൃതിക് പ്രാചീന പ്രകടേശ്വർ പഞ്ചാനനൻ മഹാദേവ് എന്നറിയപ്പെടുന്ന വ്യത്യസ്ഥമായ മൂർത്തിയുടെ ശിലാരൂപങ്ങൾ ഗുഹക്കുള്ളിൽ കണ്ടു വന്ദിച്ച്, തൊട്ടുതൊഴുത് മടങ്ങി. ഇത് ജീവിതത്തിൽ കിട്ടുന്ന ഒരു അപൂർവ്വ അനുഭവമായി തോന്നി. ഞങ്ങൾ ഉത്തരകാശിയിൽ ഉച്ചതിരിഞ്ഞ് 3.30 മണിയോടെ എത്തിച്ചേർന്നു. അവിടെത്തെ കാശിവിശ്വനാഥ് അമ്പലത്തിൽ ദർശനം കഴിഞ്ഞ് സ്വയംഭൂവിഗ്രഹമാണ് ത്രിശൂലവുമായി നിൽക്കുന്ന ശ്രീപരാശക്തിദേവിയേയും തൊഴുതുവണങ്ങി ഉത്തരകാശിയിലെ ഹോട്ടൽ വിജയരാജിൽ എത്തി താമസിച്ചു. ശ്രീപരാശക്തിയുടെ അടുത്തുള്ള ത്രിശൂലം കൊണ്ടാണ് ദേവിദേവൻമാരുടേയും അസുരൻമാരുടേയും യുദ്ധത്തിൽ അസുരൻമാരെ കൊന്നൊടുക്കിയത് എന്ന് ഐതിഹ്യം പറയുന്നു.

**ഗംഗോത്രീ :** (6-ാം ദിവസം) ഞങ്ങൾ 17-ാം തിയതി വ്യാഴാഴ്ച രാവിലെ 6 മണിക്ക് ഉത്തരകാശിൽ നിന്നും ഗംഗോത്രിയിലേക്ക് പുറപ്പെട്ടു. പോകുന്ന വഴി ഗംഗനാനി എന്ന പുണ്യ സ്ഥലത്തെ ചൂടുള്ള ജലാശയത്തിൽ (Hot spring water) സ്നാനം ചെയ്ത് ഹർഷിത് എന്ന ഇന്ത്യൻ മിലിറ്ററി ക്യാമ്പ് ഉള്ള സ്ഥലത്ത് കൂടെ ധരാളി കൊപാംഗ് എന്നീ സ്ഥലങ്ങൾ പിന്നിട്ട് യാത്ര തുടർന്നു. യാത്രയിലുടനീളം ഹിമാലയ താഴ്വരയിൽ ധാരാളം ദേവതാരുമരങ്ങൾ കാണാമായിരുന്നു. പിന്നീട് ചൈന അതിർത്തിക്കടുത്ത നേതാംഗ് എന്ന സ്ഥലത്തു കൂടി യാത്ര ചെയ്ത് ഇടതു വശത്ത് ഭൈരവ് ക്ഷേത്രവും കണ്ട് ഉച്ചക്ക് 12.30 മണിയോടുകൂടി ഗംഗോത്രിയിൽ എത്തിച്ചേർന്നു. ഗംഗോത്രിയുടെ മുകളിൽ സ്ഥിതി ചെയ്യുന്ന ഗോമുഖി എന്ന പർവ്വതമുകളിൽ നിന്നാണത്രേ ഗംഗാനദി ഉത്ഭവിക്കുന്നത്. ഭഗീരഥമഹാരാജാവ് കൊടും തപസ്സുചെയ്ത് ഗംഗാനദിയെ പ്രാപ്തമാക്കിയ സ്ഥലവും കൂടിയാണ് ഗംഗോത്രി. അതുകൊണ്ട് ഭഗീരഥിയെന്നും ഗംഗാനദിയ്ക്ക് പേരുണ്ടായി. ഗഗോത്രിയിൽ ഗംഗ, യമുന, സരസ്വതി, ലക്ഷ്മി, പാർവ്വതി, അന്നപൂർണ്ണ എന്നീ ദേവികളുടെ അമ്പലങ്ങളും ശ്രീ ഭഗീരഥമഹാരാജാവിന്റെ അമ്പലവും, തപസ്സ്ചെയ്ത സ്ഥലവും സ്ഥിതി ചെയ്യുന്നു. എല്ലാ ദേവിമാരുടേയും ദേവൻമാരുടേയും ദർശനം കഴിഞ്ഞ് അനുഗ്രഹം നേടി തിരിച്ച് ഉത്തരകാശിയിലേക്ക് പുറപ്പെട്ടു. രാത്രി 8 മണിയോടു കൂടി ഹോട്ടലിൽ എത്തി.

**ഗുപ്തകാശി:** ഏഴാം ദിവസമായ 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 6.30 മണിയോടുകൂടി ഗുപ്തകാശിയിലേയ്ക്കു പുറപ്പെട്ടു. പോകുന്ന വഴിയിൽ തപോവന സ്വാമിജിയുടെ തപോവനാശ്രമത്തിൽ ദർശനം നടത്തി, അനുഗ്രഹങ്ങൾ വാങ്ങി. ഇവിടെയാണ് ചിൻമയാനന്ദ സ്വാമികൾ തപോവനസ്വാമികളുടെ കീഴിൽ സന്യാസം നടത്തിയിരുന്നത്. രാവിലെ 10.00 മണിയോടു കൂടി ചമ്പ എന്ന സ്ഥലത്തെത്തി ഉച്ചഭക്ഷണം കഴിച്ചു. ഭക്ഷണം കഴിഞ്ഞ് 2 മണിയോടു കൂടി വീണ്ടും യാത്ര ആരംഭിച്ചു. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ അണക്കെട്ടായ തെഹരീ ഡാം പോകുന്ന വഴി കാണാൻ പറ്റിയത് ഒരു വലിയ അനുഭവമായിരുന്നു. ഇപ്പോഴും പണി പൂർത്തിയായിട്ടില്ല. ഈ അണക്കെട്ടുമായി ബന്ധപ്പെട്ട് ഒ

രുപാട് പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. വൈകിട്ട് 5.30 മണിയോടു കൂടി ശ്രീനഗർ (ഉത്തരഖാണ്ഡ്) എന്ന സ്ഥലത്തെത്തി താമസിച്ചു.

**രുദ്രപ്രയാഗ് തുംഗനാഥ്:** 8-ാം ദിവസം 19-ാം തീയതി ശനിയാഴ്ച രാവിലെ 6 മണിക്ക് യാത്ര ആരംഭിച്ചു. പോകുന്ന വഴിയിൽ പുണ്യസ്ഥലമായ അളകനന്ദനദിയും മന്ദാകിനിനദിയും സംഗമിക്കുന്ന രുദ്രപ്രയാഗ് എന്ന സ്ഥലവും നാരദമുനി തപസ്സ് ചെയ്ത സ്ഥലവും കണ്ട് പിന്നീട് അഗസ്ത്യമുനി തപസ്സ് ചെയ്തിരുന്ന അമ്പലവും ദർശിച്ച് രാവിലെ 9.30 മണിയോടെ ഊഖിമഠ് എന്ന സ്ഥലത്തെത്തി. ശ്രീ ഓംകാരേശ്വരന്റെ ക്ഷേത്രവും ഇവിടെ സ്ഥിതിചെയ്യുന്നു. വളരെ പുരാതനമായ ശില്പ നിർമ്മിതവും, ഊട്ടുപുരയും മറ്റും ഉള്ള ഒരു അമ്പലമാണിത്. ഇവിടെയാണ് ഉഷ, അനുരുദ്ധൻ ദമ്പതിമാരുടെ കല്ല്യാണം നടന്നതും അതിന്റെ മണ്ഡപം സ്ഥിതി ചെയ്യുന്നതും. ഉച്ചയ്ക്ക് 12 മണിയോടു കൂടി ഞങ്ങൾ തുംഗനാഥ് എന്ന പർവ്വതത്തിന്റെ താഴ്വാരത്തിൽ എത്തി.

12.30 മണിയോടു കൂടി തുംഗനാഥ് അമ്പലത്തിലേക്കുള്ള മലകയറാൻ തുടങ്ങി. വളരെ ബുദ്ധിമുട്ടുള്ള കുത്തനെയുള്ള കയറ്റമാണ്. ഞങ്ങൾ നടന്നും മറ്റു ചിലർ കുതിരപ്പുറത്തുമായി സവാരി തുടങ്ങി. ദൂരെ മഞ്ഞുമൂടിയ ഹിമവാൻ സാനുക്കളും, ചുറ്റുമുള്ള ഹിമവാൻ പർവ്വതങ്ങളും മനോഹരങ്ങളായ കാഴ്ച പകർന്നു. ഉച്ചക്ക് 3.30 മണിയോടുകൂടി ഏറ്റവും ഉയരംകൂടിയ (12,000 ft High zoom Sea Level) പർവ്വതമുകളിൽ സ്ഥിതി ചെയ്യുന്ന തുംഗനാഥ് അമ്പലത്തിൽ എത്തിച്ചേർന്നു. ഭഗവാന്റെ നല്ല ദർശനവും കിട്ടി അനുഗ്രഹാശിസ്സുകൾ നേടി വൈകിട്ട് 4 മണിയോടുകൂടി മലയിറങ്ങാൻ തുടങ്ങി. വൈകിട്ട് 6 മണിയോടുകൂടി താഴ്വാരത്തിലെത്തി. 7.30ഓടെ ഊഖിമഠ് ഹോട്ടലിൽ എത്തിച്ചേർന്നു. ശീതകാലങ്ങളിൽ ശ്രീ കേദാരേശ്വരൻെറ പൂജ ഊഖിമഠിലാണ് നടക്കുന്നത്.

**ഗുപ്തകാശി:** 20-ാം തീയതി ഞായറാഴ്ച ഒൻപതാം ദിവസം ഞങ്ങൾ രാവിലെ പത്ത് മണിയോടെ ഞങ്ങൾ ഗുപ്തകാശിയിലേക്ക് യാത്ര ആരംഭിച്ചു. പോകും വഴി ശ്രീ വിശ്വനാഥ അമ്പലത്തിൽ ഞങ്ങൾ ദർശനം നടത്തി ഭഗവാൻ ശിവൻ ഇവിടെയാണ് പാണ്ഡവൻമാരിൽ നിന്നും ഒളിച്ചു മാറി നിന്നിരുന്നത്. അതായത് പാണ്ഡവൻമാർ കുരുക്ഷേത്രയുദ്ധം കഴിഞ്ഞ്, സർവ്വപാപനിവാരണത്തിനായി ഭഗവാൻ ശിവനെ തേടി നടന്ന് ഒടുവിൽ ഗുപ്തകാശിയിൽ ഉണ്ടെന്ന് അറിഞ്ഞ് കാണാൻവന്നപ്പോൾ ഭഗവാൻ അവിടെ നിന്നും അപ്രത്യക്ഷമായി എന്നാണ് ഐതീഹ്യം.

ഗുപ്ത എന്നതിന്റെ അർത്ഥം അപ്രത്യക്ഷമായ എന്നാണ് അതുകൊണ്ടാണ് ഈ സ്ഥലത്തിന് ഗുപ്തകാശി എന്നു പേരുവന്നത്. ഇവിടെ നിന്നാണ് ഭഗവാൻ കേദാരത്തിലേക്ക് പോയത്. ഉച്ചക്ക് 12.30 ഓടു കൂടി ഞങ്ങൾ ഗുപ്തകാശിയിൽ നിന്നും സീതാപൂർ എന്ന സ്ഥലത്തേയ്ക്ക് യാത്രയായി. 2 മണിയോടു കൂടി സീതാപൂർ എന്ന സ്ഥലത്തെത്തി അവിടെ നിന്നും ത്രിയുഗ് നാരായൺ എന്ന പേരുള്ള അമ്പലത്തിലേക്ക് പുറപ്പെട്ടു. ഈ അമ്പലത്തിലെ വിഗ്രഹം 108 സാളഗ്രാമങ്ങൾ കൊണ്ട് നിർമ്മിച്ചതാണ്. ശ്രീ ആദിശങ്കരാചാര്യരാണ് ഇത് പ്രതിഷ്ഠിച്ചത്. ഇവിടെയാണ് ശ്രീ പാർവ്വതിയുടേയും, ശിവഭഗവാന്റേയും സ്വയംവരം നടന്നത്. ഇവിടത്തെ ദർശനം കഴിഞ്ഞ് ഞങ്ങൾ 6 മണിയോടു കൂടി തിരിച്ച് സീതാപുരിലെത്തി വിശ്രമിച്ചു.

**കേദാർനാഥ്:** 10-ാം ദിവസം തിങ്കളാഴ്ച 21 -ാം തീയതി രാവിലെ 6.15ന് അടുത്തള്ള ഹെലിപാഡിലേക്ക് യാത്രതിരിച്ചു. കേദാർനാഥിലേക്ക് ഹെലികോപ്റ്ററിലാണ് യാത്ര ചെയ്തത്. കാരണം കേദാർനാഥിലേക്ക് നടക്കുവാനുള്ള പാത വളരെ മോശമായിരുന്നതിനാലും അപകടം നിറഞ്ഞതിനാലുമാണിത്. രണ്ടു വർഷം മുമ്പുണ്ടായ ഉരുൾപൊട്ടലിനെ തുടർന്നും, പ്രളയത്തെ തുടർന്നുമാണിത്.

ഞങ്ങളുടെ കൂടെവന്ന ചുരുക്കം പേർ നടന്നും കുതിരപ്പുറത്തും കയറി യാത്ര തിരിച്ചു. അവർ 11 മണിക്കൂർ കൊണ്ടാണ് കേദാർനാഥിൽ എത്തിയത്. പിറ്റേദിവസമേ അവർ മടങ്ങിയുള്ളൂ. ഞങ്ങൾ 10 മിനിറ്റു കൊണ്ട് കേദാർനാഥ് അമ്പലത്തിനടുത്ത് എത്തിച്ചേർന്നു. 2 മണിക്കൂർ ദർശനത്തിന് തന്നിരുന്നു. വിശദമായി, യാതൊരു തിരക്കും കൂടാതെ ഭഗവാന്റെ നല്ല ദർശനം കിട്ടി. പ്രധാന അമ്പലം മാത്രം കേടുകൂടാതെ നിൽക്കുന്നു. ബാക്കിയുള്ള സ്ഥാപനങ്ങളും ചെറിയ അമ്പലങ്ങളും രണ്ടുകൊല്ലം മുമ്പുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും തകർന്ന് പോയിരി

ക്കുന്നു. കുറെയൊക്കെ മിലിറ്ററിക്കാരുടെ പ്രയത്നം കൊണ്ട് പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നു. വലിയ അതിശയകരമായ ഒരു കാഴ്ച കണ്ടു. പ്രധാന അമ്പലത്തിനു പിറകിലായി ഒരു കൂറ്റൻ വെള്ളപ്പാറ കിടക്കുന്നുണ്ട്. അത് പണ്ട് അവിടെ ഇല്ലായിരുന്നത്രേ! ആ കൂറ്റൻ പാറയാണ് പ്രളയത്തിൽ നിന്നും അമ്പലത്തിനെ കാത്തുരക്ഷിച്ചത്. അമ്പലത്തിൽ കാളയുടെ പുറകുവശംപോലെ ഇരിക്കുന്ന ഒരു വലിയ പാറയുണ്ട് അതാണ് സ്വയംഭൂവിഗ്രഹം. ആ വിഗ്രഹത്തെയാണ് നമ്മൾ അഭിഷേകം ചെയ്ത്, പൂജിച്ച് അനുഗ്രഹം വാങ്ങുന്നത്. അവിടെ നമ്മൾതന്നെയാണ് എല്ലാം ചെയ്യുന്നതും. അത് വല്ലാത്ത ഒരു അനുഭവമായിരുന്നു. ഞങ്ങൾ 7.40ന് അവിടെ എത്തി 10 മണിക്ക് തിരിച്ച്, അന്നപൂർണ്ണ ഹോട്ടലിൽ തിരിച്ചെത്തി വിശ്രമിച്ചു.

**ഗൗരികുണ്ഡ്**: ചൊവ്വ, 22-ാം തീയതി ഗൗരികുണ്ഡ് യാത്ര, അവിടെത്തെ സ്ഥിതിഗതികൾ ഉരുൾപൊട്ടൽ മൂലം വളരെ മോശമായതിനാൽ റദ്ദ് ചെയ്തു അന്നത്തെ ദിവസം വിശ്രമിച്ചു. 23-ാം തിയതി ബുധനാഴ്ച രാവിലെ 8.30 മണിക്ക് സീതാപുരിൽ നിന്ന് പുറപ്പെട്ടു ഗുപ്തകാശി, ഊഖിമഠ്, സാഗർ എന്നി സ്ഥലങ്ങളിലൂടെ, അളകനന്ദ നദീതീരത്തിലൂടെ യാത്ര ചെയ്തു പിപൽ കോടി എന്ന സ്ഥലത്ത് വൈകിട്ട് 4.30 ഓട്കൂടി എത്തിഹോട്ടൽ ഹെവനിൽ താമസിച്ചു.

**ജോഷിമഠ്**: 24-ാം തിയതി ബുധനാഴ്ച രാവിലെ 6.30 മണിക്ക് ജോഷിമഠിലേക്ക് യാത്രതിരിച്ചു. പോകുംവഴി ജോഗി വെള്ളചാട്ടത്തിനരികിൽ പ്രഭാതഭക്ഷണവും കഴിച്ച് 8.30 മണിയോട് കൂടി ജോഷിമഠ് അഥവാ ജ്യോതിർമഠ് എന്ന പുണ്യസ്ഥലത്തെത്തി. അവിടെ നരസിംഹമൂർത്തിയുടെ അമ്പലവും വാസുദേവമന്ദിറും, അഷ്ടഗണപതി, ദുർഗ്ഗാദേവിഅമ്പലങ്ങളും സന്ദർശിച്ചു. ജോഷിമഠിലേക്ക് കാറിൽ യാത്രതിരിച്ചു. അവിടെ ശ്രീ ശങ്കരാചാര്യർ തപസ്സുചെയ്ത പുണ്യസ്ഥലത്തുള്ള കൽപകവൃക്ഷവും പിന്നിട് മഹാസമാധിയായ സ്ഥലവും അഖണ്ഡജ്യോതിയും കണ്ട് വന്ദിച്ച് അനുഗ്രഹം നേടി. ഈ കൽപകവൃക്ഷത്തിന്റെ ചുവട്ടിലാണ് ശ്രീ ശങ്കരാചാര്യർ 12-ാം വയസ്സ് മുതൽ 5 വർഷം തപസ്സിരുന്നത്.

അവിടെ നിന്ന് യാത്ര തിരിച്ച് 10.30 മണിയോട് കൂടി പുണ്യനദികളായ അളകനന്ദയും, ദൌളിഗംഗയും സംഗമിക്കുന്ന വിഷ്ണു പ്രയാഗിൽ എത്തിച്ചേർന്നു. ഇതിനടുത്തുതന്നെയാണ് നരനാരായണ മലകൾ സ്ഥിതിചെയ്യുന്നത്. ഐതിഹ്യം പറയുന്നു, ഈ നരനാരായണമലകൾ ഒന്നു ചേരുമ്പോൾ, ശ്രീ ബദരീനാഥിലേക്കുള്ള വഴി എന്നന്നേക്കുമായി അടഞ്ഞുപോകുമെന്ന്. പോകുന്ന വഴിയിൽ ഹിമാലയത്തിലെ ഒരു ഹനുമാൻ അമ്പലവും സന്ദർശിച്ചു. ഇവിടെയാണ് ഭീമൻ കല്ല്യാണസൗഗന്ധികപൂവ് അന്വേഷിച്ച് പോയപ്പോൾ ശ്രീ ഹനുമാൻ മാർഗ്ഗതടസ്സമായി കിടന്നിരുന്നതെന്ന് പറയപ്പെടുന്നു.

ഉച്ചക്ക് 2 മണിയോടുകൂടി ഞങ്ങൾ ബദരീനാഥിൽ(11,000 അടി ഉയരത്തിൽ) എത്തി. ഭോലഗിരി ധർമ്മശാലയിൽ താമസിച്ചു. വൈകിട്ട് ബദരീനാഥ് അമ്പലത്തിൽ പോയി ശ്രീ ബദരീനാരായണ ഭഗവാന്റെ ദർശനം കൺകുളിർക്കെ കണ്ടു തൃപ്തിയായി അനുഗ്രഹം വാങ്ങി വന്നു. പിന്നീട് അമ്പലപരിസരത്ത് ഭഗവാൻ കാർത്തികേയൻ പിഴുതെടുത്ത ബ്രഹ്മാവിന്റെ തലയെന്നു സങ്കല്പിക്കുന്ന കറുത്ത പാറകളും കണ്ട് തൊഴുത് മടങ്ങി. ഈ സ്ഥലത്തിനു ബ്രഹ്മകമൽ എന്നാണ് പറയപ്പെടുന്നത്. വൈകിട്ട് 7.30നു തിരിച്ച് ധർമ്മശാലയിൽ എത്തി.

**മാനാഗ്രാമം സരസ്വതിനദി**: 25-ാം തീയതി വെള്ളിയാഴ്ച രാവിലെ മാനാഗ്രാമത്തിലേക്കു പുറപ്പെട്ടു. ശ്രീ ബദരീനാഥിൽ നിന്നും 4 കി.മി. അകലെയാണ് മാനാഗ്രാമം അഥവാ മണിഭദ്രപൂർ. അളകനന്ദനദിയുടെ തീരത്താണ് ഈ ഗ്രാമം. ഈ ഗ്രാമമാണ് ഇന്ത്യൻ അതിർത്തിയിലെ അവസാനത്തെ ഗ്രാമം. അതു കഴിഞ്ഞാൽ ചൈന അതിർത്തിയാണ്. ഇതിനടുത്തുതന്നെയാണ് അളകനന്ദനദിയുടേയും, സരസ്വതിനദിയുടേയും സംഗമസ്ഥലം ഇതിന് കേശവ്പ്രയാഗ് എന്നു പറയുന്നു. ഈ ഗ്രാമപ്രദേശത്തു തന്നെ ഗണേശ ഗുഹയും, വ്യാസഗുഹയും സ്ഥിതിചെയ്യുന്നു. ഈ ഗുഹയിൽ വച്ചാണ് വേദവ്യാസൻ ശ്രീ ഗണപതി ഭഗവാനെ കൊണ്ട് ശ്രീമദ് ഭാഗവതം എഴുതിപ്പിച്ചത്. ഈ ഗ്രാമത്തിന്റെ അറ്റത്തു നിന്നാണ് മലമുകളിൽനിന്നും സരസ്വതിനദി ഉത്ഭവിക്കുന്നത്. അവിടെ സരസ്വതിദേവിയുടെ ഒരു അമ്പലം ഉണ്ട്. ഇവിടെ രണ്ടുമലകൾക്കിടയിൽ ഭീംപുൽ എന്ന സ്ഥലമുണ്ട്. ഐതിഹ്യം ഇങ്ങനെയാണ്

പണ്ട് പാണ്ഡവൻമാർ അതിലെ വന്നപ്പോ

ൾ ഈ രണ്ടു മലകളുടെ ഇടയിലുള്ള താഴ്‌വര കടക്കാൻ പ്രയാസമായി. അപ്പോൾ ഭീമൻ ഒരു വലിയ പാറക്കല്ലെടുത്ത് ഈ രണ്ടു മലയുടെ ഇടയിൽ ഒരു പാലം പോലെ വച്ചു അങ്ങനെയാണ് ഈ സ്ഥലത്തിനു ഭീംപുൽ എന്ന പേരുവന്നതെന്ന് പറയുന്നു. സരസ്വതിനദി പൊട്ടിപുറപ്പെടുന്നത് ഇതിനു മുകളിൽ നിന്നാണ്. ഈ പാറയിടുക്കിൽ നിന്നും ശക്തിയോടെ വെള്ളം വരുന്നതുകൊണ്ട് അതിന്റെ മുകളിൽ ആയി മഴവില്ല് ഉദിച്ചിരിക്കുന്നത് കാണാം. വളരെ അപൂർവ്വമായ ഒരു കാഴ്ചയാണിത്. ഞങ്ങൾ ധർമ്മശാലയിലേക്ക് തിരിച്ച് 1.30 മണിയോടെ എത്തി വൈകിട്ട് വീണ്ടും ബദരീനാഥ് ഭഗവാന്റെ ദർശനത്തിനു പോയി. അവിടത്തെ തപ്തകുണ്ഡ് (Hot Spring Water)ദർശനവും നടത്തി.

**കർണ്ണ പ്രയാഗ്**ഃ 26-ാംനു ശനിയാഴ്ച രാവിലെ 10 മണിയോടു കൂടി കർണ്ണപ്രയാഗിലേക്കു യാത്ര തിരിച്ചു. യാത്രയിൽ പാണ്ഡുകേശ്വർ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന, യോഗബദ്രി എന്ന് അറിയപ്പെടുന്ന സ്ഥലത്തെ ശ്രീരാമൻ, സീതാദേവി, ലക്ഷ്മണൻ, ഹനുമാൻ എന്നിവരുടെ പ്രതിഷ്ഠകളുള്ള അമ്പലങ്ങൾ സന്ദർശിച്ച് അനുഗ്രഹം നേടി. പാണ്ഡവൻമാരാണത്രേ ഇവ പ്രതിഷ്ഠിച്ചത്. അതിനു ശേഷം ജോഷിമഠ് വഴി, പിപൽക്കോട്ടിലൂടെ 5.30 മണിക്ക് കർണ്ണപ്രയാഗിൽ എത്തിചേർന്നു. പോകുന്നവഴിയിൽ നന്ദാനദിയും (നന്ദാപർവ്വതത്തിൽ നിന്നും ഉത്ഭവിക്കുന്നു) അലഖ്നന്ദയും ഒന്നിക്കുന്ന സംഗമ സ്ഥലവും കാണാൻ അവസരമുണ്ടായി.

പിണ്ഡാർനദിയും അലഖ്നന്ദയും സംഗമിക്കുന്ന സ്ഥലമാണ് കർണ്ണപ്രയാഗ്. ഇവിടെയാണ് കർണ്ണൻ തപസ്സു ചെയ്ത് ശ്രീപാർവ്വതീദേവിയെ പ്രത്യക്ഷപ്പെടുത്തിയത്. കർണ്ണപ്രയാഗിന്റെ തീരത്ത് തന്നെ ശ്രീ പാർവ്വതിയുടെ അമ്പലവുമുണ്ട്. അതിന്റെ തീരത്തുള്ള ഹോട്ടൽ ശ്രീ കൃഷ്ണയിലാണ് ഞങ്ങൾ താമസിച്ചത്.

27-ാം തീയതി ഞായറാഴ്ച രാവിലെ 6 മണിക്ക് ദേവീദർശനത്തിനായി ശ്രീപാർവ്വതി ക്ഷേത്രത്തിൽ പോയി പ്രാർത്ഥിച്ച് മടങ്ങി ആദി ബദരിയിലേക്ക് യാത്ര പുറപ്പെട്ടു. ആകെയുള്ള അഞ്ച് ബദരി അമ്പലങ്ങളിൽ ഒന്നാമത്തേതാണ് ആദിബദരി പിന്നെ ബൃദ്ധ ബദരി, ഭവിഷ്യ ബദരി, യോഗ്ദാൻബദരി, വിശാൽ ബദരിനാഥ്. ആദി ബദരീക്ഷേത്രസമുച്ചയത്തിൽ 18 ഓളം പ്രതിഷ്ഠകളുണ്ട്. പ്രധാനപ്പെട്ട പ്രതിഷ്ഠ മഹാവിഷ്ണുവിന്റേതാണ് പിന്നെ ഗരുഡൻ, ഹനുമാൻ, ദേവി, ശിവൻ, ശ്രീരാമൻ... അങ്ങിനെ പോകുന്നു ബാക്കിയുള്ള പ്രതിഷ്ഠകൾ.

ഞങ്ങൾ കർണ്ണപ്രയാഗിൽ നിന്നും 11 മണിയോടു കൂടി ഋഷികേശിലേക്കു യാത്രയായി. വഴിമധ്യേ വൈകിട്ട് 4 മണിയോടുകൂടി ദേവപ്രയാഗിൽ എത്തിച്ചേർന്നു. അലഖ്നന്ദയും, ഭഗീരഥിയും സംഗമിക്കുന്ന സ്ഥലം അവിടെ നിന്നും ഈ നദികൾ പുണ്യനദിയായ ഗംഗയായി ഒഴുകുന്നു. വൈകിട്ട് 7.30 മണിയോടു കൂടി ഞങ്ങൾ ഋഷികേശിൽ എത്തി കോവിലൂർ വേദാന്തമഠിൽ താമസിച്ചു.

**ഋഷികേശ്**ഃ തിങ്കളാഴ്ച 28-ാം തീയതി രാവിലെ വസിഷ്ഠഗുഹയും അരുന്ധതീഗുഹയും കാണാനായി പുറപ്പെട്ടു. വസിഷ്ഠമഹർഷി തപസ്സ് ചെയ്തിരുന്ന ഗുഹയാണ് വസിഷ്ഠഗുഹ. പത്നി അരുന്ധതീദേവിയുടെ ഗുഹയും ഗംഗാതീരത്ത് അതിനടുത്ത് തന്നെയാണ്. ദർശനം കഴിഞ്ഞ് 11 മണിയോടുകൂടി തിരിച്ച് ഋഷികേശിലെത്തി. ലക്ഷ്മൺ ജൂല വഴി ഗംഗാനദി കുറുകെ കടന്ന് മറുവശുത്തുള്ള 6 നില കെട്ടിടത്തിലുള്ള അമ്പല പ്രതിഷ്ഠകൾ കാണാൻ പോയി. വിവിധതരത്തിലുള്ള വിവിധ ദൈവങ്ങളുടെ മനോഹരങ്ങളായ ബിംബങ്ങളാണ് ഒരോ ചെറിയ ചെറിയ മുറി പോലത്തെ ഇടങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ദേവൻമാരും ദേവിമാരും രാമായണത്തിലേയും ഭാഗവതത്തിലേയും കഥാപാത്രങ്ങളും എല്ലാം എല്ലാം. എല്ലാം കണ്ടുകഴിഞ്ഞ് 3 മണിയോടെ തിരിച്ച് മഠത്തിൽ വന്നുചേർന്നു.

വൈകിട്ട് 5 മണിക്ക് ബോട്ടിൽ യാത്ര ചെയ്ത് രാംജൂലയും കണ്ട് ഗംഗാനദി കുറുകെ കടന്നു. അക്കരെയുള്ള ചില ആശ്രമങ്ങൾ സന്ദർശിച്ചു വൈകിട്ട്, ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ചരിത്രപ്രധാനമായതും, അപൂർവ്വകാഴ്ചയുമായ ഗംഗാദീപാരാധനയും കണ്ട് തൊഴുത്, വന്ദിച്ച് സാഫല്യം കിട്ടി 8 മണിയോടുകൂടി മഠത്തിൽ തിരിച്ചെത്തി. ഗംഗാആരതി ഒരു അപൂർവ്വ അനുഭൂതി ഉളവാക്കുന്ന കാഴ്ചയാണ്. അതിനുള്ള ഭാഗ്യം കിട്ടിയതിൽ ഞങ്ങൾ ദൈവത്തോട് നന്ദി പറയുന്നു.

ഇതോടെ ഞങ്ങളുടെ ചാർധാംയാത്ര പൂർണ്ണമാകുന്നു. ●

# സ്മൃതിപഥങ്ങളിൽ......



**പത്മജ മേനോൻ**

ആകാശനീലിമയിൽ നിന്ന് ദിനകരൻ ആഴിക്കുള്ളിൽ സന്നിവേശപ്പെടുവാൻ തയ്യാറെടുക്കുകയാണ്. നീലസന്ധ്യയിൽ ചേക്കേറുവാൻ വെമ്പൽകൊള്ളുന്ന അന്തിപ്പറവകൾ. സുവർണ്ണമേഘങ്ങൾക്കിടയിലൂടെ പ്രയാണം ചെയ്യുന്ന ഒരേ തൂവൽ പക്ഷികൾ. എല്ലാവരും ആഹ്ലാദത്തിലാണ്. സ്നേഹിക്കുവാനും കാത്തിരിക്കുവാനും ആളുകൾ ഉണ്ടാവുക, എന്തൊരു രസമാണത്.

അസ്തമയസൂര്യന്റെ കിരണങ്ങൾ കടലിന്റെ അഗാധഗർത്തത്തിലേക്ക് ഊളിയിട്ട് ഇറങ്ങി. പകൽ വിടചൊല്ലി വീണ്ടും കാണാമെന്ന വാഗ്ദാനവുമായി. കടലോരം വിജനമായിക്കൊണ്ടിരുന്നു. സന്ധ്യാവേളകൾ തന്റെ ജീവിതത്തിന്റെ നാഡീസ്പന്ദനമായി മാറിയിരിക്കുകയാണ്. അടുത്ത സന്ധ്യക്കായി അവൾ മൂകമായി കാത്തിരുന്നു. കടലിന്റെ ഈ ഗന്ധം തന്നെ ത്രസിപ്പിക്കുകയാണ്. തിരമാലകൾ തന്റെ കാലുകളെ ചുംബിച്ച് തഴുകി പോകുമ്പോൾ അവൾക്ക് മരണത്തിന്റെ തണുപ്പാണ് അനുഭവപ്പെട്ടത്. തൃസന്ധ്യയെ ആശ്ലേഷിച്ചുകൊണ്ട് അവളുടെ മൂടുപടം മെല്ലെ നീക്കി നിശീഥിനി കടന്നു വന്നു. അവൾ ചുറ്റും നോക്കി. താൻ തനിച്ചായിരിക്കുന്നു. അവൾ മെല്ലെ നടന്ന് തന്റെ പ്രിയപ്പെട്ട കാറായ ഡസ്റ്ററിൽ കയറി ഫ്ളാറ്റിലേക്ക് തിരിച്ചു. മാഡം ഇന്ന് വൈകിയോ എന്ന് സെക്യൂരിറ്റി ചോദിച്ചു. 'ഉം' എന്ന മൂളലിൽ ഉത്തരം പറഞ്ഞുകൊണ്ട് അവൾ ഫ്ളാറ്റിലേക്ക് കയറി പോയി.

കുറച്ച് സമയം ടി.വിയിൽ ന്യൂസ് കണ്ടതിനു ശേഷം ഒരു ഗ്ലാസ്സ് ചൂടുള്ള പാലും ഒരു പഴവുമായി അവൾ സിറ്റിങ് റൂമിൽ വന്നിരുന്നു. തന്റെ ഫോൺ എടുത്ത് അതിൽ സേവ് ചെയ്ത ചിത്രങ്ങൾ നോക്കുവാൻ തുടങ്ങി. ആദ്യം വന്നത് രേണുകചേച്ചിയുടെ ഫോട്ടോയാണ്. അവൾ സൂക്ഷിച്ചു നോക്കി ഈ സ്ത്രീയാണ് തന്റെ ജീവിതം മാറിമറിയുവാൻ കാരണക്കാരിയായത്. ഞങ്ങൾ ഒരു പ്രൈവറ്റ് സ്ഥാപനത്തിലെ ജോലിക്കാർ ആയിരുന്നു. തുച്ഛമായ ശമ്പളത്തിൽ ദിവസങ്ങൾ ഞെങ്ങി ഞെരുങ്ങി കടന്നുപോയി. പണത്തിന് അത്യാവശ്യമായ സന്ദർഭങ്ങൾ തന്റെ ജിവിതത്തിൽ അരങ്ങേറിക്കൊണ്ടിരുന്നു. രോഗിയായ ചേച്ചിയും, അവശനായ അമ്മാവനും തന്റെ ബാധ്യതയായിരുന്നു. ഒരു പണക്കാരിയായി മാറണം എന്നു ഞാൻ വെറുതെ പകൽക്കിനാവ് കാണുമായിരുന്നു.

ഒരു ദിവസം ഓഫീസ് വിട്ടുവരുമ്പോൾ അടുത്തുള്ള ഹാളിൽ ചെറിയ ഒരു ആൾക്കൂട്ടം എന്താണെന്ന് അറിയുവാൻ ഞങ്ങൾ അവിടേക്ക് കയറിപോയി. അവിടെ അവയവദാനത്തിന്റെ സമ്മതപത്രം ഒപ്പുവെയ്ക്കുന്നതിന്റെ ചടങ്ങു നടക്കുകയായിരുന്നു. ഒരാൾ വന്ന് ഞങ്ങൾ രണ്ടു പേർക്കും ഓരോ സമ്മതപത്രം തന്നു. ചേച്ചി വേണ്ടാ എന്ന് പറഞ്ഞ് പോകുവാൻ ധൃതികൂട്ടി. താൻ അതും പിടിച്ചുനിന്നു. എനിക്ക് കുറച്ച് കാര്യങ്ങൾ അറിയണം, ചേച്ചി വരൂ എന്നു പറഞ്ഞ് ഞാൻ സംഘാടകരുടെ അടുത്തേക്ക് പോയി. ഞാൻ പറഞ്ഞു എന്റെ ശരീരത്തിൽ നിന്ന് എടുക്കുവാൻ പറ്റാവുന്ന എല്ലാം അവയവങ്ങളും തരുവാൻ ഞാൻ തയ്യാറാണ്. പക്ഷേ ഒരു നിർബ്ബന്ധമുണ്ട്. എന്റെ അവയവങ്ങൾ പണക്കാർക്കു മാത്രമേ വയ്ക്കുവാൻ പാടുള്ളൂ. അവർ ജിജ്ഞാസയോടെ ചോദിച്ചു. എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ പറയുന്നത്? എന്താ അതിൻെറ പിന്നിൽ? എന്റെ അവയവങ്ങളായി തീർന്നു എന്നതുകൊണ്ട് അവർ ഒരിക്കലും സന്തോഷിച്ചിട്ടില്ല. നയനാനന്ദകരമായ കാഴ്ചകൾ കാണുവാൻ എന്റെ കണ്ണുകൾക്ക് കഴിഞ്ഞിട്ടില്ല. സന്തോഷകരമായ ഒരു വാർത്തയും എന്റെ ശ്രവണേന്ദ്രിയങ്ങൾ കേട്ടിട്ടില്ല, ആനന്ദം നൽകുന്ന കാര്യങ്ങൾ അനുഭവിച്ച് എന്റെ ഹൃദയം നിർവൃതി കൊണ്ടിട്ടില്ല. ഒരു പുണ്യസ്ഥലത്തിലും കാലുകുത്തുവാൻ എന്റെ പാദങ്ങൾക്ക് കഴിഞ്ഞിട്ടില്ല, എന്തിനേറെ രുചിയേറിയ നല്ല ഭക്ഷണം കഴിക്കുവാൻ പോലും എന്റെ നാവുകൾക്ക് ഭാഗ്യമുണ്ടായിട്ടില്ല. എല്ലാത്തിനും കാരണം പണത്തിന്റെ അപര്യാപ്തതയായിരുന്നു.

എന്റെ അവയവങ്ങളോട് എനിക്ക് ഒട്ടും നീതി പുലർത്തുവാൻ കഴിഞ്ഞിട്ടില്ല. വേറൊരു ശരീരത്തിലൂടെയെങ്കിലും അവർ സന്തോഷിക്കണം അതെന്റെ കടമയാണ്. പണക്കാരന്റെ ശരീരത്തിന് മാത്രമെ ഒരു തൊണ്ണൂറു ശതമാനമെങ്കിലും അതിന് കഴിയൂ. അവളുടെ അമ്പരപ്പിക്കുന്ന ആ വിചിത്രമായ ആഗ്രഹം കേട്ട് സംഘാടകർ കണ്ണുമിഴിച്ച് നിന്നു. നിനക്ക് എന്താ വട്ടുണ്ടോ എന്നു ചോദിച്ചുകൊണ്ട് ചേച്ചി തന്നെ പിടിച്ച് വലിച്ച് കൊണ്ടുപോയി.

**ചില നല്ല ഓർമ്മകളാണ് നമ്മെ കണ്ണീരണിയിക്കുന്നത്. കണ്ണീർ പൊഴിച്ച ചില നിമിഷങ്ങളാണ് നമ്മളിൽ നല്ല ഓർമ്മകളായി നിലനിൽക്കുന്നത്.**

ചേച്ചിയുടെ ഓർമ്മകൾ മനസ്സിനെ അസ്വസ്ഥമാക്കിയപ്പോൾ അവൾ എഴുന്നേറ്റ് ബാൽക്കണിയിൽ പോയി നിന്നു.

കുറച്ചു ദൂരെയുള്ള അമ്പലത്തിൽ ഉത്സവമാണ് കാറ്റിന്റെ ഗതിക്കനുസരിച്ച് കഥകളിപദത്തിന്റെ ശീലുകൾ ഇടമുറിഞ്ഞ് കേൾക്കുന്നുണ്ട്. വാനത്തിലെ താരകൾ ജീവിതത്തിൽ തോറ്റുപോയ തന്നെനോക്കി കൊഞ്ഞനം കുത്തുന്നപോലെ അവൾക്ക് തോന്നി. ഈ നക്ഷത്രക്കൂട്ടത്തെ തന്റെ ശിവാനിയും, സുന്ദർജിയും എല്ലാം കാണുന്നുണ്ടാവുമോ? അവർ എവിടെയാണ് ശിവാനിക്ക് തന്നെ ഓർമ്മയുണ്ടാവില്ല അവളുടെ ഓർമ്മകൾ വിസ്മൃതിയിലാണ്ടു പോയിട്ടുണ്ടാവും. പക്ഷെ സുന്ദർജി തന്നെ ഓർക്കുന്നുണ്ടോ? കണ്ണുകൾ തടാകങ്ങളായി മാറി. കാലങ്ങൾ കഴിയുമ്പോൾ എല്ലാവരും എല്ലാ മറക്കുമല്ലേ?. ആരും ആരെയും ഓർക്കുന്നില്ല. തനിക്കുമാത്രമെന്താ അതിനു കഴിയാത്തത്? തിരിഞ്ഞു നോക്കുമ്പോൾ തോന്നും അവരെയൊക്കെ തിരിച്ചു കിട്ടിയിരുന്നെങ്കിൽ എന്ന്. തടാക കണ്ണുകൾ അണപൊട്ടി ഒഴുകി. ചില നല്ല ഓർമ്മകളാണ് നമ്മെ കണ്ണീരണിയിക്കുന്നത്. കണ്ണീർ പൊഴിച്ച ചില നിമിഷങ്ങളാണ് നമ്മളിൽ നല്ല ഓർമ്മകളായി നിലനിൽക്കുന്നത്. മറക്കുവാൻ ശ്രമിക്കും തോറും മനസ്സ് അറിയാതെ ഓർത്തു പോകുന്നുവെങ്കിൽ ആ മറവിയുടെ തോൽവിക്കു കാരണം സ്നേഹം മാത്രമാണ്. മനസ്സിന് വല്ലാത്ത ഭാരം അനുഭവപ്പെട്ടപ്പോൾ അവൾ പോയി കിടന്നു. നിദ്രാദേവി പതിയെ അവളെ പുണർന്നു.

പിറ്റേന്ന് അവൾ ഉണർന്ന് വെറുതെ കുറച്ചു നേരം കിടന്നു. പുതുമകളൊന്നും സംഭവിക്കാത്ത ഒരു ഇന്നലെയുടെ കൂടി അന്ത്യം കണ്ടു. കാത്തിരുപ്പ് അനസ്യൂതം തുടർന്നു കൊണ്ടിരുന്നു. കാത്തിരുപ്പിന്റെ വക്താവ് ആണല്ലോ താൻ അടുത്ത അമ്പലത്തിൽ ഗീതാപ്രഭാഷണം ഉണ്ട് കേൾക്കുവാൻ പോകണം.

അതു കേൾക്കുമ്പോൾ പൊലിഞ്ഞു പോയ ഊർജ്ജം തിരിച്ചുകിട്ടുന്നതുപോലെ തോന്നും. വേഗം കുളിച്ച് റെഡിയായി ഗീതാപ്രഭാഷണം കേൾക്കുവാൻ പോയി. ഹാളിൽ ആളുകൾ നിറഞ്ഞിരിക്കുന്നു. അവൾ മുന്നിലെ ഒഴിഞ്ഞു കിടന്ന കസേരയിൽ പോയിരുന്നു. ആചാര്യൻ ഗീത ചൊല്ലുന്നുണ്ടായിരുന്നു.

സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹംത്വാ സർവ്വപാപേഭ്യഃ
മോക്ഷയിഷ്യാ മിമാശുചഃ

(ശാരീരികവും മാനസികവും ബുദ്ധിപരവുമായ ധർമ്മങ്ങളെയെല്ലാം പരിത്യജിച്ച് പരമാത്മാവും ഏകനുമായ എന്നെ തന്നെ ശരണം പ്രാപിക്കൂ. ഞാൻ നിന്നെ സർവ്വപാപങ്ങളിൽ നിന്നും മോചിപ്പിക്കാം നീ ദുഃഖിക്കേണ്ട.) അവൾ കണ്ണുകൾ ഇറുകെ പൂട്ടി കൊണ്ട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

വൈകുന്നേരം കൃത്യം അഞ്ചരക്ക് തന്നെ അവൾ തന്റെ പ്രിയപ്പെട്ട കടലോരത്ത് എത്തി. ആളുകൾ വന്നുകൊണ്ടിരിക്കുന്നു. പഞ്ചാരമണൽ വിരിച്ച കടലോരത്ത് അവൾ എപ്പോഴും ഇരിക്കാറുള്ള സ്ഥലത്ത് വന്നിരുന്നു. രഹസ്യങ്ങളുടെ കലവറയാണ് കടൽ. മോഹിപ്പിച്ച് ചുഴിയിൽപ്പെടുത്തി കറക്കുന്ന മനുഷ്യജീവിതങ്ങൾ അങ്ങു വളരെ താഴെ നമ്മുടെയെല്ലാം സ്വപ്നത്തിലെ പവിഴകൊട്ടാരം. കല്പാന്തകാലം മുതൽ സകലപാപങ്ങളെയും നിർഭയത്തോടെ തന്നിലേക്ക് ആവാഹിച്ച് ഒരു ഈണത്തോടെ, താളത്തോടെ വികാരതീവ്രതയോടെ കടൽ ഇപ്പോഴും ഇരമ്പിക്കൊണ്ടിരിക്കുന്നു. എത്ര കണ്ടാലും മതിവരാത്ത രണ്ട് കാര്യങ്ങളെ ഈ ലോകത്തുള്ളൂ ഒന്ന് അലയടിക്കുന്ന കടലും മറ്റൊന്ന് സഹ്യന്റെ പു

ത്രനായ ആനയുമാണ് എന്നു പറയുന്നതിൽ തർക്കമില്ലെന്ന് അവൾക്ക് തോന്നി. ഇന്നു ഞായറാഴ്ചയായതുകൊണ്ടാണെന്ന് തോന്നുന്നു വളരെയധികം ആളുകൾ വന്നിട്ടുണ്ട്. ഓരോരുത്തരേയും നോക്കി നിലാവ് വീണ മണൽപരപ്പിൽ വെറുതെയിരുന്നു. അപ്പോഴാണ് ഒരു സ്ത്രീയിൽ കണ്ണുകൾ ഉടക്കിയത്. രേണുകചേച്ചി- പെട്ടെന്ന് സ്ഥലകാലബോധം വന്നു. തനിക്ക് ഭ്രമമുണ്ടായതാണ്, അവർ ഇല്ലല്ലോ, എന്തുകൊണ്ടോ പിന്നെ അവിടെയിരിക്കാൻ തോന്നിയില്ല. വേഗം ഫ്ളാറ്റിലേക്ക് തിരിച്ചു. അവിടെ എത്തിയിട്ടും രേണുക ചേച്ചിയായിരുന്നു മനസ്സിൽ നിറയെ. ചിന്തകൾ വീണ്ടും പീലിവിടർത്തി ആടുവാൻ തുടങ്ങി. ഒരു ദിവസം രേണുകചേച്ചി പറഞ്ഞു നമ്മൾക്ക് ഇന്ന് ഓഫീസ് വിട്ടാൽ കോഫീ ഹൗസിലേക്ക് പോകാം. നിന്നോട് ഒരു പ്രധാനപ്പെട്ട കാര്യം പറയുവാനുണ്ട്. വൈകുന്നേരം രണ്ടുപേരും കൂടി കോഫീഹൗസിൽ കോഫി നുണഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ രേണുകചേച്ചി പറഞ്ഞു. നിനക്ക് വലിയ പണക്കാരിയാകണമെന്നല്ലേ മോഹം അതിന് ഒരു വഴി തെളിഞ്ഞ് വന്നിട്ടുണ്ട്. “എന്നെ പരിഹസിക്കരുത്, ചേച്ചി” ജീവിത പ്രശ്നങ്ങൾക്കിടയിൽ നട്ടം തിരിയുന്ന ഞാൻ അങ്ങനെ ചിന്തിക്കുന്നത് തെറ്റാണോ? ഞാൻ വെറുതെ പറഞ്ഞതല്ല കാര്യമായിട്ട് തന്നെയാണ്. എന്റെ ഭർത്താവിന്റെ അനിയന്റെ കൂട്ടുകാരൻ വലിയ പണക്കാരനായ ശിവസുന്ദർ എന്ന ഒരാളുണ്ട്, മൈസൂറിൽ. അയാൾക്ക് ഒരു കുട്ടിയെ വേണം, ഭാര്യ തളർന്നു കിടക്കുകയാണ് അയാളുടെ രക്തത്തിൽ തന്നെയുള്ള ഒരു കുഞ്ഞ്. അതിനു പറ്റിയ ഒരു ഗർഭപാത്രം തിരയുകയാണ് അയാൾ. കൃത്രിമ ഗർഭധാരണത്തിനുവേണ്ടി. നിനക്ക് സമ്മതമാണെങ്കിൽ പോകാം. പ്രതീക്ഷകൾക്കപ്പുറത്ത് പണം നിനക്കു കിട്ടും. പക്ഷെ നിന്നെ തിരഞ്ഞെടുക്കുമോ എന്നറിയില്ല. കാരണം ഇപ്പോൾ പുതിയ ഒരു നിയമത്തിൽ കുഞ്ഞുങ്ങളുള്ള സ്ത്രീകളെ മാത്രമെ കൃത്രിമ ഗർഭധാരണത്തിന് യോഗ്യതയുള്ളൂ. നിനക്ക് സമ്മതമാണെങ്കിൽ അവരുമായി എന്റെ ഭർത്താവ് സംസാരിക്കും. വീട്ടിലെ കാര്യങ്ങൾ അവൾക്ക് മനസ്സിൽ തെളിഞ്ഞു വന്നു. ചേച്ചിയുടെ ഓപ്പറേഷൻ, അമ്മാവന്റെ ചികിത്സ കുറച്ച് പണം കിട്ടിയാൽ എല്ലാം വേണ്ട പോലെ ചെയ്യാമായിരുന്നു. എങ്കിലും തന്റെ ഉപബോധ മനസ്സ് ആശങ്കയിലായിരുന്നു. ഇങ്ങനെയൊക്കെ ചെയ്താൽ എനിക്ക് ഒരിക്കലും ഒരു വിവാഹ ജീവിതം ഉണ്ടാവില്ല. അല്ലെങ്കിലും ഈ പരിതസ്ഥിതിയിൽ തന്നെ ആരുവന്നു കെട്ടുവാനാണ്. തന്റെ സൗന്ദര്യത്തിൽ ഭ്രമിച്ച് ആരെങ്കിലും വന്നാൽ തന്നെ ചേച്ചിയേയും അമ്മാവനേയും ഒന്നും അയാൾ ഏറ്റെടുക്കുകയില്ല. അവർ ഇല്ലാതെ തനിക്കൊരു ജീവിതവുമില്ല. അവൾ അവസാനം പോകുവാൻ തന്നെ തീരുമാനിച്ചു. രേണുകചേച്ചി പറഞ്ഞു നീ നിന്റെ ചേച്ചിയോട് സത്യങ്ങൾ തുറന്നുപറഞ്ഞാൽ അവർ സമ്മതിക്കില്ല. അതുകൊണ്ട് ഇപ്പോൾ സ്ത്രീകൾ എല്ലാം ഗൾഫിൽ ജോലിക്ക് പോകുന്നത് പതിവായിട്ടുണ്ട്. നിനക്ക് ഗൾഫിൽ ജോലി കിട്ടിയെന്നും രണ്ടു വർഷം കഴിഞ്ഞേ മടങ്ങി വരുകയുള്ളൂ എന്നും പറയണം. അവൾ എല്ലാത്തിനും തലയാട്ടിക്കൊണ്ടിരുന്നു. മനസ്സിൽ നിറയെ അരുതാത്തത് എന്തോ ചെയ്യുവാൻ പോകുന്ന വേവലാതിയായിരുന്നു.

താമസിയാതെ തന്നെ അവളും രേണുക ചേച്ചിയും ഭർത്താവും കൂടി മൈസൂരിലേക്ക് പുറപ്പെട്ടു. വളരെയധികം ബുദ്ധിമുട്ടിയാണ് ആ സ്ഥലത്ത് എത്തിയത്. മൈസൂരിലെ ഒരു ഉൾനാടൻ ഗ്രാമമായിരുന്നു അത്. മരതകപ്പച്ച വിരിച്ച തീരം പോലെ തോന്നിക്കുന്ന മുന്തിരിതോപ്പുകളിലൂടെയുള്ള യാത്ര മനസ്സിൽ കുളിർമയേകി. ദ്വാരകാപുരിയോട് സാദൃശ്യം തോന്നുന്ന കൊട്ടാരസദൃശമായ ആ ബംഗ്ലാവിൽ എത്തിയപ്പോൾ സത്യത്തിൽ ആദ്യം ഉണ്ടായ വികാരം ഭയമായിരുന്നു. കുറച്ച പ്രായമായ ഒരാൾ വന്ന് ഞങ്ങളെ സ്വീകരിച്ച് ഒരു മുറിയിൽ ഇരുത്തി. ഭയത്താൽ തന്റെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. താൻ രേണുക ചേച്ചിയെ മുറുകെ പിടിച്ചു ഇരുന്നു. കുറച്ചു നിമിഷങ്ങൾക്കകം കുലീനതയുള്ള ഒരു സ്ത്രീയും ഹൃത്വിക്കിനെ പോലെ തോന്നിക്കുന്ന ഒരു ചെറുപ്പക്കാരനും വന്നു. ഞങ്ങൾ എഴുന്നേറ്റ് കൈകൾ കൂപ്പി. ഇരിക്കൂ എന്ന് പറഞ്ഞ് അവർ ഞങ്ങളെ നോക്കി. അപ്പോഴേക്കും രേണുകചേച്ചിയുടെ ഭർത്താവ് “ഇതാണ് കുട്ടി” എന്ന് പറഞ്ഞ് തന്നെ ചൂണ്ടി കാണിച്ചു. അമ്മ വന്ന് തന്നോട് എന്താ പേര് എന്നു ചോദിച്ചു. താൻ നിർമ്മല എന്നു പറഞ്ഞു. അമ്മയുടെ മുഖത്തെ പുഞ്ചിരി തന്നെ ഇഷ്ടപ്പെട്ടതുപോലെ തോന്നി. അവർ മകന്റെ അടുത്ത് പോയിരുന്ന് എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. മകൻ തന്നെ നോക്കുന്നു. നക്ഷത്രത്തിളക്കം പോലെ തോന്നിക്കുന്ന ആ കണ്ണുകളിൽ നിഗൂഢമായ എന്തൊക്കെയോ

കഥകൾ ഒളിഞ്ഞിരിക്കുന്നതായി അവൾക്ക് തോന്നി. തന്റെ കുടുംബം വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് എല്ലാം അവർ തിരക്കി. ഒടുവിൽ അമ്മ പറഞ്ഞു പേരുപോലെ തന്നെ നിർമ്മലവും, ശാലീനയുമായ ഇവളെ ഞങ്ങൾക്ക് ഇഷ്ടമായി എന്ന്. ഇതാണ് എന്റെ മകൻ ശിവസുന്ദർ എന്നു പറഞ്ഞു. ശിവസുന്ദർ പറയുവാൻ തുടങ്ങിയ നിയമത്തിന്റെ നൂലാമാലകൾക്ക് ഒന്നും പോകുന്നില്ല. ഒരു സ്റ്റാമ്പ് പേപ്പറിൽ ഒപ്പ് വെയ്ക്കാം രണ്ടു വർഷത്തെ കാലാവധി. അതുകഴിഞ്ഞാൽ നിങ്ങൾ ആവശ്യപ്പെട്ട തുകയുമായി മടങ്ങാം. യാതൊരു കാരണവശാലും കുട്ടിയുമായി ഒരു ബന്ധവുമുണ്ടായിരിക്കുകയില്ല. അവൾ അവർ പറയുന്ന സ്ഥലത്ത് ഒപ്പു വെച്ചു. നാളെ തന്നെ ഡോക്ടറെ കാണാൻ പോകാം. എല്ലാം ശരിയായിട്ട് നിങ്ങൾ മടങ്ങിയാൽ മതി എന്നു അമ്മ പറഞ്ഞു. അവർ തിരികെ പോകുവാൻ ധൃതി കൂട്ടിയെങ്കിലും തന്റെ നിസ്സാഹായവസ്ഥ മനസ്സിലാക്കിയ ചേച്ചി കൂടെ നിൽക്കാം എന്നു സമ്മതിച്ചു. അവരുടെ ഭർത്താവ് തിരിച്ചു പോയി. താഴത്തെ നിലയിലെ ഒരു വലിയ മുറി കാണിച്ചു തന്നിട്ട് അത് സ്വന്തം മുറിയായി ഉപയോഗിച്ചു കൊള്ളുവാൻ പറഞ്ഞു. മനസ്സിൽ നിറയെ സങ്കടങ്ങളായിരുന്നു. താൻ ജീവിതത്തിൽ എന്തെല്ലാം വേഷങ്ങളാണ് കെട്ടുന്നത്. ഈ വേഷത്തിൽ താൻ വിജയിക്കുമോ? രേണുക ചേച്ചി നീ എന്താ ചിന്തിക്കുന്നത് എന്നു ചോദിച്ചപ്പോൾ അവൾ ഒന്നുമില്ലെന്നർത്ഥത്തിൽ തലയാട്ടി.

അവർ രണ്ടു പേരും കൂടി ശിവസുന്ദറിന്റെ ഭാര്യ വസുന്ധരയെ കാണുവാനായി റൂമിലേക്ക് പോയി. വെളുത്തു സുന്ദരിയായ അവർ കിടക്കുകയാണ്. അവരെ കണ്ടാൽ ഒരു രോഗിയാണെന്ന് തോന്നുകയില്ല. തന്റെ കൈയിൽ പിടിച്ച് ദൈവം നിന്നെ അനുഗ്രഹിക്കും എന്നു പറഞ്ഞു. അവൾ ഓർത്തു ചെറുതും വലുതുമായി എല്ലാവർക്കും ദുഃഖങ്ങളുണ്ട്. അവൾ വസുന്ധരയെ നോക്കിയിരുന്നു രേണുകചേച്ചി നിർത്താതെ ഓരോന്നു ചോദിച്ചുകൊണ്ടിരിക്കുന്നു മനസ്സ് എവിടെയൊക്കെയോ ആണ്. പരിചയമില്ലാത്ത വീടും പുതിയ ആളുകളും രേണുക ചേച്ചി പോയി കഴിഞ്ഞാൽ താൻ തനിച്ച് ഇവിടെ അവൾക്ക് വല്ലാത്ത വിമ്മിഷ്ടം തോന്നി. അപ്പോഴെക്കും അമ്മ വന്ന് ഊണ് കഴിക്കുവാൻ ക്ഷണിച്ചു. ഊണ് കഴിച്ചെന്ന് വരുത്തി അവൾ വേഗം പോയി കിടന്നു.

പിറ്റേന്ന് തന്നെ അവർ ഡോക്ടറെ കണ്ടു. കുറച്ചു ദിവസങ്ങൾക്കകം തന്നെ കാര്യങ്ങൾ എല്ലാം ശരിയായി തന്റെ ഉദരത്തിൽ ജീവന്റെ തുടിപ്പ് പ്രത്യക്ഷപ്പെട്ടു. താൻ അമ്മയാകുവാൻ പോകുന്നു എന്നറിഞ്ഞ നിമിഷം ഒരു പെണ്ണിന്റെതായ വാത്സല്യവും, മമതയും എല്ലാം അതിനോട് തോന്നി തുടങ്ങി. ഉപബോധമനസ്സ് ശാസിച്ചുകൊണ്ടിരുന്നു. നീ ഒരു കരാറുജീവനക്കാരി മാത്രമാണ്. കാലാവധി കഴിഞ്ഞാൽ വന്നപോലെ തിരിച്ചു പോകണം. ഈ കുഞ്ഞ് നിന്നെ സംബന്ധിച്ചിടത്തോളം ഒരു മാംസപിണ്ഡം മാത്രമാണ്. കാര്യങ്ങളെ ഉൾക്കൊള്ളാൻ താൻ മനസ്സിനെ പഠിപ്പിച്ചുകൊണ്ടിരുന്നു. രേണുകചേച്ചി തിരിച്ചു പോകുവാൻ തയ്യാറായി. ശിവസുന്ദർ കുറച്ചു പണം നൽകിയിരുന്നു. ചേച്ചിയുടെ ഓപ്പറേഷനു വേണ്ടി ചിലവഴിക്കുവാൻ പറഞ്ഞ് പണം രേണുക ചേച്ചിയെ ഏൽപ്പിച്ചു. രേണുക ചേച്ചി പോകുന്നതിനുമുമ്പ് തനിക്ക് ഉപദേശങ്ങൾ നൽകി. കൂടുതൽ ആരേയുംവിശ്വസിക്കരുത്, കൂടുതൽ ആരിൽ നിന്നും പ്രതീക്ഷിക്കരുത്. കൂടുതൽ ആരേയും സ്നേഹിക്കരുത്, കാരണം ആ കൂടുതൽ നിന്നെ കൂടുതൽ വേദനിപ്പിച്ചേക്കാം. അവൾ ഒരു പാവയെ പോലെ തലയാട്ടി നിന്നു. രേണുക ചേച്ചി പോയപ്പോൾ ശരിക്കും താൻ ഒറ്റപ്പെട്ടതു പോലെ തോന്നി. വെറുതെ പുറത്ത് പറമ്പിൽ ഉലാത്തിക്കൊണ്ടിരുന്നു. അവൾക്ക് തോന്നി സമ്പന്നതയുടെ ഒരു കേദാരമാണ് ഈ വീട് എത്ര കാറാണ് വീടിന്റെ മുന്നിൽ ആഡംബരകാറുകളായ Rolls Roys, Benz, B M W, Audi, Cruize എന്നിവ നിരന്നു നിൽക്കുന്നുണ്ട്. താൻ ഒരു സ്വപ്ന ലോകത്ത് നിൽക്കുകയാണെന്ന് അവൾക്ക് തോന്നി. അപ്പോഴാണ് ശിവസുന്ദർ തന്റെ അരികിലേക്ക് വന്നത്. ഞാൻ പുറത്തേക്ക് പോകുകയാണ് എന്തെങ്കിലും ആവശ്യമുണ്ടോ എന്നു ചോദിച്ചുകൊണ്ട്, പറയുവാൻ മടിക്കരുത്. അവൾ ഒന്നും വേണ്ടായെന്ന് പറഞ്ഞു. തിരിച്ച് വരുമ്പോൾ കുറെ Health Drinks ഉം പഴവർഗ്ഗങ്ങളും ബേക്കറി സാധനങ്ങളും കൊണ്ടുവന്നിരുന്നു. അമ്മയും പിന്നാലെ നിന്ന് തന്നെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. കുറച്ചു ദിവസങ്ങൾക്കകം തന്നെ അവിടവുമായി അവൾക്ക് പൊരുത്തപ്പെടാൻ കഴിഞ്ഞു. ഇടക്ക് വസുന്ധരയുമായി സംസാരിച്ചിരിക്കും. എപ്പോഴും താൻ നല്ലൊരു ശ്രോതാവ് മാത്രമായിരുന്നു.

(തുടരും)



# മരുന്നില്ലാത്ത രോഗം

**എം. രാജലക്ഷ്മി**

നമുക്ക് പരിചിതമായ ഒരു പഴഞ്ചൊല്ലുണ്ട്. അസൂയക്കും, അഹന്തക്കും, കഷണ്ടിക്കും മരുന്നില്ലെന്ന്. ഇപ്പോൾ കഷണ്ടിക്കു മുടിവച്ചു കൊടുക്കുന്നുണ്ട്, വിഗ്ഗ് വയ്ക്കാം. എന്നാൽ അസൂയ, അഹന്ത, സദാസമയം കുറ്റം പറച്ചിൽ എന്നീ മാനസിക രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തുക വളരെ പ്രയാസമുള്ള കാര്യമാണ്. ഭക്തരെന്നും, ധാർമ്മികരെന്നും, ദേവൻമാരെന്നും അവകാശപ്പെടുന്നവരെപോലും കടന്നാക്രമിക്കുന്ന മാരകമായ ദുർഗുണമാണിത്. അതിനടിമപ്പെടുന്നവർ എന്തെല്ലാം സാഹസത്തിനും, അനർത്ഥത്തിനും പ്രേരിതരാക്കപ്പെടുന്നു. അവർ അന്യരെ അപമാനിക്കാനും നശിപ്പിക്കാനും ഒരുമ്പെട്ടെന്ന് വരും. അന്യന്റെ നാശം തനിക്ക് സുഖമുണ്ടാക്കുമെന്ന് അയാൾ കരുതുന്നു, അന്യരുടെ ദുരിതങ്ങളിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്നു. പക്ഷെ അനുഭവം മറിച്ചായിരിക്കും. അത് സ്വയം നാശത്തിനു വഴിയൊരുക്കുക മാത്രമാണ് ചെയ്യുന്നത്. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴുന്നു.

നിർമ്മല ഹൃദയരായ ശിശുക്കളിലും ആത്മീയമായി ഉന്നതി നേടിയവരെന്നഭിമാനിക്കുന്നവരിലും ഈ വികാരം കാണാൻ കഴിയും ചിലപ്പോൾ ഒരു കൊച്ചുകുട്ടിയുടെ അസൂയ നമ്മെ അത്ഭുതസ്തബ്ധരാക്കാറുണ്ട്. ഉദാഹരണമായി ഒരു വീട്ടിൽ ഒരു നവജാത ശിശു ജനിച്ച് കുറച്ച് നാൾ കഴിഞ്ഞപ്പോൾ ആദ്യം ജനിച്ച കുട്ടിക്ക് ചെവികേൾക്കാതായി. കുട്ടിയെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോയി. പരിശോധിച്ചപ്പോൾ ആ കുട്ടിയുടെ ചെവിക്കു യാതൊരു തകരാറുമില്ല. എന്നാൽ കുട്ടിക്ക് യാതൊരു കേൾവിയും ഇല്ല. മാതാപിതാക്കൾക്ക് വിഷമമായി. ബധിരനായ കുട്ടിയോട് മാതാപിതാക്കൾ കൂടുതൽ കരുണയും വാത്സല്യവും കാണിക്കാൻ തുടങ്ങി. അവനെ കൂടുതൽ സ്നേഹിക്കാനും ലാളിക്കാനും തുടങ്ങിയപ്പോൾ അവന്റെ ശ്രവണശക്തി വീണ്ടു കിട്ടി. നോക്കൂ, കുഞ്ഞ് കുഞ്ഞിനു നൽകുന്ന സ്നേഹവും, കരുതലും തനിക്ക് കിട്ടുന്നില്ല എന്ന തോന്നലാണ് അവനെ ബധിരനാണെന്ന് നടിക്കാൻ പ്രേരണ നൽകിയത്. അമ്മ കൊച്ചു കുഞ്ഞിനെ കൂടുതൽ സ്നേഹിക്കുന്നത് മൂത്ത കുട്ടിക്ക് സഹിക്കാൻ പറ്റുമായിരുന്നില്ല. അത് കേവലം ബാലിശം മാത്രമെന്ന് നമുക്ക് വിലയിരുത്താം. മുതിർന്നവർ ചെയ്തു കൂട്ടുന്ന ലീലാവിലാസം എത്ര എത്ര ആപത്തുകൾക്കും നാശങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. മന്ഥരയുടെ വാക്കുകേട്ട് കൈകേയിയുടെ പ്രവൃത്തികൾ സ്വന്തം പതിയുടെ മരണത്തിനിടയാക്കി. മകൻ ശത്രുവായി പെരുമാറി. രാമനും, സീതയ്ക്കും, ലക്ഷ്മണനും എത്ര നരക യാതനകൾ അനുഭവിക്കേണ്ടി വന്നു. ദുർവ്വാസാവ് വ്രതം മുടക്കുവാൻ നോക്കി ചെയ്ത പ്രവൃത്തികൾ തനിക്ക് തന്നെ വിനയായി. വിശ്വാമിത്രൻ മത്സരിച്ച് തൃശങ്കു സൃഷ്ടിച്ച കഥ. സുനീതിയുടേയും സുരുചിയുടേയും കഥ. ധ്രുവനു കുഞ്ഞുന്നാളിൽ ഉണ്ടായ സങ്കടം, പെരുന്തച്ചന്റെ കഥ അങ്ങിനെ എത്ര എത്ര കഥകൾ നമ്മൾ പഠിച്ചിട്ടുണ്ട്.

ഒരിക്കൽ ദക്ഷൻ ബൃഹസ്പതീ സവനം''എന്ന യാഗം നടത്തിയപ്പോൾ സ്വന്തം മകളായ സതിയേയും ജാമാതാവായ ശിവനെയും ക്ഷണിച്ചില്ല. അതിനു മൂന്നു കാരണങ്ങളുണ്ടായിരുന്നു. അത്രി മഹർഷിയുടെ പുത്രനായ ദുർവ്വാസാവിന് മായാബീജ മന്ത്രധ്യാനത്തിലും പൂജയിലും സംപ്രീതയായ ജഗദംബികാദേവി തന്റെ കഴുത്തിൽ കിടന്ന പൂന്തേനൂറുന്ന പൂമാല പ്രസാദമായി കൊടുത്തു. ദുർവ്വാസാവ് ആ ഹാരമണിഞ്ഞ് കൊട്ടാരത്തിൽ വന്നപ്പോൾ ദക്ഷന്റെ ആഗ്രഹ പ്രകാരം മഹർഷി അത് ദക്ഷനു നൽകി.

എന്നാൽ ദക്ഷൻ അതിനു വേണ്ടത്ര പ്രാധാന്യം കൽപ്പിക്കാതെ കട്ടിലിന്റെ ഉപരിതലത്തിലിട്ടു. അതിന്റെ സുഗന്ധത്തിൽ അദ്ദേഹം ഭാര്യയുമായി ക്രീഡിച്ച് ആ ഹാരത്തെ അശുദ്ധമാക്കി. ആ കാര്യത്തെ ചൊല്ലി അത് പാപമാണെന്ന് പറഞ്ഞതിന്റെ പേരിൽ കൊട്ടാരത്തിൽ താമസിച്ചി

രുന്ന ശിവനേയും സതിയേയും ദക്ഷൻ പുറത്താക്കി.

ലോകം പ്രളയജലത്തിൽ മുങ്ങിക്കിടക്കവേ വിഷ്ണുവിനാൽ സൃഷ്ടിക്കപ്പെട്ട ബ്രഹ്മാവും ശിവനും അഹങ്കാരത്താൽ നമ്മിൽ ആരാണ് വലിയവൻ എന്ന വാക്ക്തർക്കമുണ്ടായി. പഞ്ചമുഖനായ ബ്രഹ്മാവിന്റെ 5-ാമത്തെ മുഖംകൊണ്ട് ശിവനെ പുലഭ്യം പറഞ്ഞപ്പോൾ ശിവനു കോപം വന്ന് ആ തല നുള്ളിക്കളഞ്ഞു. മുറിഞ്ഞു വീണ ശിരസ്സ് ശിവന്റെ ഉള്ളം കൈയ്യിൽ നിന്നൊരിക്കലും താഴെ വീഴാതെ ശിവനെ കാപാലിയാക്കി മാറ്റി. (കാപാലം അഥവാ തലയോട്ടി കൈയ്യിൽ ധരിച്ചവൻ.) ബ്രഹ്മഹത്യാപാപം ചെയ്ത ശിവനെ ബ്രഹ്മാവ് ശപിച്ച് അശുദ്ധനാക്കി. മറ്റൊരു വൈരാഗ്യം പ്രജാപതിമാരുടെ ഒരു യാഗത്തിൽ ശിവനും, വിഷ്ണുവും, ബ്രഹ്മാവും സന്നിഹിതരായിരിക്കെ ദക്ഷൻ വന്നപ്പോൾ ശിവൻ എഴുന്നേറ്റില്ല. ആ പ്രതികാരത്തിന് നടത്തിയയാഗമാണ് ബൃഹസ്പതീസവനം. ഭർത്താവിന്റെ വിലക്ക് മാനിക്കാതെ പോയ സതി അപമാനിതയായി ആ യാഗാഗ്നിയിൽ സ്വയം ദേഹത്യാഗം ചെയ്തു. ശിവന്റെ ജഡയിൽ നിന്നും ഉത്ഭവിച്ച വീരഭദ്രനും, ഭദ്രകാളിയും യാഗശാലയിൽ വന്ന് ദക്ഷന്റെ തല അറുത്തു. ബ്രഹ്മാദികൾ ശിവനെ അഭയം പ്രാപിച്ചു. ദക്ഷനെ ജീവിപ്പിക്കാനായി തല കണ്ടു കിട്ടായ്കയാൽ ഒരു ആടിന്റെ തല ചേർത്ത് വച്ച് ദക്ഷന് പുനർജൻമം നൽകി. അഹങ്കാരം ശമിച്ച ദക്ഷൻ തന്റെ യാഗം പൂർത്തിയാക്കി.

മറ്റൊരു കഥ ധർമ്മദേവന്റെയും മൂർത്തിയുടെയും ഇരട്ട പുത്രൻമാരായ നരനാരായണൻമാർ 1000 സംവത്സരം തപസ്സും സമരവും അനുഷ്ഠിച്ചാണ് സഹസ്ര കവചന്റെ ഓരോ കവചവും അറുത്ത് അറുത്ത് ഏക കവചനാക്കി, അവസാനം വധിച്ചത്. അവരുടെ തപോബലത്തിൽ അസൂയാലുവായ ദേവേന്ദ്രൻ ബദരികാശ്രമത്തിൽ തപസ്സനുഷ്ഠിക്കുന്ന നരനാരായണൻമാരുടെ തപസ്സുമുടക്കുവാൻ അതും തന്റെ ഇന്ദ്രപദവി തട്ടിയെടുക്കാനാണ് ഇവർ തപസ്സു ചെയ്യുന്നതെന്നു കരുതി, ഐരാവതത്തിന്റെ പുറത്ത് കയറി വന്ന് ഇവരോട് എന്തു വരം വേണമെങ്കിലും ചോദിക്കൂ എന്നാവശ്യപ്പെട്ടു. അവർ അത് ശ്രദ്ധിക്കാതെ വന്നപ്പോൾ കടുവ, പുലി, ചെന്നായ്, സിംഹം, ആന, പെരുമ്പാമ്പ് തുടങ്ങിയ ഹിംസ്രജന്തുക്കളെയും കാട്ടുതീ, ഘോരമഴ മുതലായവ സൃഷ്ടിച്ച് ഭയപ്പെടുത്താൻ നോക്കി. അതിലും വശംവദരാകുന്നില്ല എന്ന് കണ്ടപ്പോൾ കാമദേവന്റേയും മലയാനിലന്റെയും സഹായം തേടി. ബദരികാശ്രമത്തിൽ വസന്തം വാരി വിതറി. മരങ്ങളും വള്ളികളും തളിരണിഞ്ഞു. പൂങ്കാവനത്തിൽ പൂമ്പാറ്റകളും വണ്ടുകളും പാറി പറന്നു നടന്നു. അരുവികൾ കളകളാരവം മുഴക്കി. മന്ദാനിലൻ പൂമണം പരത്തി. അപ്സര സ്ത്രീകൾ നൃത്തമാടി. കണ്ണുതുറന്ന് നോക്കിയപ്പോൾ നാരായണനു കാര്യം പിടികിട്ടി. അദ്ദേഹം തന്റെ തുടയിൽ തട്ടി. തുടക്കാമ്പിൽ നിന്നും സുന്ദരീരത്നം ഉർവ്വശി ഉടലെടുത്തു. ഉർവ്വശിയോടൊപ്പം സഖിമാരേയും ദേവേന്ദ്രന് കാഴ്ച വസ്തുക്കളായി നൽകി. ദേവേന്ദ്രൻ തന്റെ അസൂയയിൽ ലജ്ജിച്ച് തലതാഴ്ത്തി. ദേവേന്ദ്രൻ അഹല്യയെ പ്രാപിക്കാൻ വേണ്ടി ഗൗതമമുനിയുടെ വേഷം കെട്ടിയതും സഹസ്രഭഗനാവട്ടെ എന്ന ശാപം കിട്ടിയതും നമുക്കറിയാവുന്ന മറ്റൊരു കഥ. അങ്ങിനെ പറഞ്ഞാൽ തീരാത്ത അത്ര കഥകൾ നമുക്കറിയാം.

പ്രകൃതിയിൽ വൃക്ഷലതാദികൾക്കും മൃഗങ്ങൾക്കും ആന, നായ, പൂച്ച എന്നീ വളർത്തു മൃഗങ്ങൾക്കുമുണ്ട് ഈ ദുർഗുണം. ഒരു ചെടി മറ്റെ ചെടിയുടെ അടിയിൽ വളരില്ല. കാട്ടിൽ ഏറ്റവും ഉയരത്തിൽ തല ഉയർത്തിപ്പിടിച്ച് നിറയെ ചില്ലകളും ലതകളും പുഷ്പിച്ച്, കായ്ച്ച് നിൽക്കുന്ന ഒരു വൻ മരം. അതിനു മുകളിൽ ചേക്കേറി കൂട് കൂട്ടി താമസിക്കുന്ന പല ഇനം പക്ഷികൾ, പൂന്തേനുണ്ണാൻ വരുന്ന വണ്ടുകൾ, തണലിൽ വിശ്രമിക്കുന്ന മൃഗങ്ങളും വഴിയാത്രക്കാരും. അങ്ങിനെ താനാണ് ഈ കാട്ടിലെ രാജാവ് എന്ന് അഹങ്കരിച്ച് മറ്റുള്ള മരങ്ങളെയും കുറ്റിച്ചെടികളേയും പുച്ഛിച്ച് പറയും നിങ്ങളെയൊക്കെ എന്തിനു കൊള്ളാം, എന്നെ നോക്ക്, എന്റെ വലുപ്പം, ഞാൻ ആർക്കൊക്കെ എന്തൊക്കെ ഉപകാരം ചെയ്യുന്നു എന്ന് ഗർവ്വോടെ പറയുമായിരുന്നു. അങ്ങിനെയിരിക്കെ ഒരു വലിയ കൊടുങ്കാറ്റും പേമാരിയും വന്ന് ഒരു ദിവസം ആ വൻ മരം കട പുഴകി നിലം പൊത്തി വീണു. എന്നാൽ കുറ്റിച്ചെടികളാകട്ടെ കാറ്റു വന്നപ്പോൾ അത് തല കുനിച്ച് നിന്നു. കാറ്റ് വന്ന് അവയെ തലോടി, വെള്ളം അവയെ തഴുകി കടന്നു പോയി. അതിനാൽ അവയ്ക്ക് ഒന്നും സംഭവിച്ചില്ല. വിനയം

*(ശേഷം 62-ാം പേജിൽ)*

# ശൂന്യാകാശവും മനുഷ്യനും



യു.എസ്. രവീന്ദ്രൻ

രണ്ടാം ലോകമഹായുദ്ധം ലോകത്ത് വലിയ നാശനഷ്ടങ്ങൾ വരുത്തിവച്ചെങ്കിലും, നമ്മളുടെ മുകളിലുള്ള ശൂന്യാകാശത്തേക്ക് യാത്ര ചെയ്യാമെന്നും, മാത്രവുമല്ല മുകളിലുള്ള ആകാശം ഒരു രാജ്യത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിച്ചേക്കാവുന്ന ഘടകമാണെന്നും തെളിയിച്ചു. 1944ൽ ജർമ്മനി ആകാശത്തേക്ക് വിട്ട V2 റോക്കറ്റ് ലണ്ടനിൽ നാശം വിതക്കുന്നതിന് മുൻപ് നൂറോളം കിലോമീറ്ററുകൾ ആകാശത്തേക്ക് ഉയർന്നിരുന്നു. ശൂന്യാകാശ മത്സരങ്ങളിൽ ആദ്യമൊക്കെ റഷ്യയായിരുന്നു മുൻപിൽ. ആദ്യത്തെ ഉപഗ്രഹവും (1957 സ്പുട്നിക് ഒന്ന്) ആദ്യത്തെ മൃഗത്തെ അയച്ചതും (ലൈക്ക എന്ന നായ സ്പുട്നിക്ക് രണ്ട്) ആദ്യത്തെ ബഹിരാകാശ യാത്രികനും (യൂറിഗഗാറിൻ 1961) റഷ്യയുടെ വകയായിരുന്നു. അങ്ങിനെ റഷ്യയും അമേരിക്കയും തമ്മിലുള്ള ഒരു ശീതയുദ്ധത്തിന് ശൂന്യാകാശ യാത്രകൾ കാരണമായി. 1961ൽ ധൈര്യം കൈവിടാതെ ചെറുപ്പക്കാരനായ അമേരിക്കൻ പ്രസിഡണ്ടു പറഞ്ഞു. ചന്ദ്രനിൽ ആദ്യമായി കാലുകുത്തുന്നത് അമേരിക്കക്കാരനായിരിക്കും. എട്ട് കൊല്ലങ്ങൾക്കു ശേഷം ആ വാശി സാക്ഷാത്കരിക്കുകയും ചെയ്തു. അന്ന് പ്രസിഡണ്ട് ജോൺ കെന്നടി പറഞ്ഞതിങ്ങനെയാണ് ഞങ്ങൾ ചന്ദ്രനിൽ പോകാൻ തീരുമാനിച്ചത് ആ പണി എളുപ്പമായതുകൊണ്ടല്ല, അത് ഏറ്റവും ബുദ്ധിമുട്ട് കൂടിയ പ്രവർത്തിയായ തുകൊണ്ടാണ്. വേറൊരഞ്ച് ചാന്ദ്രദൗത്യങ്ങൾ കൂടി ഏറ്റെടുത്ത് അമേരിക്ക ശൂന്യാകാശത്ത് ആധിപത്യം സ്ഥാപിച്ചു. ഗവേഷണത്തിനായി 382 കിലോഗ്രാം പാറകഷ്ണങ്ങൾ ചന്ദ്രനിൽ നിന്നും കൊണ്ടു വന്നു. ചൊവ്വാ ദൗത്യങ്ങളും ശൂന്യാകാശത്ത് ഒരു സ്പേസ് സ്റ്റേഷൻ എന്ന ആശയങ്ങളും അങ്ങിനെ സഫലീകരിച്ചു. ശൂന്യാകാശ ദൗത്യങ്ങൾക്കു വേണ്ടി അമേരിക്ക ചിലവഴിച്ച ഡോളറുകളുടെ കണക്കുകൾ കേട്ടാൽ അന്തുതപ്പെട്ടു പോകും. അപ്പോളോ ചാന്ദ്രദൗത്യത്തിന് ചെലവു ചെയ്തത് 156 ബില്ല്യൻ ഡോളർ. സ്പേസ് ഷട്ടിൽ ദൗത്യങ്ങൾക്ക് ചിലവഴിച്ചത് 196 ബില്ല്യൻ ഡോളർ. അതായത് 1981നു ശേഷം ഓരോ ദൗത്യത്തിനും 1.5 ബില്ല്യൻ വീതം 135 ദൗത്യങ്ങൾ അമേരിക്ക യുദ്ധത്തിനുവേണ്ടി ഇറാക്കിലും അഫ്ഗാനിസ്ഥാനിലും ചിലവഴിച്ച 12 ട്രില്ല്യൻ ഡോളറിന്റെ ആറിലൊന്നോളം സ്പേസ്ഷട്ടിൽ ദൗത്യങ്ങൾക്ക് ചിലവഴിച്ചെന്ന് ചുരുക്കം.

റഷ്യയിലെ ഒരു ടെക്സ്റ്റയിൽ മില്ലിലെ തൊഴിലാളിയായിരുന്ന ഇരുപത്തിയാറു വയസ്സുകാരി വലന്റീന തെരഷ്ക്കോവയായിരുന്നു ശൂന്യാകാശത്തേക്കുള്ള ആദ്യത്തെ വനിത സഞ്ചാരിണി. അന്നു വരെ ഒരു വനിതക്കും സാധിച്ചിട്ടില്ലാത്ത മൂന്നു ദിവസത്തെ ശൂന്യാകാശ കറക്കം കൊണ്ട് അവർ ലോക പ്രശസ്തയായി തീർന്നു. അപ്പോളോIIൽ ഇരുന്നുകൊണ്ട് നീൽ ആംസ്ടോങ് പറഞ്ഞിതങ്ങനെയാണ്. ഭൂമി നീലനിറമുള്ള ഒരു കടല മണിയോളം ചെറുതാണ്. ഒരു കണ്ണടച്ചു പിടിച്ച് തള്ളവിരൽ കൊണ്ട് ഭൂമി എന്ന കടല മണിയെ മറയ്ക്കാൻ എനിക്കു സാധിച്ചു. ഇതുവരെ ഭൂമിയിൽ ജീവിച്ചിരുന്ന ഞാൻ എത്ര ചെറിയവനാണെന്ന് എനിക്കിപ്പോൾ തോന്നുന്നു.

അറ്റ്ലാന്റീസ് എന്ന ഷട്ടിൽ 33 ദൗത്യങ്ങളിലൂടെ 203 ദശലക്ഷം കിലോമീറ്റർ ശൂന്യാകാശത്ത് സഞ്ചരിച്ചിട്ടുണ്ട്. അമേരിക്കക്കാരനായ ഡെന്നീസ് ടിറ്റോ റഷ്യക്ക് 20 ദശലക്ഷം ഡോളർ നൽകി 2001ൽ ആദ്യത്തെ ബഹിരാകാശ വിനോദയാത്ര നടത്തി. 1977ൽ അയക്കപ്പെട്ട വോയേജർ ഒന്നും അതിനുശേഷം അയക്കപ്പെട്ട വോയേജർ രണ്ടുമാണ് ഏറ്റവും കൂടുതൽ ദൂരം സഞ്ചരിച്ചിട്ടുള്ളത്. മറ്റു ഗ്രഹങ്ങളിലേക്ക് മൊസാർട്ടിന്റെ സംഗീതം അയച്ചു കൊണ്ടാണ് വോയെജർ രണ്ട് യാത്ര നടത്തിയത്. വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ എന്നീ ഗ്രഹങ്ങളുടെ അത്യാകർഷകങ്ങളായ ചിത്രങ്ങളും വോയേജർ രണ്ട് അയച്ചു തന്നിട്ടുണ്ട്.

**നാഴികക്കല്ലുകൾ**

1944 ജർമ്മനി ആദ്യമായി V2 റോക്കറ്റ് ആകാശത്തേയ്ക്കയക്കുന്നു. 100കി.മി

1957 സ്പുട്നിക് (1) സ്പുട്നിക് (2) റഷ്യ അയയ്ക്കുന്നു. 947 കി.മി

1961 വോസ്ടോക് എന്ന ബഹിരാകാശ പേടകത്തിൽ ആദ്യമായി മനുഷ്യൻ (യുറിഗഗാറിൻ റഷ്യ)108 മിനിട്ടോളം ഭൂമിയെ ചുറ്റുന്നു. 315 കി.മി

1958 അമേരിക്ക നാസ എന്ന വകുപ്പ് ഉണ്ടാക്കുന്നു.

1961 അമേരിക്കയുടെ ആദ്യത്തെ ബഹിരാകാശ യാത്രികൻ അല്ലൻഷെപ്പേഡ് ശൂന്യാകാശ യാത്ര നടത്തുന്നു.

1962 അമേരിക്കയുടെ ജോൺഗ്ലെൻ ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്നു. സ്വന്തം ഹാൻഡ് ക്യാമറയിൽ ഭൂമിയുടെ ചിത്രങ്ങൾ പകർത്തുന്നു.

1969 മൂന്നുലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി നാൽപത് കിലോമീറ്റർസഞ്ചരിച്ച് അമേരിക്കയുടെ അപ്പോളോ ദൗത്യം ചന്ദ്രനിൽ മനുഷ്യരെ ഇറക്കുന്നു. നീൽ ആംസ്ട്രോങ് ബുസ് ആൽഡ്രിൻ മനുഷ്യരാശിക്ക് ഒരു വലിയ നേട്ടം.

1970ൽ അപ്പോളോ 13 ദൗത്യം ഓക്സിജൻ ടാങ്ക് പൊട്ടിത്തെറിച്ചതു മൂലം പരാജയപ്പെടുന്നു. മൂന്നു യാത്രികരും രക്ഷാസംവിധാനമുണ്ടായിരുന്നതിനാൽ അത്ഭുതകരമായി രക്ഷപ്പെട്ട് തിരിച്ചെത്തുന്നു.

1973 ൽ അമേരിക്കയുടെ ആദ്യത്തെ സ്പേസ് സ്റ്റേഷൻ സ്കൈലാബ് സ്ഥാപിക്കപ്പെട്ടു.

1975 ൽ അമേരിക്കയുടെയും റഷ്യയുടെയും ബഹിരാകാശ യാത്രികർ ഒരുമിച്ച് ഗവേഷണം നടത്തുന്നു.

1975 ൽ 18 യൂറോപ്യൻ രാജ്യങ്ങൾ കൂടി 4 ബില്ല്യൻ പൗണ്ട് ചിലവിൽ യൂറോപ്യൻ സ്പേസ് ഏജൻസിക്ക് വേണ്ടി റോക്കറ്റ് വിക്ഷേപണ കേന്ദ്രം സ്ഥാപിച്ചു.

1976 ൽ അമേരിക്കയുടെ വൈക്കിങ്ങ് 805 ദശലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ചൊവ്വയിൽ ഇറങ്ങുന്നു.

1981 ൽ കൊളംബിയ എന്ന പുനരുപയോഗിക്കാവുന്ന സ്പേസ് ഷട്ടിൽ നാസ ബഹിരാകാശ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുന്നു.

1986 ൽ റഷ്യയുടെ മിർ എന്ന ശൂന്യാകാശ കേന്ദ്രം സ്ഥാപിക്കപ്പെടുന്നു. (മിർ 15 കൊല്ലത്തോളം പ്രവർത്തിച്ചു.)

1986 ൽ വിക്ഷേപിച്ച് 73 സെക്കന്റുകൾ കഴിഞ്ഞപ്പോൾ ചാലഞ്ചർ എന്ന ഷട്ടിൽ പൊട്ടിത്തെറിക്കുന്നു. ബഹിരാകാശ യാത്രികയായിരുന്ന കല്പന ചൗളയടക്കം ആറു പേർ മരിക്കുന്നു.

1990 ൽ ഹബിൾ ടെലസ്കോപ്പ് സ്ഥാപിക്കപ്പെടുന്നു.

1998 റഷ്യ, അമേരിക്ക, യൂറോപ്യൻ സ്പേസ് ഏജൻസി ജപ്പാൻ, കാനഡ എന്നീ രാജ്യങ്ങളുടെ സഹകരണത്തോടു കൂടി ഇന്റർനാഷണൽ സ്പേസ് സ്റ്റേഷൻ സ്ഥാപിക്കപ്പെടുന്നു.

2003 ൽ കൊളംബിയ എന്ന സ്പേസ്ഷട്ടിൽ ടെക്സാസിനു മുകളിൽ വച്ച് തകരുന്നു.

2003 ൽ മനുഷ്യനേയും വഹിച്ചു കൊണ്ടുള്ള ആദ്യത്തെ ശൂന്യാകാശ പേടകം ഷെൻസ 35 (ദിവ്യപേടകം) ചൈന വിക്ഷേപിക്കുന്നു.

2011 ൽ വോയേജർ 1, 14 ബില്ല്യൻ കിലോമീറ്റർ യാത്ര ചെയ്ത് സൗരയൂഥത്തിന്റെ അറ്റം വരെ എത്തിച്ചേർന്നു.

2011 ൽ അറ്റ്ലാന്റീസ് എന്ന ഷട്ടിൽ 135-ാമത്തെ തവണ ബഹിരാകാശ ദൗത്യം പൂർത്തിയാക്കി. അതിനുശേഷം അമേരിക്കയുടെ ആദ്യത്തെ ശൂന്യാകാശ പര്യഗവേഷണ പദ്ധതിക്ക് വിരാമമിടുന്നു.

യൂറോപ്യൻ സ്പേസ് ഏജൻസിയും നാസയും ചേർന്ന് വികസിപ്പിച്ചെടുത്തതാണ് ഹബ്ബിൽ ടെലസ്കോപ്പ്. രണ്ടരമീറ്ററോളം വലിപ്പമുള്ള അതിന്റെ ലെൻസിൽ കൂടി പ്രപഞ്ചത്തിന്റെ ഏറ്റവും അകലെയുള്ള വസ്തുക്കളെ കൂടി കാണാൻ കഴിയും. 11110 കിലോഗ്രാം തൂക്കമുള്ള ഹബിൾ ടെലസ്ക്കോപ്പ് പതിനായിരകണക്കിന് ഗാലക്സികളുടെ ചിത്രങ്ങൾ അയച്ചിട്ടുണ്ട്. പ്ലൂട്ടോയ്ക്ക് സമീപം ഒരു പുതിയ ചന്ദ്രനെ കണ്ടെത്തിയതായി അഞ്ചുകൊല്ലം മുൻപ് റിപ്പോർട്ടുണ്ടായിരുന്നു. ഹബിൾ ടെലസ്ക്കോപ്പിന്റെ ക്യാമറയ്ക്ക് 5 ബില്ല്യൻ കിലോമീറ്റർ അകലെയുള്ള ചെറിയ ഉപഗ്രഹങ്ങളെപോലും കാണിച്ചു തരാനുള്ള കഴിവ് ഉണ്ട്.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും

കഴിഞ്ഞ അൻപതു കൊല്ലത്തെ ഗവേഷണങ്ങൾക്ക് പലപ്പോഴായി വിക്ഷേപിക്കപ്പെട്ട ടൺ കണക്കിന് പ്രവർത്തനശേഷി നഷ്ടപ്പെട്ട ഉപകരണങ്ങൾ ഭൂമിയെ മണിക്കൂറിൽ 28163 കിലോമിറ്റർ വേഗതയിൽ ചുറ്റിക്കൊണ്ടിരിക്കുകയാണ്. ഈ വേഗതയിൽ പെയ്ന്റ് പൊളിഞ്ഞുണ്ടാകുന്ന പാളിപോലും അപകടകരമാണ്. 2011 ഏപ്രിലിൽ ചൈനയുടെ കാലാവസ്ഥ നിരീക്ഷണ ഉപഗ്രഹത്തിന്റെ അവശിഷ്ടങ്ങൾ ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിൽ പതിക്കുന്നതിൽ നിന്നും കഷ്ടിച്ച് ഒഴിഞ്ഞുപോയി.

ചാന്ദ്രയാത്രയ്ക്കുശേഷം രാജ്യങ്ങളുടെ ശ്രദ്ധ ചൊവ്വയിലേക്ക് തിരിഞ്ഞിരിക്കുകയാണ്. ഇന്ത്യയുടെ മംഗൾയാൻ വിജയകരമായി തീർന്നിരിക്കുകയാണല്ലോ. ചൊവ്വയിലേക്കുള്ള മനുഷ്യയാത്ര ഇനി കെട്ടുകഥയോ സ്വപ്നമോ അല്ല, യാഥാർത്ഥ്യമാകുവാൻ പോകുകയാണ്. പക്ഷേ തീർച്ചയായും കുറേ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. കേവലം 180 ദിവസം യാത്ര ചെയ്ത് എത്താവുന്ന ചൊവ്വാഗ്രഹമാണ് മനുഷ്യന്റെ കോളനിയാക്കാനുള്ള അടുത്ത നോട്ടം. ഇതിനുള്ള മത്സരങ്ങൾ തുടങ്ങി കഴിഞ്ഞു.

ഒരു ഡച്ച് കമ്പിനിയായ മാഴ്സ്വൺ ചൊവ്വായിലേക്ക് 2027ൽ യാത്രക്കാരെ കൊണ്ടു പോയി ഇറക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കി കഴിഞ്ഞു. കൂടുതൽ ആൾക്കാരെ ഓരോ രണ്ടു കൊല്ലം കൂടുമ്പോഴും അവരുടെ അടുത്തേയ്ക്ക് എത്തിച്ചു കൊണ്ടിരിക്കും. അങ്ങിനെ കാലക്രമേണ ചൊവ്വയിൽ ഒരു മനുഷ്യകോളനി സ്ഥാപിക്കും. ഇത് വെറും വീമ്പ് പറച്ചിലാണെന്ന് ചിലർ പറയുന്നു. എന്നാൽ നാസയുടെ ഓറിയോൺ പ്രോഗ്രാം 2030 ആകുമ്പോഴേക്കും ചൊവ്വയിലേക്ക് യാത്രക്കാരെ കൊണ്ടു പോയി തിരിച്ചു കൊണ്ടു വരുവാനുള്ള പദ്ധതി കുറേക്കൂടി യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന്റെ തയ്യാറെടുപ്പെന്ന വണ്ണം നാസയും യൂറോപ്യൻ സ്പേസ് ഏജൻസിയും ചേർന്ന് ചൊവ്വയിലെ അന്തരീക്ഷത്തെ പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. 2021ൽ ചൊവ്വയിൽ ഒരു കാലാവസ്ഥ നിരീക്ഷണകേന്ദ്രവും, കാർബൺഡയോക്സൈഡിനെ ഓക്സിജൻ ആക്കി മാറ്റാനുള്ള ഉപകരണവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള ഗവേഷണങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ജീവസന്ധാരണത്തിന് വെള്ളം അത്യാവശ്യമാണല്ലോ. ശക്തി കൂടിയ ഇൻഫ്രാറെഡ് ടെലസ്കോപ്പുകൾ ഉപയോഗിച്ച് ചൊവ്വയിൽ ആർട്ടിക് സമുദ്രത്തിന്റെ അത്ര തന്നെ ജലം ഉണ്ടെന്നും അതിൽ ഒരു ഭാഗം ചൊവ്വയിലെ ധ്രുവതൊപ്പികളിൽ കുടുങ്ങി കിടക്കുകയാണെന്നും കണ്ടു പിടിച്ചിട്ടുണ്ട്. വ്യാഴത്തിന്റെ ഉപഗ്രഹമായ ജാനിമീഡിൽ ധാരാളം ജലം ഉണ്ടെന്ന് ഹബിൾ ടെലസ്കോപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ചൊവ്വ കഴിഞ്ഞാൽ അടുത്ത യാത്ര ജാനിമിഡിലേക്കായിരിക്കാം.

എങ്ങനെ ചൊവ്വയിൽ എത്താം?

മൂന്നുലക്ഷത്തി എൺപത്താറായിരം കിലോമീറ്റർ അകലെയുള്ള ചന്ദ്രനിൽ മനുഷ്യൻ എത്തി കഴിഞ്ഞു. ചൊവ്വയിലേക്കുള്ള ദൂരമായ അമ്പത്തി അഞ്ചു ദശലക്ഷം കിലോമീറ്ററിനെ അപേക്ഷിച്ച് ഇത് തുലോം കുറവാണ്. ഈ ചുവന്ന ഗ്രഹത്തിലേക്ക് എത്തിച്ചേരാൻ കുറേകൂടി ഗൗരവമായ സംവിധാനങ്ങൾ തന്നെ വേണം. നാസയുടെ പുതിയ തലമുറയിൽപ്പെട്ട ബഹിരാകാശപേടകമായ ഓറിയോണിനെ വിക്ഷേപിക്കാൻ പുതിയ സ്പേസ് ലോഞ്ച് സിസ്റ്റം സംവിധാനം ചെയ്തിട്ടുണ്ട്. നാല് ദശലക്ഷം കിലോഗ്രാം തള്ളൽ ശക്തി തരുന്ന അതായത് നൂറ്റി മുപ്പത്തഞ്ച് ബോയിങ് 747 വിമാനങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചാലുണ്ടാകുന്ന തള്ളൽ ശക്തി പുതിയ സ്പേസ്ലോഞ്ച് സംവിധാനം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഓറിയോണിലെ കമ്പ്യൂട്ടർ ശൃംഗലയ്ക്ക് 480 ദശലക്ഷം നിർദ്ദേശങ്ങൾ ഒരു സെക്കന്റിൽ കൈകാര്യം ചെയ്യാൻ കഴിയുമത്രേ! ആറുമാസമുള്ള തുടർയാത്രയിൽ അവിടെ എത്തുന്നതു വരെ ബഹിരാകാശ യാത്രികരെ ഉറക്കി കിടത്തുമെന്നും അവിടെ എത്തുമ്പോൾ മാത്രം ഉണർത്തുമെന്നും ഒക്കെ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു ശാസ്ത്രകെട്ടുകഥയ്ക്ക് പറ്റിയ വിഷയമാണെങ്കിലും അങ്ങിനെ ആറുമാസം ഉറക്കി കിടത്താൻ സാദ്ധ്യതയില്ലെന്ന് വിദഗ്ദ്ധൻമാർ വിശ്വസിക്കുന്നു.

**എങ്ങിനെ ചൊവ്വയിൽ ജീവിക്കാം**

ജീവസന്ധാരണത്തിന് ആവശ്യമായ ഓക്സിജനും, ജലവും ഭക്ഷണവും ചൊവ്വയിൽ എങ്ങിനെ ലഭിക്കും? അവിടെ ഉറഞ്ഞു കുടുങ്ങി കിടക്കുന്ന മഞ്ഞിൽ നിന്നും ജലം ഊറ്റിയെടുക്കാൻ സാധിച്ചേക്കും. അതിനുവേണ്ടി അവിടെ കുഴിക്കുവാൻ ഒരു റോബോട്ടിനെ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഈ റോബോട്ടിന് ചൊവ്വയു

ടെ മണ്ണിൽ നിന്നും മഞ്ഞുകട്ടകളും ഇന്ധനവും മറ്റും കുഴിച്ചെടുക്കാൻ കഴിയും. ഡച്ചുകാരുടെ മാഴ്സ് വണ്ണിനും ചൊവ്വയിലെ മണ്ണ് കുഴിച്ചെടുത്ത് ചൂടാക്കി ജലാംശത്തിനെ നീരാവിയാക്കി തണുപ്പിച്ച് വെള്ളം ഉണ്ടാക്കാനുള്ള സംവിധാനം വിഭാവനം ചെയ്തിട്ടുണ്ടത്രേ. അങ്ങിനെ ഒരു ചൊവ്വാവാസിക്ക് പുനചംക്രമണ വ്യവസ്ഥയിൽ 50 ലിറ്റർ ജലം വരെ ലഭിക്കുമത്രേ.

ഭക്ഷണത്തിനു വേണ്ടി ചൊവ്വയിൽ കൃഷിയെ തന്നെ ആശ്രയിക്കേണ്ടി വരും. പക്ഷേ കൃഷി ചെയ്യുക അത്ര എളുപ്പമാകുകയില്ല. മണ്ണിൽ ചെടിനട്ട് വെള്ളമൊഴിച്ചാൽ ചെടി വളരുമല്ലോ എന്ന് വിചാരിച്ചാൽ ചൊവ്വയിൽ നടക്കുകയില്ല. ചൊവ്വയിൽ ഗുരുത്വാകർഷണമില്ല. വെള്ളം ചിന്നിചിതറി പറന്ന് ബഹിരാകാശ പേടകകത്തിനകത്ത് കടന്ന് ശല്യം ചെയ്യും. ഫ്ളോറിഡയിലെ മോളിക്കുലാർ സെല്ലുലാർ ബയോളജി വിദഗ്ദ്ധ ഡോക്ടർ അന്തലിസപോളിന്റെ അഭിപ്രായമാണിത്.

ചെടികളെ ശൂന്യാകാശത്ത് വളർത്തിയെടുക്കാം, അതിന് വളരാനുള്ള മണ്ണ്, ജലം, വായു, തുടങ്ങിയ ഘടകങ്ങളെ നമ്മുടെ വരുതിയിൽ നിറുത്തണം. ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന അരബിഡൊപിസിഡ് എന്ന പ്രത്യേക തരം ചെടിയെപ്പറ്റി പഠിക്കുക കൂടി ചെയ്തിട്ടുള്ള ലിസയുടെ അഭിപ്രായം കൂടിയാണിത്. ഈ പ്രത്യേക ചെടി ചൊവ്വയിലും വളർത്താൻ അനുയോജ്യമാണ്. പത്തു സെന്റിമീറ്റർ വലുപ്പമുള്ള ഡിഷുകളിൽ ബ്രോക്കോലി അല്ലെങ്കിൽ റാഡിഷ് പോലെ അരബിഡോപിസിഡും വളർത്തിയെടുക്കാം. പെട്ടെന്ന് വളർന്ന് വിളവെടുത്ത് ഉപയോഗിക്കാവുന്നതാണ് ഈ പ്രത്യേക പച്ചക്കറി. ചെടികൾക്ക് കാർബൺ ഡയോക്സൈഡ് കിട്ടാനും നിയന്ത്രിതമായി വെള്ളം കിട്ടിക്കൊണ്ടിരിക്കാനും വായു പതുക്കെ ഇളകികൊണ്ടിരിക്കാനും മൈക്രോവേവ് ഓവൻ വലുപ്പത്തിലുള്ള ഒരു മുറി ആവശ്യമാണ്. (ഭൂമിയിൽ സാന്ദ്രത കൂടിയ വാതകങ്ങൾ താഴെ നിരപ്പിലും സാന്ദ്രത കുറഞ്ഞവ ഉയർന്ന നിരപ്പിലും സ്വാഭാവികമായി പടരുന്നപോലെ ചൊവ്വയിൽ ഉണ്ടാകുകയില്ല.

പ്രോട്ടീനും സ്റ്റാർച്ചും കൊഴുപ്പും, പോഷകവസ്തുക്കളും, രുചി വൈവിധ്യങ്ങളും പല ഷെയ്പുകളിലുള്ള മോഡ്യൂളുകളായി വാർത്തെടുക്കാൻ നാസ പുതിയ ത്രിമാന പ്രിന്റുകൾ (3 D Printers) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിൽ 25 മുതൽ 50 വരെ വിവിധതരം ഭക്ഷണപദാർത്ഥങ്ങളുണ്ടാകും. ബ്രഡ് മുതൽ പേസ്ട്രി വരെ. മനുഷ്യവിസർജ്ജ്യങ്ങൾ പുനർചംക്രമണം (Re-cycle) ചെയ്ത് സസ്യങ്ങൾക്ക് വളമായും പോഷകവസ്തുക്കളായും ഉപയോഗിക്കേണ്ടതുണ്ടെന്നും ഭക്ഷണത്തിൽ പ്രാണികളെയും ആൾഗൈ പോലുള്ള സൂക്ഷ്മസസ്യങ്ങളെയും ഉൾപ്പെടുത്തേണ്ടതുണ്ടെന്നും പറയുന്നു.

ചെടികളെ ഓക്സിജൻ ഉത്പാദിപ്പിക്കാനും ഉപയോഗിക്കാം. മണിക്കൂറിൽ 21 ഗ്രാം ഓക്സിജൻ കാർബൺഡയോക്സൈഡിൽ നിന്നും വേർതിരിച്ചെടുക്കാവുന്നയന്ത്രം Moxie നാസ ആവിഷ്കരിച്ചിട്ടുണ്ട്.

ചൊവ്വാന്തരീക്ഷത്തിലുള്ള നേരിയ കാർബൺ ഡയോക്സൈഡിനെ ഇങ്ങനെ ഉപയോഗപ്പെടുത്താം. ഉപകരണം വിജയപ്രദമാകുകയാണെങ്കിൽ ചൊവ്വായാത്രികർ പുറപ്പെടുന്നതിന് രണ്ടു വർഷം മുൻപു തന്നെ ഈ ഉപകരണം വിക്ഷേപിക്കുവാൻ ആലോചിക്കുന്നു.

**ശാരീരിക മാനസിക പ്രശ്നങ്ങൾ**

ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലെ ശാസ്ത്രജ്ഞരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ ആധാരമായി എടുത്ത് കൊണ്ട് നാസയുടെ ഹ്യൂമൻ റിസേർച്ച് പ്രോഗ്രാം ഡയറക്ടർ പ്രൊഫസർ പീറ്റർ നോർസ്ക് ചൊവ്വയാത്രികർ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

നമ്മുടെ ശരീര പ്രവർത്തനം ശൂന്യാകാശത്ത് വ്യത്യസ്തമായിരിക്കും. രക്തചംക്രമണം പോലും. ഭൂമിയിൽ ഭൂഗുരുത്വാകർഷണം ദ്രവ്യങ്ങളെ താഴോട്ട് വലിക്കുന്നു. ശൂന്യാകാശത്ത് അങ്ങിനെയല്ല. അതുകൊണ്ട് ഹൃദയത്തിന് കൂടുതൽ ജോലി ചെയ്യേണ്ടി വരും. തലക്കകത്തെ ദ്രവങ്ങൾ താഴോട്ടൊഴുകാതെ അവിടെ തന്നെ കെട്ടി കിടക്കും. തന്മൂലം കണ്ണുകളിൽ മർദ്ദം വർദ്ധിക്കും. റഷ്യൻ ബഹിരാകാശ യാത്രികർ അവരുടെ ശരീരം മർദ്ദം കുറഞ്ഞ പെട്ടികളാൽ ആവരണം ചെയ്യുന്നു. തന്മൂലം കാലുകളിലേക്ക് രക്തം വലിക്കപ്പെടുകയും രക്തപ്രവാഹം സുഗമമാകുകയും ചെയ്യുന്നു. തുടകളിലും കൈമുട്ടിനും തോളിനും ഇടയിൽ ബ്രേസ്ലെറ്റുകൾ ധരിക്കുന്നു. തന്മൂലം രക്തം കൂടുതലായി ഈ അവയവങ്ങളിൽ കെട്ടി നിൽക്കുന്നു. ഇത് എത്രത്തോ

ളം ഫലപ്രദമാണെന്ന് നാസ പഠിച്ചു കൊണ്ടിരിക്കുകയാണ്. ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലെ ശാസ്ത്രജ്ഞൻമാർ ദിവസവും രണ്ടു മണിക്കൂർ വീതം ട്രെഡ്മിൽ, ഏയ്റോബിക് തുടങ്ങിയ വ്യായാമങ്ങൾ നടത്തുന്നു. ഭാരമില്ലായ്മ മൂലം പേശികൾക്കും അസ്ഥികൾക്കും ഉണ്ടാകുന്ന ശോഷണവും അലസതയും മാറ്റാനാണിത്. ചൊവ്വയിൽ ഭൂമിയിലുള്ള ഗുരുത്വാകർഷണത്തിന്റെ മൂന്നിൽ ഒരു ഭാഗം മാത്രമേ ആകർഷണ മുള്ളു. അസ്ഥികളുടെ ശോഷണം നേരിടാൻ ഓസ്റ്റോ പോറോസിസിനുള്ള മരുന്നിന്റെ ഉപയോഗം ചൊവ്വായാത്രികർക്ക് പരീക്ഷിച്ചു നോക്കേണ്ടതുണ്ട്. കൃത്രിമമായി ഗുരുത്വാകർഷണം ഉണ്ടാക്കുന്ന സെൻട്രി ഫ്യൂഗൽ സ്പിന്നിങ് ഉപകരണവും ചൊവ്വയിൽ ഉപയോഗിക്കാവുന്നതാണ്. ചൊവ്വാവാസികളുടെ ഭക്ഷണകാര്യങ്ങളും പ്രധാനപ്പെട്ടതാണ്. എല്ലുകളുടെ ഉറപ്പിനും, രോഗപ്രതിരോധശക്തി തരുന്ന ആന്റി ഓക്സിഡന്റും അടങ്ങിയ ഭക്ഷണങ്ങൾ എന്തൊക്കെയാണ് എന്ന് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ശരീരത്തിന്റെ രോഗപ്രതിരോധശക്തി നിലനിർത്തുന്ന രക്ത പ്ലാസ്മാ സാമ്പിളുകൾ ചൊവ്വ യാത്രയ്ക്ക് മുൻപും അതിനുശേഷവും പരിശോധിക്കണം. ചില സെല്ലുകൾ പ്രവർത്തിക്കാതെ വന്നാൽ ചിക്കൻ പോക്സ് വൈറസുകൾ വർദ്ധിക്കുകയും, അതി പ്രവർത്തനം നടത്തുന്ന ചില സെല്ലുകൾ അലർജികൾ ഉണ്ടാക്കുകയും ചെയ്തേക്കാം. അതുപോലെ വേണ്ടപ്പെട്ടവരിൽ നിന്നും ഒറ്റപ്പെട്ട് ജിവിക്കേണ്ടി വരിക, ഒതുങ്ങി കൂടേണ്ടി വരിക, സ്വകാര്യത നഷ്ടപ്പെടുക തുടങ്ങിയ അസൗകര്യങ്ങൾ ദീർഘമായ ചൊവ്വായാത്രയിൽ നേരിടേണ്ടതുള്ളതു കൊണ്ട് വിഷാദം പോലുള്ള മാനസിക രോഗങ്ങൾ പിടിപെട്ടേക്കാം. 2016 മാർച്ചിൽ ബഹിരാകാശ യാത്രികരായ സ്കോട്ട് കെല്ലിയും (യു.എസ്. എ) മൈക്കൽ കോർണിങ്കോ (റഷ്യ) ശൂന്യാകാശത്തുള്ള ഇന്റർനാഷണൽ സ്പേസ് സെന്ററിലേക്ക് ഒരു കൊല്ല ദൗത്യത്തിന് യാത്രതിരിച്ചിരുന്നു. മേൽ പറഞ്ഞ മാനസിക പ്രശ്നങ്ങൾക്കുള്ള വിവിധ ടെസ്റ്റുകൾക്കും ഇരുവരും വിധേയരായിരുന്നു. ഇതിനു വേണ്ടി നാസ കൃത്രിമമായി ഭൂമീൽ ഒരു സ്പേസ് സ്റ്റേഷന്റെ മാതൃക ഉണ്ടാക്കിയിട്ടുണ്ട്.

**സാങ്കേതിക വെല്ലുവിളികൾ**

ചൊവ്വയിൽ മനുഷ്യനെ എത്തിക്കാനും പാർപ്പിക്കാനും ഉള്ള സാങ്കേതിക ജോലികൾ അത്യന്തം ശ്രമകരമാണ്. റേഡിയഷനിൽ നിന്നും രക്ഷപ്പെടലിനായിരിക്കും മുൻഗണന. ഭൂമിയുടെ രക്ഷാകവചമായ അന്തരീക്ഷത്തിൽ നിന്നും, കാന്തിക വലയത്തിൽ നിന്നും പുറത്തു കടക്കുമ്പോൾ ഡി.എൻ.എ പോലും തകരാറിലാക്കുന്ന കോസ്മിക്രശ്മി എന്ന വില്ലൻ കാൻസർ രോഗം വരെ വരാനുള്ള വികിരണം ഏല്പ്പിക്കുന്നു. നാസ ഇത്തരത്തിലുള്ള വികിരണങ്ങളുടെ അനന്തരഫലങ്ങൾ കുറച്ചു കൊണ്ടു വരുവാനുള്ള സംവിധാനം ചെയ്യുന്നുണ്ടെങ്കിലും ഭൂമിയുടെ രക്ഷാകവചത്തിൽ നിന്നും പുറത്തു പോകുന്ന ബഹിരാകാശ യാത്രികന്റെ ആയുസ്സ് 25 വർഷം വരെ കുറയാൻ സാദ്ധ്യതയുണ്ടെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. എങ്കിലും ഈ കാര്യത്തിൽ നാസ വിദഗ്ദ്ധൻമാർക്കു പോലും ഉള്ള അറിവുകൾ പരിമിതമാണ്. ഇപ്പോൾ ചെയ്തുവരുന്നത്, ബഹിരാകാശ പേടകത്തിന് ഒരു രക്ഷാകവചം തീർക്കുക എന്നതാണ്. അമേരിക്കയുടെ ഓറിയോണിൽ റേഡിയേഷൻ സെൻസറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡച്ചുകാരുടെ മാഴ്സ്വണ്ണിന്റെ പ്ലാൻ അനുസരിച്ച് ചൊവ്വയിലെ ക്വാർട്ടേഴ്സുകൾ 5 മീറ്ററോളം മണ്ണുകൊണ്ട് മൂടി റേഡിയേഷനിൽ നിന്നും രക്ഷപ്പെടാമെന്നതാണ്.

നാസയുടെ ചാന്ദ്രദൗത്യത്തിന് ബില്ല്യൺ കണക്കിൽ ഡോളർ ചിലവായതു പോലെ ഭാവിയിലുള്ള ചൊവ്വദൗത്യങ്ങൾക്കും ബില്ല്യണുകൾ ചെലവുണ്ടാകും. ശൂന്യാകാശ ഗവേഷണങ്ങൾ തുടരണമെന്നാണോ?. ഇത്രയും ചിലവുകൾ ന്യായീകരിക്കാവുന്നതാണോ എന്ന ചോദ്യം യു.എസ് കോൺഗ്രസിൽ ഉയർന്നു വന്നിട്ടുണ്ട്. വ്യക്തിപരമായി ഈ ചിലവുകൾ ഓരോരുത്തരും ന്യായീകരിക്കുന്നില്ലെങ്കിലും മൊത്തത്തിലുള്ള അഭിപ്രായം ഇനിയും ശൂന്യാകാശ ഗവേഷണങ്ങൾ തുടരണമെന്നു തന്നെയാണ്. ചൊവ്വ ഗവേഷണങ്ങൾ കൊണ്ട് കുറെ ഗുണങ്ങൾ മനുഷ്യരാശിക്ക് കിട്ടാമെന്നും അതിനുപരി ഒരു സ്വപ്നസാക്ഷാത്ക്കാരം കൂടിയാണെന്നും വിദഗ്ദ്ധർ പറയുന്നു. വ്യോമയാന വ്യവസായം മെച്ചപ്പെടും, അനേകം ശാസ്ത്രജ്ഞൻമാർക്കും എഞ്ചിനിയർമാർക്കും തൊഴിൽ ലഭിക്കും. പല രാഷ്ട്രങ്ങൾ ഈ മേഖലയിൽ സഹകരിക്കുകയും പഴയ പോലെയുള്ള ശീതയുദ്ധങ്ങൾ ഒഴിവാകുകയും ശൂ

ന്യാകാശാധിപത്യത്തിനുള്ള മത്സരം ഒഴിവാകുകയും ചെയ്യും. ചൊവ്വയിൽ കാൽ കുത്തുവാൻ 30 മുതൽ 50 വർഷം വരെ എടുത്തേക്കാം. ഒരു മനുഷ്യ കോളനി സ്ഥാപിച്ചെടുക്കാൻ നൂറ്റാണ്ടുകളും. എങ്കിലും സഹകരിച്ച് ഗവേഷണം നടത്തി മുന്നേറാം എന്ന ആശയത്തിലാണ് പല സ്വപ്ന പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുള്ളത്. എല്ലാവരും ലാഭം കൊയ്യുന്ന ബിസിനസ്സ് മാത്രം ലക്ഷ്യം വയ്ക്കുകയാണെങ്കിൽ നമ്മുടെ നിലനില്പിന് ഒരു നല്ല നിറം കൊടുക്കാൻ തത്വശാസ്ത്രജ്ഞൻമാരും കലാകാരൻമാരും ഇല്ലാതെ പോകുമല്ലോ. ●


# ആദരാഞ്ജലികൾ

## 2016 മെയ് മാസം അന്തരിച്ച കരയോഗം അംഗങ്ങളുടെ പേരു വിവരം



**റ്റി.എൻ. മേനോൻ**
എൽ /1126
അനുരാധ
ഓൾഡ് തേവര റോഡ്
കൊച്ചി 682016

**കമലാക്ഷൻ കാരക്കാട്ട്**
എൽ /0176
ആശ, കാരക്കാട്ട് ഹൗസ്
ബി.ടി. എസ് റോഡ്
ഇടപ്പള്ളി, കൊച്ചി 682024



**എം. ഉണ്ണികൃഷ്ണൻ**
എൽ /2070
നമ്പർ 20, ഗിരിനഗർ നോർത്ത്
ഗാന്ധിനഗർ റോഡ്
കടവന്ത്ര
കൊച്ചി 682020

| എറണാകുളം കരയോഗം നടത്തി വരുന്ന വിവിധ കലാസാംസ്കാരിക ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ | |
|---|---|
| കഥകളി | എല്ലാ മാസവും 4-ാമത്തെ ചൊവ്വാഴ്ച വൈകുന്നേരം 6.20ന് |
| ബീം | എല്ലാ മാസവും |
| വേദാന്ത ക്ലാസ്സ് | എല്ലാ ശനിയാഴ്ചയും രാവിലെ 10.00 മണിക്ക് |
| എൽഡർ സിറ്റിസൺസ് ഫോറം | എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 4.00 മണിക്ക് |
| വുമൺസ് ഫോറം | എല്ലാ ബുധനാഴ്ചയും വൈകുന്നേരം 3.00 മണിക്ക് നാരായണീയ ക്ലാസ്സ് |
| ഭരതനാട്യം, മോഹിനിയാട്ടം | വ്യാഴം, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 4.30 ന് |
| വയലിൻ | ഞായർ രാവിലെ 10.00 മണിക്ക് |
| യോഗ | എല്ലാ ദിവസവും രാവിലെ 6.00 മണിക്ക് |
| കരാട്ടേ | തിങ്കൾ, ശനി ദിവസങ്ങളിൽ വൈകുന്നേരം 5.30 ന് |
| ജ്യോതിഷം | ചൊവ്വ, ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ |

**എറണാകുളം കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ഹോമിയോ, അലോപ്പതി എന്നിവയിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ കരയോഗാംഗങ്ങൾക്കും പൊതുജനങ്ങൾക്കും സൗജന്യ വൈദ്യസഹായം നല്കി വരുന്നു.**

# വീണ്ടും ചില കൊളസ്ട്രോൾ വിശേഷങ്ങൾ



ഡോ. ദേവിദാസ് വെള്ളോടി

**ആമുഖം**

രക്തത്തിലെ കൂടുതലായുള്ള കൊളസ്ട്രോൾ ഹൃദ്രോഗവുമായി നേരിട്ട് ബന്ധമില്ല, കഴിക്കുന്ന ഭക്ഷണത്തിലെ കൊളസ്ട്രോൾ (കൊഴുപ്പ്) ഹൃദ്രോഗമുണ്ടാക്കുന്നില്ല തുടങ്ങി.... കൊളസ്ട്രോൾ മരുന്നുകൾ കൊണ്ട് യാതൊരു ഗുണവുമില്ല എന്നു വരെയുള്ള മാധ്യമ റിപ്പോർട്ടുകൾ വായിച്ചിരിക്കുമല്ലോ. ഈശ്വരാ ഞാൻ കഴിച്ച കൊളസ്ട്രോൾ മരുന്നുകൾ വെറുതെയായിപ്പോയല്ലോ, ഞാൻ കഴിക്കാതിരുന്ന മട്ടനും, ബീഫും നഷ്ടമായല്ലോ എന്നിങ്ങനെ ചിന്തിക്കുന്നവരുണ്ടെങ്കിൽ വിഷമിക്കാൻ വരട്ടേ.... എന്താണ് ഈ റിപ്പോർട്ടുകളിലെ സത്യാവസ്ഥ എന്ന് അറിഞ്ഞിട്ട് മതി. നമുക്കൊന്ന് ശ്രമിച്ചു നോക്കാം.

2015 ലെ ഡയറ്ററി ഗൈഡ്‌ലൈൻസ് ഫോർ അമേരിക്കൻസ് കമ്മറ്റി (Dietary Guidelines for Americans Committee)യുടെ കൊളസ്ട്രോളിനെക്കുറിച്ചുള്ള ചില പരാമർശങ്ങളാണ് ചർച്ചകൾക്ക് വഴിയിട്ടിരിക്കുന്നത്.

നാം കഴിക്കുന്ന ഭക്ഷണത്തിലെ കൂടുതാലായുള്ള കൊഴുപ്പ് ഹൃദ്രോഗ സാദ്ധ്യത വർദ്ധിപ്പിക്കും എന്നും അതിനാൽ കൊഴുപ്പു കുറഞ്ഞ ഭക്ഷണം കഴിക്കണമെന്നുമുള്ള 1977ലെ നിർദ്ദേശങ്ങളിലാണ് ചില മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. ഭക്ഷണത്തിലൂടെ കിട്ടുന്ന കൊഴുപ്പ് ഹൃദ്രോഗത്തിന് നിർണ്ണായക ഘടകമാകുന്നില്ലെന്നും (Significant role) ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും പാരമ്പര്യവും വ്യായാമരഹിത ജീവിതവും രക്തത്തിലെ കൂടിയ LDL(Low Density Cholestrol) VLDL (Very low Density Cholestrol) എന്നീ ഘടകങ്ങളാണ് ഹൃദ്രോഗ സാധ്യത കൂട്ടുന്ന തെന്നുമാണ് പുതിയ നിരീക്ഷണങ്ങൾ. മൊത്തം കൺഫ്യൂഷൻ ആയോ? എങ്കിൽ നമുക്ക് വിസ്തരിച്ച് പരിശോധിക്കാം.

**എന്താണ് Cholestrol (കൊഴുപ്പ്)**

നമ്മുടെ കോശങ്ങളിൽ (Cells) കാണുന്ന കൊഴുപ്പുപോലുള്ള, പദാർത്ഥമാണ് കൊളസ്ട്രോൾ. ശരീരത്തിന് ചില ഹോർമോണുകൾ, വൈറ്റമിൻ ഡി, ദഹനരസങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് കൊളസ്ട്രോൾ ആവശ്യമാണ്. നമ്മുടെ ശരീരത്തിന് ആവശ്യമുള്ള കൊളസ്ട്രോൾ സ്വന്തമായി കരളിൽ ഉത്പാദിപ്പിക്കുന്നു. കൊളസ്ട്രോൾ രക്തത്തിലൂടെ ലിപ്പോപ്രോട്ടീൻ (LipOProtein) എന്ന ചെറിയ പാക്കേജുകളായി സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അകത്ത് Lipid (കൊഴുപ്പ്) പുറത്ത് Protein (പ്രോട്ടിൻ) ആയിട്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. കൊളസ്ട്രോളിന്റെ ചയാപചയ പ്രവർത്തനങ്ങൾ നടക്കുന്നത് കരളി(Liver)ലാണ്. രണ്ട് തരത്തിലുള്ള ലിപ്പോപ്രോട്ടീനുകൾ ശരീരത്തിൽ മുഴുവൻ രക്തത്തിലൂടെ സഞ്ചരിച്ച് കൊണ്ടിരിക്കുന്ന LDL (Low density Lipoprotein), HDL (High Density Lipo Protein ) എന്നിവയാണവ.

**കൊളസ്ട്രോളിന്റെ പ്രവർത്തനങ്ങൾ**

ഇസ്ട്രോജൻ, ടെസ്റ്റാസ്റ്റിറോൺ, പ്രോജസ്ട്രോൺ, അലഡോസ്റ്റിറോൺ, കോർട്ടി സോൺ തുടങ്ങിയ ഹോർമോണുകളുടെ ഉൽപാദനത്തിനും വിറ്റാമിൻ ഡി യുടെ ഉൽപാദനത്തിനും ദഹനരസം (Bile) ഉത്പാദിപ്പിക്കുന്നതിനും കൊളസ്ട്രോൾ വേണം. കോശങ്ങളുടെ സ്തരത്തിന്റെ നിർമ്മാണത്തിനും കൊളസ്ട്രോൾ ഉണ്ടായേ തീരൂ.

**LDL (Low Density Lipo Protein)**

LDL കൊളസ്ട്രോളിനെ മോശപ്പെട്ട (Bad) കൊളസ്ട്രോൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. കൂടുതൽ LDL- രക്തത്തിൽ ഉണ്ടായാൽ ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി രക്തക്കുഴലുകളുടെ വ്യാസം കുറയ്ക്കുന്നു. ചിലപ്പോൾ കൊഴുപ്പ് രക്തത്തിന്റെ സുഗമമായ ചലനത്തെ തന്നെ ബാധിക്കുന്നതിനാൽ രക്തക്കുഴലുകളിൽ തടസ്സങ്ങൾ (Block) ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

**HDL (Hi Density Lipo Protein)**

ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൊഴുപ്പിനെ(Fat) തിരിച്ച് കരളിലെത്തിക്കുന്നതിനാൽ HDL കൊളസ്ട്രോളിനെ നല്ല (Good) കൊളസ്ട്രോൾ എന്ന് വിശേഷിപ്പിക്കുന്നു. HDL കൊളസ്ട്രോൾ കൂടുതലായി രക്തത്തിലുണ്ടെങ്കിൽ ഹൃദ്രോഗ സാധ്യത കുറവായിരിക്കുമെന്ന് പറയാം.

**TRIGLYCERIDES**

രക്തത്തിൽ കാണുന്ന മറ്റൊരു തരം കൊഴുപ്പാണിത്. ഭക്ഷണത്തിലൂടെ ലഭിക്കുന്ന ഊർജ്ജം ചിലവാകാതെ വരുമ്പോൾ കരളിൽ വെച്ച് Triglycerides ആക്കി മാറ്റുന്നു. കൊഴുപ്പ് കോശങ്ങളിൽ (Fat Cells)ഇവ സൂക്ഷിച്ച് വെച്ച് പിന്നീട് തിരിച്ച് ഊർജ്ജമാക്കി ആവശ്യത്തിനനുസരിച്ച് മാറ്റുന്നു. നമ്മൾ ആവശ്യത്തിൽ കൂടുതൽ ഭക്ഷണം കഴിച്ചാൽ രക്തത്തിൽ കൂടുതലായി Triglycerides കാണപ്പെടും.

**ATHEROSLEROSIS**

**(അതിറോസ്കിലിലോരിസ്)**

രക്തധമനികളുടെ ഭിത്തിയിൽ കൊഴുപ്പ് അടിഞ്ഞുകൂടി രക്തപ്രവാഹത്തെ തടസ്സപ്പെടുത്തുന്ന അവസ്ഥയാണിത്. ഈ കൊഴുപ്പിൽ കൊളസ്ട്രോൾ, ഫാറ്റ്, കാൽസ്യം, തുടങ്ങിയവ അടങ്ങിയിരിക്കുന്നു. കാലക്രമത്തിൽ ഈ അടിഞ്ഞുകൂടിയ കൊഴുത്ത പദാർത്ഥം ധമനികളുടെ വ്യാസത്തെ കുറയ്ക്കുകയും ഹൃദ്രോഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. കൃത്യമായ രീതിയിൽ, അളവിൽ ഓക്സിജൻ ചേർന്ന രക്തം ഹൃദയത്തിലേക്ക് എത്തുന്നില്ലെങ്കിൽ ഹൃദയ പേശികളെ ബാധിക്കുകയും Anjima (ഹാർട്ട് അറ്റാക്ക് ) ഉണ്ടാകുകയും ചെയ്യും.

**VLDL (Very Low Density Lipo Protein)**

പ്രോട്ടീൻ ചെറിയ തോതിൽ മാത്രം കാണുന്ന  ലിപ്പോ പ്രോട്ടീനാണിത്. കരളിൽ ഉത്പാദിപ്പി ക്കുന്ന ട്രൈഗ്ലിസറൈഡ്സ് (Triglycerides) വിതരണം ചെയ്യുന്ന ജോലി  VLDL നാണ്. കൂടുതലായ VLDL  കൊളസ്ട്രോൾ ഹൃദ്രോഗ സാധ്യത കൂടുന്നു. നിലവിലുള്ള കൊളസ്ട്രോൾ പരിശോധന ചാർട്ട് അവസാനം ലേഖനത്തിന്റെ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്.

എന്താണ് പുതിയ നിർദ്ദേശങ്ങളുടെ പ്രസക്തി പുതിയ നിർദ്ദേശങ്ങൾ പ്രകാരം നിങ്ങളുടെ Total Cholestrol കൂടിയതുകൊണ്ട് മാത്രം നിങ്ങൾ ഹൃദ്രോഗി ആകണമെന്നില്ല. പക്ഷെ LDL വളരെ കൂടുതലാവുകയാണെങ്കിൽ ഹൃദ്രോഗ സാധ്യത കൂടുതലാണ്. അതുപോലെ തന്നെ HDL/LDL Ratio, Triglycerides/HDL Ratio എന്നിവ കൂടുതലാണെങ്കിലും ഹൃദ്രോഗ സാധ്യത കൂടുതലാണ്.

അതേ സമയം മരുന്നുകൾ കൊണ്ട് LDL കൊളസ്ട്രോൾ, Total Cholestrol എന്നിവ വളരെ കുറയുന്നത് കൂടുതൽ ഹൃദ്രോഗ സാധ്യതയിലേക്ക് നയിക്കുന്നു എന്ന് പരാമർശിക്കുന്നു.

**ചുരുക്കത്തിൽ അറിഞ്ഞിരിക്കേണ്ടത്**

1. കൊളസ്ട്രോൾ നമ്മുടെ സുഹൃത്താണ്. ശത്രുവല്ല. ഇത് ശരീരത്തിൽ അത്യന്താപേക്ഷിതമായ ഘടകമാണ്. വൈറ്റമിൻ ഡി, ഹോർമോണുകൾ, ദഹനരസങ്ങൾ, കോശസ്തരം എന്നിവയുടെ നിർമ്മാണത്തിന് കൊളസ്ട്രോൾ ആവശ്യഘടകമാണ്.
2. നമ്മുടെ ശരീരത്തിനാവശ്യമുള്ള കൊളസ്ട്രോൾ കരളിൽ ഉത്പാദിപ്പിക്കുന്നുണ്ട്. നമുക്ക് പുറമെ നിന്ന് ഭക്ഷണത്തിലൂടെയും കൊളസ്ട്രോൾ ലഭിക്കുന്നുണ്ട്.
3. ഭക്ഷണത്തിലൂടെ കൂടുതലായി ലഭിക്കുന്ന ഊർജ്ജം Triglyceride ആയി മാറ്റപ്പെട്ട് കൊഴുപ്പു കോശങ്ങളിൽ സൂക്ഷിച്ച് ആവശ്യത്തിനനുസരിച്ച് ഊർജ്ജമാക്കി മാറ്റി ഉപയോഗിക്കുന്നു.
4. ഉപയോഗിക്കാതെ വരുന്ന ഊർജ്ജമാണ് Triglyceride ആക്കി നിക്ഷേപിക്കപ്പെടു ന്നത്.
5. പെട്ടെന്ന് കൊളസ്ട്രോൾ കുറക്കാനുള്ള മരുന്നുകൾ കഴിക്കുന്നതു കൊണ്ട് മാത്രം ഹൃദ്രോഗ സാധ്യത ഇല്ലാതാകുകയോ ആരോഗ്യവാനാകുകയോ ചെയ്യുന്നില്ല.
6. കഴിക്കുന്ന ഭക്ഷണത്തിലെ കൊഴുപ്പ് ഉപയോഗിക്കാതെ വരുമ്പോൾ മാത്രമാണ് Tri-glyceride ആക്കി മാറ്റി കോശങ്ങളിൽ നിക്ഷേപിക്കപ്പെടുന്നത്.
7. പ്രകൃതി ജന്യമായി(Natural) കൊളസ്ട്രോൾ കുറക്കുന്നതാണ് ആരോഗ്യത്തിന് നല്ലത്.
8; വ്യായാമം, ദിനചര്യ, ജീവിതശൈലി, നല്ല ആരോഗ്യപ്രദമായ ഭക്ഷണം എന്നിവ ശീലിക്കുക. ആരോഗ്യശീലങ്ങൾ വർദ്ധിപ്പിക്കുക. ചുരുക്കത്തിൽ നല്ല ആരോഗ്യ ശീലങ്ങളിലൂടെ രക്തത്തിലെ കൊളസ്ട്രോൾ നിയന്ത്രിക്കുന്നതാണ് മരുന്നിനെ ആശ്രയിക്കുന്നതിലും നല്ലതെന്നാണ് പുതിയ കൂട്ടിച്ചേർക്കൽ. കൊളസ്

ട്രോളിന് മരുന്ന് കഴിക്കേണ്ട എന്നല്ല, മറിച്ച് കൂടുതൽ ഫലപ്രദമായ ഹൃദ്രോഗ നിയന്ത്രണം ഭക്ഷണക്രമം, വ്യായാമം, ജീവിത ശൈലി എന്നിവയിലൂടെയാണ് എന്ന് സാരം.

**നിയന്ത്രിക്കേണ്ട കാര്യങ്ങൾ**

1. Pre cooked food (ഒരു തവണ പാചകം ചെയ്ത ഭക്ഷണങ്ങൾ)
2. Carbonated drink (സോഡ, പെപ്സി )
3. Sedentary lifestyle (കൂടുതൽ പഞ്ചസാര, മധുരം എന്നിവ കഴിക്കുക)
4. അനാരോഗ്യകരമായ ദിനചര്യ, ഭക്ഷണരീതി, ജീവിതശൈലി
5. പുകവലി, അമിതമദ്യപാനം
6. ടെൻഷൻ, അമിതമായ ആകാംക്ഷ, ഉറക്കഗുളികകൾ

കൊളസ്ട്രോളിനെ പ്രകൃതിദത്തമായി എങ്ങിനെ നിയന്ത്രിക്കാം

1. പഞ്ചസാരയുടെ ഉപയോഗം കുറയ്ക്കുക
2. നാരുവർഗങ്ങൾ അടങ്ങിയ ഭക്ഷണരീതി ശീലിക്കുക
3. ഒരു തവണ പാചകം ചെയ്ത ഭക്ഷണങ്ങൾ വീണ്ടും പാചകം ചെയ്യാതിരിക്കുക.
4. വെളിച്ചെണ്ണ ശീലിക്കുക. വീണ്ടും വീണ്ടും ഉപയോഗിച്ച എണ്ണ തന്നെ ഉപയോഗിക്കാതിരിക്കുക.
5. ഓർഗാനിക് ഭക്ഷണങ്ങൾ ഉപയോഗിക്കുക
6. കൃത്യമായി ദിവസേന വേണ്ട അളവിൽ വ്യായാമം ചെയ്യുക.
7. സമയാസമയത്ത് ഭക്ഷണം കഴിക്കുക, അമിതഭക്ഷണം ഒഴിവാക്കുക
8. ആകാംക്ഷ നിയന്ത്രണത്തിൽ വരുത്തുക
9. ത്രിഫലചൂർണം 5 ഗ്രാം രാത്രി കിടക്കാൻ നേരത്ത് ചൂടുവെള്ളത്തിൽ കുടിക്കുക.
10. വെളുത്തുള്ളി 3 പോള ചതച്ചത് അരഗ്ലാസ്സ് പാലിലിട്ട് തിളപ്പിച്ച് രാവിലെ കുടിക്കുക.
11. അതിരാവിലെ വെറും വയറ്റിൽ 10 മില്ലി തേൻ ചെറുനാരങ്ങാനീരും ചേർത്ത് ചെറുചൂടു വെള്ളത്തിൽ ചേർത്ത് കഴിക്കുക.
12. ധാരാളം വെള്ളം കുടിക്കുക, കിടക്കുന്ന തിനു മുൻപ് രാത്രി ഒരു ഗ്ലാസ് വെള്ളം കുടിക്കുക
13. യോഗ, പ്രത്യേകിച്ച് സൂര്യനമസ്കാരം ശീലിക്കുക
14. മല്ലിയിലയിട്ട് തിളപ്പിച്ച വെള്ളം കുടിക്കുക.
15. അമിതവണ്ണം നിയന്ത്രിക്കുക, മിതമായ ഭക്ഷണം കഴിക്കുക, അധികമായ കൊഴുപ്പുള്ള ഭക്ഷണം കുറയ്ക്കുക
16. കറുവപ്പട്ട പൊടിച്ചത് 3 ഗ്രാം രാവിലെ ചുടുവെള്ളത്തിൽ തിളപ്പിച്ച് ചെറുചൂടിൽ കുടിക്കുക
17. വിശപ്പില്ലെങ്കിൽ ഭക്ഷണം കുറയ്ക്കുക. കരളിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന ഔഷധങ്ങൾ സേവിക്കുക.
18. പകലുറങ്ങരുത്. രാത്രി ഭക്ഷണം നേരത്തെ കഴിക്കുക. രാത്രി ഭക്ഷണശേഷം മൂന്നു മണിക്കൂറിന് ശേഷം ഉറങ്ങുക. പ്രാതൽ നന്നായി കഴിക്കുക. ഉച്ചഭക്ഷണം, അത്താഴം എന്നിവ ചെറിയ തോതിൽ കഴിക്കുക
19. മധുര പലഹാരങ്ങൾ ഭക്ഷണശേഷം കഴിക്കാതിരിക്കുക. അവ വേണമെങ്കിൽ പ്രത്യേക ഭക്ഷണമായി ഇടനേരത്ത് കഴിക്കുക.
20. ഓട്സ് ശീലിക്കുക. കൊളസ്ട്രോൾ നിയന്ത്രണത്തിൽ വരും. അധിക ഊർജ്ജം ലഭിക്കുന്നില്ല.
21. മഞ്ഞൾപൊടി ധാരാളമായി ഭക്ഷണത്തിൽ ഉപയോഗിക്കുക
22. കറിവേപ്പില ധാരാളം കറികളിൽ ഉപയോഗിക്കുക
23. കൂടുതൽ കൊളസ്ട്രോൾ രക്തത്തിൽ കാണുകയാണെങ്കിൽ പെട്ടെന്ന് തന്നെ ശക്തമായ മരുന്നുകൾ കഴിക്കാതിരിക്കുക, പ്രകൃതി ദത്തമായ വഴികളിലൂടെ നിയന്ത്രണത്തിൽ കൊണ്ടു വരിക.
24. മാസത്തിലൊരിക്കൽ ഉപവസിക്കുക
25. മാസത്തിലൊരിക്കൽ വയറ് ശുദ്ധി വരുത്തുക.
26. തണുത്ത വെള്ളം കുടിക്കരുത്. Rom temperature ഉള്ള വെള്ളമോ, ചൂടുവെള്ളമോ ശീലിക്കുക.

**സംക്ഷേപണം**

ചികിത്സയുടെ കാര്യത്തിൽ മരുന്നുകളെ മാത്രം ആശ്രയിക്കാതിരിക്കുക. പ്രകൃതിദത്ത മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമാണ്. പാർശ്വഫലങ്ങൾ ഇല്ലാത്തതാണ്. പരമാവധി ആരോഗ്യ ലേഖനങ്ങൾ വായിക്കുക. നിങ്ങളുടെ കുടുംബ ഡോക്ടറുമായി ആശയ വിനിമയം നടത്തുക. ആരോഗ്യ ശീലങ്ങൾ പ്രയോഗത്തിൽ വരുത്തുക, അതിന്റെ പ്രചാരകനായി മാറുക.

**കൊളസ്ട്രോൾ പരിശോധന**

കൊളസ്ട്രോൾ പരിശോധിക്കുന്നതിനുള്ള രക്ത പരിശോധന ഭക്ഷണം കഴിക്കാതെ വേണമെന്നതിനാൽ രാവിലെയാണ് ചെയ്യേണ്ടത്.

| Name of test | Desirable | Border line high | High |
|---|---|---|---|
| Total Cholestrol | Less than200 mg/al | 200-240 | 240 &above |
| HDL<br>LDL | more than 40mg/al<br>less than 100mg/al | Risk lessthan 40<br>130-159 | 40-50<br>160 &above |
| Trycerides | less than 150mg/al | 150-199 | 200 &above |
| VLDL | 8-35 mg/al | | |
| Triglycerides/HDL ratio | less than 3 | | |

## വായനക്കാരുടെ കത്തുകൾ

എറണാകുളം കരയോഗം പ്രസിദ്ധപ്പെടുത്തുന്ന കരയോഗ സൗഹൃദത്തിന്റെ മേടം ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാസഫലത്തെ (പേജ് 58) പറ്റി എനിക്കുള്ള സംശയമാണ് താഴെ ചേർക്കുനന്ത്. അടുത്ത ലക്കത്തിലൂടെ സംശയം തിരുത്തി തരുവാൻ അപേക്ഷിക്കുന്നു.

മേടക്കൂറിൽ ജനിച്ചവർക്ക് വാഹന സംബന്ധമായി പതനഭയം, അഗ്നിഭയം മുതലായവയും.... ചുരുക്കി പറഞ്ഞാൽ ധനനഷ്ടത്തിനും മനോദുഃഖത്തിനും സാദ്ധ്യത കാണുന്നു, വ്യാഴപ്രീതി വരുത്തുക എന്നുള്ള പ്രവചനത്തിന് അടിസ്ഥാനം എന്താണ്? ടി കൂറുകാർക്ക് സർവ്വാഭീഷ്ട കാരകനായ വ്യാഴം 9 ാം ഭാവാധിപത്യം വഹിച്ച് ബന്ധുക്ഷേത്രമായ അഞ്ചാം ഭാവ ത്തിൽ (ചിങ്ങത്തിൽ ) നിന്ന് ലഗ്നത്തെ (ജന്മകൂറിനെ) വീക്ഷിക്കുന്നു. പ്രാണൻ, ആത്മാവ്, പ്രതാപം, ആരോഗ്യം, ആത്മബലം മുതലായവയുടെ കാരകനായ രവി 5 ാം ഭാവാധിപത്യം വഹിച്ച് ഉച്ചക്ഷേത്രമായ മേടത്തിൽ വ്യാഴദൃഷ്ടിയോടു കൂടി നില്കുന്നു. ഇത് സകലദോഷങ്ങളേയും നിക്കുകയില്ലെ?

മേടകൂറുകാർക്ക് അഷ്ടമത്തിൽ ശനിയും കുജനും കൂടി നില്കുന്നു എന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. പക്ഷെ കുജൻ ലഗ്നാധിപനും അഷ്ടമാധിപനും കൂടി ആയതിനാൽ ഇതിന്റെ ദോഷം നാമ മാത്രമാണ്. പ്രസ്തുത അഗ്നിമാരുത യോഗം ശക്തമല്ല എന്ന് അർത്ഥം. എങ്കിലും ശനിയുടെ സ്വല്പദോഷം കണക്കിലെടുത്താലും വ്യാഴത്തിന്റെ അനുകൂലസ്ഥിതി കൊണ്ട് ദോഷശമനമല്ലെ അനുഭവപ്പെടുക? വ്യാഴപ്രീതിയോടൊപ്പം ശനീശ്വരനേയും ഭദ്രകാളിയേയും പ്രീതിപ്പെടുത്തേണ്ടത് അല്ലെ?

മാസികയിലൂടെ വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.


**– എം. നാരായണൻകുട്ടി മേനോൻ, കലൂർ**

**മറുപടി**

താങ്കളുടെ കത്തു വായിച്ചു. മെയ് മാസഫലം മേടത്തിലെയല്ല ഇടവത്തിലെയാണ്. സൂര്യൻ 2–ാം ഭാവത്തിൽ ധനനഷ്ടം പാപഗ്രഹം നിൽക്കുന്നിടം നോക്കുന്നിടം നാശം. ഈ ആദിത്യൻ വൃശ്ചികത്തിലേക്ക് നോക്കുന്നു. കുജൻ നിൽക്കുന്നതോ പോകട്ടെ ആദിത്യന്റെ ദൃഷ്ടി കൂടിയാകുമ്പോൾ അഗ്നിമാരുതയോഗം പൂർണ്ണം. ആപത്തിന് സാദ്ധ്യതയുണ്ടോ ഇല്ലയോ? 11–ാം ഭാവത്തിൽ കേതു. ധനലാഭമോ നഷ്ടമോ? ഇനി ധനഭാവത്തിലേക്ക് അതായത് 2–ാം ഭാവത്തിലേക്ക് അഷ്ടമാധിപനായ കുജന്റേയും, പാപഗ്രഹമായ ശനിയുടേയും ദൃഷ്ടി . ധനാധിപൻ അവിടെ നിൽക്കുന്നു എന്നത് ശരിയാണെങ്കിലും ധനനഷ്ടമുണ്ടാകും. മേടത്തിൽ നിൽക്കുന്നത് 6 ാം ഭാവാധിപൻ ശത്രു ചോര രോഗാധിപൻ (ഇടവമാസം 5 ാം തീയതി മുതൽ ശുക്രൻ ഇടവത്തിൽ) വ്യാഴദൃഷ്ടി ശരി തന്നെ. വ്യാഴം 12–ാം ഭാവാധിപൻ കൂടിയാണെന്ന സത്യം മറക്കരുത്. അഷ്ടമാധിപൻ അഷ്ടമത്തിൽ നിന്നാൽ മരണം ഉണ്ടാവില്ല. എന്നാൽ അപകടം ഉണ്ടാവാം.

**–ജ്യോതിഷാചാര്യ വിജയമേനോൻ**

# ഭാരതീയാചാര്യ വൈകല്യം



നന്ദകുമാർമേനോൻ

**ഒരനുഭവം**

അട്ടപ്പാടിയിൽ രണ്ടുകൊല്ലം മുൻപു വരെ എനിക്കൊരു തോട്ടമുണ്ടായിരുന്നു. എട്ടേക്കറുള്ള ആ തോട്ടത്തിൽ പ്രധാനമായും തെങ്ങ്, കവുങ്ങ്, കുരുമുളക് ഇവയായിരുന്നു കൃഷി. കയറ്റിറക്കമായി പരന്നു കിടന്നിരുന്ന ആ പറമ്പിൽ ഒരു ഭാഗത്ത് മല കുറച്ച് നിരത്തി, മൂന്ന് മുളങ്കുടിലുകളും ഒരു കുളവും മറ്റും വിനോദയാത്രക്കാരെ സത്ക്കരിക്കാൻ ഒരുക്കിയിരുന്നു. ആ പറമ്പിൽ ആകെ ആറ് ഓറഞ്ച് മരങ്ങളുണ്ടായിരുന്നു. അതിൽ രണ്ടെണ്ണം ഇണകളെപ്പോലെ ഈ കുളത്തിനടുത്തായിരുന്നു.

മാസത്തിൽ ഒരിക്കൽ ഒരാഴ്ചയാണ്, ക്രിസ്ത്യാനിയായ, മാരണട്ടി ചിറ്റൂർ പള്ളി യിൽ കുർബാനയുള്ള എന്റെ കെസ്സിജൻ എന്നു പേരുള്ള തോട്ടം മേൽനോട്ടക്കാരൻ (എസ്റ്റേറ്റ് മാനേജർ) നോക്കി നടത്തിയിരുന്ന ആ തോട്ടത്തിൽ ഞാൻ പോയി താമസിക്കാറ്. അടുത്ത് ജനവാസം വളരെ കുറവായിരുന്ന ആ പറമ്പിനോട് ചേർന്ന് സർക്കാർ വനങ്ങളായിരുന്നു. ക്രൂരമൃഗങ്ങളൊന്നുമില്ലെങ്കിലും, കാട്ടുപന്നി, കാട്ടാന, മുള്ളൻ പന്നി മുതലായവ ഏതു സമയവും പറമ്പിൽ കയറിവരാം.

പറമ്പിലെ ഈ ആറ് ഓറഞ്ച് ചെടികളിൽ ഒന്നു പോലും അവയെല്ലാം ജീവിച്ച 14 കൊല്ലത്തിനുള്ളിൽ പൂത്ത് കായ്ച്ചിട്ടില്ല. ഞാൻ ഇതിന്റെ കാരണം ചോദിച്ചു. ഇവിടെ മാത്രമല്ല ഈ അട്ടപ്പാടിയിൽ ഓറഞ്ച് നട്ട് വളർത്തിയ ആരുടെയും കായ്ച്ചിട്ടില്ല എന്നായിരുന്നു ഉത്തരം. എന്നു തന്നെയല്ല തോട്ടം കൃഷിവകുപ്പിന്റെ ഉപദേശങ്ങൾ ക്കനുസരിച്ച് പലതും എല്ലാവരും ചെയ്തിട്ടും ഒരു ഫലവുമുണ്ടായില്ല. വേണ്ടുംവണ്ണം വെള്ളവും വളവുമൊക്കെ ചെയ്തിട്ടുണ്ടെന്നാണ് എന്നോടയാൾ പറഞ്ഞത്.

ഏതായാലും ഈ സംഭാഷണം നടന്ന രാത്രി ഞാൻ ഉറങ്ങാൻ കിടന്നു. വൈകിട്ട് ആറുമണിയോടെ പണിക്കാരും കെസ്സിയും തിരിച്ച് വീട്ടിൽ പോകുന്നതുകൊണ്ട്, ആ തോട്ടത്തിലും ചുറ്റുപാടുമുള്ള 300 ഓളം ഏക്കർ കാടുകളിലും ആയി ഒന്നോ രണ്ടോ മനുഷ്യ ജീവികളുള്ളതിൽ ഒരാൾ മാത്രമായിരുന്നു ഞാനും. കുട്ടിക്കാലത്ത്, ഹിന്ദി പാഠങ്ങളിൽ (അതാണതിശയം, ശാസ്ത്രപാഠങ്ങളിലല്ല) ജഗദീശ് ചന്ദ്രബോസ് എന്നൊരു ശാസ്ത്രജ്ജനെപ്പറ്റി പഠിച്ചിരുന്നു. വൃക്ഷ ങ്ങൾക്കും വികാരമുണ്ടെന്നും വെള്ളവും മഴുവും കൊണ്ട് ചെല്ലുന്നവരെ അതിനു തിരിച്ചറിയാമെന്നും അദ്ദേഹം സ്വന്തമായി നിർമ്മിച്ച ചില ഉപകരണങ്ങൾ കൊണ്ട് തെളിയിച്ചിരുന്നു എന്നും പഠിച്ചിരുന്നു.

അന്നു രാത്രി ആ കിടപ്പിൽ ഞാൻ ആലോചിച്ചു. അങ്ങിനെയെങ്കിൽ എന്തുകൊണ്ട് ഓറഞ്ച് ചെടികളോട് സംസാരിച്ചു കൂടാ. രാവിലെ ഉണർന്ന് ശ്രീചക്ര പൂജയും കഴിഞ്ഞ് ഒരു ആറരമണിക്ക്, ഉടുത്ത പട്ടോടുകൂടി കമണ്ഡലുവിലെ വെള്ളവും കൊണ്ട് ഞാൻ ഈ രണ്ട് ഓറഞ്ച് ചെടികളുടെ അടുത്തു പോയി. പണിക്കാരും മാനേജരും വരാൻ 8 മണിയാകും എന്നതുകൊണ്ട് ആരും എന്നെ കാണില്ല എന്ന ധൈര്യത്തോടെ ഈ ചെടികളുടെ മുൻപിൽ പോയി ഞാൻ അഭിമുഖമായി നിന്നു.

എന്നിട്ട് അടുത്തടുത്തു നിൽക്കുന്ന രണ്ട് മനുഷ്യരോട് പറയുന്നതുപോലെ ഈ രണ്ടോറഞ്ച് ചെടികളെ നോക്കി മലയാളത്തിൽ പുറത്തു കേൾക്കാവുന്ന ശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു.

ഓറഞ്ച് ചെടികളേ, നിങ്ങൾ എന്തിനാണീ ഭൂമിയിൽ ജനിച്ചത്? നിങ്ങളുടെ വംശം നിലനിർത്താനും, നിങ്ങൾക്ക് വെള്ളവും വളവും തരുന്ന ഞങ്ങൾക്ക് മധുരഫലങ്ങൾ തരുന്നതിനുമല്ലേ? അല്ലെങ്കിൽ നിങ്ങളുടെ ജന്മം വ്യർത്ഥമല്ലേ? എന്തിനാ നിങ്ങൾക്കിങ്ങിനെയൊരു ജീവിതം? ഇതിനു മുൻപത്തെ യജമാനൻമാരും തോട്ടക്കാരും നിങ്ങൾക്ക് വേണ്ടുന്ന വെള്ളവും വളവും തന്നിട്ടില്ലെങ്കിൽ അതിന് ഞാൻ മാപ്പു ചോദിക്കുന്നു. ഇന്നിതാ ഞാൻ ഈ വെള്ളം തരുന്നു. (കമണ്ഡലുവിലെ വെള്ളം രണ്ടുപേരുടേയും കടക്കൽ കുറേശ്ശെ ഒഴിച്ചു). ഇനി മുതൽ നിങ്ങൾക്കുള്ള വെള്ളവും വളവും കൃത്യമായി തരാൻ ഞാൻ എ

ന്റെ തോട്ടക്കാരനോട് നിഷ്കർഷിക്കുന്നുണ്ട്. അതുകൊണ്ട് വൈകാതെ നിങ്ങൾ പൂത്തു കായ്ച്ച് ഫലങ്ങൾ ഞങ്ങൾക്കു തരണം. ഇനിയും നിങ്ങൾ നിങ്ങളുടെ ധർമ്മം നിർവഹിക്കാൻ തയ്യാറല്ലെങ്കിൽ നിങ്ങളെ രണ്ടുപേരേയും ഞാൻ വെട്ടികൂട്ടി കത്തിച്ച് കുഴിച്ചുമൂടും. (സാധാരണ പോലെ അല്പം കോപത്തോടെയാണിതു പറഞ്ഞത്. വീണ്ടും ചിരിച്ചുകൊണ്ട്) അങ്ങിനെയൊന്നും വേണ്ടി വരില്ലെന്നെനിക്കറിയാം. നിങ്ങൾ എന്റെ പുന്നാരകളല്ലേ.

ഇത്രയും പറഞ്ഞ് രണ്ട് ചെടികളെയും മനുഷ്യരെ കെട്ടിപ്പിടിക്കുന്നതു പോലെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. കമണ്ഡലുവിൽ ബാക്കിയുണ്ടായിരുന്ന വെള്ളവും അവർക്കു കൊടുത്തു. തിരിച്ച് പുരയിലെത്തി ഒരു മണിക്കൂറും കൂടി കഴിഞ്ഞേ പണിക്കാരും മറ്റും എത്തിയുള്ളു. അതുകൊണ്ട് അവർ എന്നെ ഭ്രാന്താശുപത്രിയിൽ എത്തിക്കുന്നതിൽ നിന്നും ഞാൻ രക്ഷപെട്ടു! ഈ സംഭവങ്ങളൊന്നും ഞാൻ മാനേജർ കെസ്സിയോടു പറഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് ഞാൻ എറണാകുളത്തേക്ക് തിരിച്ച് പോരുകയും ചെയ്തു.

ഒരാഴ്ച കഴിഞ്ഞപ്പോൾ കെസ്സി എന്നെ മൊബൈലിൽ വിളിച്ച് ആ രണ്ട് ഓറഞ്ച് ചെടികളും നിറയെ കാവടിപോലെ പൂത്തിരി ക്കയാണെന്ന് പറഞ്ഞു. എന്നാൽ മറ്റ് നാല് ഓറഞ്ച് ചെടികളും പൂത്തിട്ടില്ല. അതുകൊണ്ട് ഇത് ഋതുക്കളായി ബന്ധപ്പെട്ട ഒന്നുമല്ല.

കാലക്രമത്തിൽ അവ കായ്ച്ചു. ഒരു 100 കിലോ ഓറഞ്ചെങ്കിലും അവയിലുണ്ടായി. സാധാരണ കടകളിൽ കിട്ടുന്ന, തൊലിക്കും അല്ലികൾക്കും ഇടയിൽ ധാരാളം വായുവുള്ള തരം ഫലങ്ങളായിരുന്നില്ല അവ. ഒട്ടി നിൽക്കുന്ന തൊലി പൊളിച്ചാൽ കിട്ടുന്ന അല്ലികൾ പുളിയും മധുരവും ഒരുപോലെ ചേർന്ന് അത്യാസ്വാദ്യകരമായിരുന്നു.

എന്റെ ചോദ്യങ്ങൾ

ഈ അനുഭവം എന്നിലുണ്ടാക്കിയ വികാരവിജ്ഞാനത്തള്ളിച്ച വിവരിക്കാവതല്ല. എന്നിൽ പൊന്തി വന്ന ചോദ്യങ്ങളും, അറിവുകളും ഇവയാണ്.

1. മലയാളത്തിനു പകരം ആംഗലത്തിലോ ഹിന്ദിയിലോ പറഞ്ഞാൽ അവർക്കു മനസ്സിലാവുമായിരുന്നോ.
2. കേൾക്കാൻ നമ്മുടെ പോലെ ചെവികളില്ലാത്ത ഇവർ എങ്ങിനെ ഞാൻ പറഞ്ഞത് കേട്ടു?
3. കേട്ട കാര്യങ്ങൾ അവരെങ്ങിനെ കൃത്യമായി അർത്ഥം മനസ്സിലാക്കി. കുറച്ചു കൂടി തടിയോ പൊക്കമോ വക്കണമെന്നല്ല പൂത്തു കായ്ക്കണം എന്നാണ് ഞാൻ പറഞ്ഞതെന്നവർ മനസ്സിലാക്കി.
4. അങ്ങിനെയെങ്കിൽ, ശബ്ദത്തിൽ പറയുന്നതിനു പകരം, മനസ്സിൽ വിചാരിച്ചാലും അവർക്ക് മനസ്സിലാവുമായിരുന്നില്ലേ?.
5. ഈ പ്രായത്തിൽ ഇവർക്ക് ഞാൻ പറഞ്ഞത് മനസ്സിലാവുമെങ്കിൽ, കുരുവിൽ നിന്ന് മുള പുറത്തു വന്ന ഉടനെ പറഞ്ഞിരുന്നെങ്കിലും അവർക്ക് മനസ്സിലാവുമായിരുന്നില്ലേ? . ജീവനുള്ളതുകൊണ്ടാണല്ലോ അവർക്ക് മനസ്സിലായത്!
6. അടുക്കളയിൽ പാത്രങ്ങളിൽ നിറച്ചു വച്ചിരിക്കുന്ന കടലയോ പയറോ കുറച്ചെടുത്ത് വെള്ളം തളിച്ച് (വെള്ളം മാത്രം) വച്ചാൽ രണ്ടു ദിവസത്തിനകം അവയിൽ നിന്ന്, സംസാരിച്ചാൽ മനസ്സിലാവുന്ന മുളകൾ പുറത്തു വരുമെങ്കിൽ, വിത്തിനകത്തിരുന്നും അവർക്ക് മനസ്സിലാവില്ലേ.
7. മനസ്സിൽ വിചാരിച്ചാൽ മാത്രം മനസ്സിലാവുമെങ്കിൽ, ആ പാത്രത്തിനകത്തിരിക്കുന്ന കടലകൾക്കും പയറുകൾക്കും എന്റെ വിചാര വികാരങ്ങൾ മനസ്സിലാകുന്നില്ലേ!!

ഇവയായിരുന്നു എന്റെ ചോദ്യങ്ങൾ. ഇത് എന്നിൽ ചെറിയൊരു ഭയം തന്നെ ജനിപ്പിച്ചു. എന്റെ ചുറ്റും പാത്രങ്ങളിൽ, ഞാൻ വിചാരിക്കുന്നത് മനസ്സിലാവുന്ന ജീവികൾ.

ഇതെന്തു സയൻസ്

ഇതിലെ സയൻസെന്താണ്? ഇതിനെ എങ്ങിനെ സയന്റിഫിക് ആയി എക്സ്പ്ലെയിൻ ചെയ്യാം?കാരണം ഇന്ന് ഭാരതീയ ജ്ഞാനങ്ങളെല്ലാം പാശ്ചാത്യ ശാസ്ത്ര ത്തിന്റെ ടെസ്റ്റ് വിജയിച്ചു കടന്നാലല്ലേ വിശ്വസിക്കാവൂ! ഈ അനുഭവം ആവർത്തി ക്കാവുന്നതല്ല. ലോകത്തിൽ ഏതൊരു പൂക്കാത്ത ഓറഞ്ചിന്റെ മുൻപിലും ചെന്ന്, ഏതു കാലത്ത് പറഞ്ഞാലും (ഞാൻ ഋതു നോക്കിയല്ല ഇവരോട് പറഞ്ഞത്) ഇത് ആവർത്തിക്കാമെങ്കിൽ മാത്രമേ അത് പാശ്ചാത്യ സയൻസ് ആവൂ. ഇത് മറ്റൊരാൾക്ക് മറ്റൊരു ചെടിയോട് പരീക്ഷിക്കണമെങ്കിൽ, മാനസീകമായ ഭാവനയും വിശ്വാസവും വേണം. എന്റെ മനസ്സിലുള്ള ഗുരുവാണോ എന്നോട് ഇങ്ങിനെ ചെയ്യാൻ ആവശ്യപ്പെട്ടത്! അങ്ങിനെയെങ്കിൽ, സൂര്യനോടും ഇടിമിന്നലിനോടും മേഘങ്ങളോടും മഴയോടും മല

കളോടും സംസാരിക്കാം എന്ന് ഋഷിമാർ പറഞ്ഞിട്ടുണ്ടെങ്കിൽ, അതിനെ വെസ്റ്റേൺ സയൻസിനു വിഷയമാക്കുന്നതിനു പകരം ആ അന്തശ്ചോദന അനുസരിച്ചാൽ കിട്ടാവുന്നതല്ലേ ഈ അനുഭവം?

